2020
ഏപ്രിൽ, മെയ്
വാല്യം 13 | ലക്കം 4,5
Annual Subscription ₹ 60.00

വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN

ഈസ്റ്റർ ആഘോഷം

ഈസ്റ്റർ ദിനത്തിൽ ഉച്ചയ്ക്ക് 12 മണിക്ക് പരിശുദ്ധ പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനമനുസരിച്ച് നടത്തിയ ആഗോള പ്രാർത്ഥനാ ദിനാചരണം



ചാത്തൻതറ മതബോധന യൂണിറ്റ് നടത്തിയ
കോവിഡ് പോരാളികൾക്കുള്ള ആദരം

വിജയപുര ദൂതൻ

VIJAYAPURAM DIOCESAN BULLETIN

2020 APRIL, MAY Registered Newspaper, Reg.No. KERMAL/2008/24745 Vol.13 • No.4,5

Editorial Board

Editor
Rev.Fr. Job Kuzhivayalil
(Editor as defined by the Press & Registration of Books Act 1867)

Chief Editor
Msgr. Jose Navez M.A. Ph.D.
Mob: 9446119427

Associate Editor
Fr. Varghese Kottakkattu

Managing Editor
Fr. Joseph Cherukakramcheril
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

Editorial Board
Fr. Tom Jose B.A., B.Th.
Adv. Henry John
Mr. Thomas Williams
Sr. Jeanine CSST

Circulation Manager
Fr. Joseph Meenaikodath
Mob: 9496564652
9446864649

താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ: കോവിഡനന്തര പുതുയുഗത്തിലേക്ക്

6 രൂപതാകാര്യാലയത്തിൽ നിന്ന്

7 വിജയപുരം സന്ന്യസ്തസംഗമം

9 നിങ്ങൾ ഭയപ്പെടുന്നതെന്ത്? (സർക്കുലർ)

14 ഹോസാന (സർക്കുലർ)

18 പെസഹാ അന്ത്യ അത്താഴം (സർക്കുലർ)

25 വൈദികദിനം 2020 (സർക്കുലർ)

31 ദൈവമാതാവുമൊത്ത് (സർക്കുലർ)

36 അകലെയിരുന്നാണെങ്കിലും അരൂപിയിൽ (സർക്കുലർ)

40 മെയ്ദിന സന്ദേശം (സർക്കുലർ)

46 ദൈവവിളിയുടെ വചനങ്ങൾ (സർക്കുലർ)

51 ഒഴിഞ്ഞകല്ലറ സുവിശേഷമാകുമ്പോൾ

60 ഇടവകവാർത്തകൾ

64 മതബോധനരംഗം

65 വി.എസ്.എസ്.എസ്. വാർത്തകൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

കോവിഡനന്തര പുതുയുഗത്തിലേക്ക്

പെസഹാക്കാലത്തിന്റെ പൂർത്തീകരണമായ പെന്തക്കോസ്തു മഹോത്സവം ആഘോഷിച്ചുകൊണ്ട് സഭയുടെ വളർച്ചക്കാലമായ ആണ്ടുവട്ടത്തിലെ ആഴ്ചകളിലേക്ക് നാം മടങ്ങിവരികയാണ് മെയ് മാസം 31-ാം തീയതി. കൊറോണ വൈറസ് ബാധ വരുത്തിവച്ച വിനകളിൽ നിന്നും ഭീതിയിൽ നിന്നും ദുഃഖത്തിൽ നിന്നും വിമുക്തരായി, രോഗത്തിൽ നിന്നും മരണത്തിൽ നിന്നും നഷ്ടങ്ങളിൽ നിന്നും കഷ്ടതകളിൽ നിന്നും ഉത്ഥിതരായി, ഉത്ഥിതന്റെ ശക്തിയോടും ഉത്ഥിതനേകുന്ന ഉണർവോടും കൂടെ പുതുയുഗത്തിലേക്ക് മുന്നേറാൻ ഇത് അവസരമാകട്ടെ എന്ന് പ്രത്യാശിക്കുന്നു, പ്രാർത്ഥിക്കുന്നു.

തിരുസഭയുടെ ജന്മദിനമായ പെന്തക്കോസ്തക്കുശേഷം വരുന്ന മൂന്നു ഞായറാഴ്ചകളിൽ ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനവും ആധാരവുമായി നിലകൊള്ളുന്ന മൂന്നു പ്രധാനപ്പെട്ട കാര്യങ്ങളുടെ മഹോത്സവങ്ങളാണ് തിരുസഭ ആഘോഷിക്കുക. ജൂൺ മാസം ഒന്നാം ഞായറാഴ്ച (7-ാം തീയതി) നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാന രഹസ്യമായ പരിശുദ്ധ ത്രിത്വത്തിന്റെ മഹോത്സവവും, രണ്ടാം ഞായറാഴ്ച (14-ാം തീയതി) ക്രിസ്തുവിന്റെ പരമപരിശുദ്ധ ശരീരത്തിന്റെയും രക്തത്തിന്റെയും (പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ) മഹോത്സവവും മൂന്നാം ഞായറാഴ്ച (21-ാം തീയതി) യേശുവിന്റെ തിരുഹൃദയത്തിന്റെ മഹോത്സവവും തിരുസഭ കൊണ്ടാടുന്നു. (കൂടാതെ ജൂൺ മാസം മുഴുവനും തന്നെ യേശുവിന്റെ തിരുഹൃദയത്തിന്റെ സ്തുതിക്കായി പ്രതിഷ്ഠിതവുമാണല്ലോ?) അങ്ങനെ നമ്മുടെ വിശ്വാസത്തിന്റെയും അനുഷ്ഠാനങ്ങളുടെയും ബന്ധങ്ങളുടെയും ജീവിതരീതിയുടെയും അടിസ്ഥാനം യേശുവിലൂടെ വെളിപ്പെടുകയും പരിശുദ്ധാത്മാവിലൂടെ ചൊരിയപ്പെടുകയും ചെയ്യുന്ന ദൈവസ്നേഹമാണെന്ന് ഈ മഹോത്സവങ്ങൾ വിളംബരം ചെയ്യുന്നു. ദൈവം നമ്മേ സ്നേഹിക്കുന്നു എന്നു മാത്രമല്ല, അവിടുന്നു സ്നേഹം തന്നെയാണെന്ന് (1 യോഹ. 4: 8,16) ത്രിത്വത്തിന്റെ രഹസ്യം നമ്മെ പഠിപ്പിക്കുന്നു. സ്നേഹത്തിൽ മൂന്നു ഘടകങ്ങൾ ഉണ്ടല്ലോ. സ്നേഹിക്കുന്നവൻ (പിതാവ്), സ്നേഹിക്കപ്പെടുന്നവൻ (പുത്രൻ) അവരുടെ ഇടയിൽ ഒഴുകുന്ന സ്നേഹം (പരിശുദ്ധാത്മാവ്) പിതാവിൽ നിന്നും പുത്രനിൽ നിന്നും ഒഴുകുന്ന ആ സ്നേഹം അതേ പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്ക് നിർഗ്ഗളിക്കുന്നു എന്ന് റോമർ 5:5-ൽ പറയുന്നു. അങ്ങനെ നമ്മൾ പരിശുദ്ധാത്മാവിലൂടെ പിതാവിനോടു ചേർന്ന് സ്നേഹിക്കുന്നവരും പുത്രനോടു ചേർന്ന് സ്നേഹിക്കപ്പെടുന്നവരുമാകും. അതാണ് നമ്മുടെ എല്ലാ കുടുംബങ്ങളുടെയും കൂട്ടായ്മകളുടെയും ഉറവിടവും ഉറവയും മാതൃകയും അങ്ങനെ നമ്മുടെ ബന്ധങ്ങളുടെയെല്ലാം അടിസ്ഥാനവും മാതൃകയും ദൈവമാണെന്ന് ത്രിത്വര

ഹസ്യം നമ്മെ പഠിപ്പിക്കുന്നു. ദൈവമാകുന്ന സ്നേഹത്തിന്റെ അനുഭവവും ആഘോഷവുമാണ് പരിശുദ്ധ ദിവ്യബലി. അതിലൂടെ സ്വപുത്രനെ നമുക്കായി നൽകിയ പിതാവിന്റെ സ്നേഹവും (യോഹ 3:16), നമ്മോടുള്ള സ്നേഹത്തിന്റെ പാരമ്യത്തിൽ തന്റെ ജീവൻ പോലും നൽകി, തന്റെ ശരീരവും രക്തവും നമുക്കുപോഷണമായി നൽകിയ പുത്രന്റെ സ്നേഹവും പരിശുദ്ധാത്മാവിലൂടെ നാം അനുഭവിക്കുന്നു. അപ്പംപോലെ നാം അതു രുചിച്ചറിയുന്നു. നുണഞ്ഞിറക്കുന്ന ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ. അങ്ങനെ നാം അനുഭവിക്കുന്ന സ്നേഹം നമ്മുടെ ജീവിതപ്രമാണമായി മാറണം എന്നാണ് യേശുവിന്റെ തിരുഹൃദയം നമ്മെ പഠിപ്പിക്കുന്നത്. നമ്മെ ഉൾക്കൊള്ളാൻ വേണ്ടി നമ്മുടെ നേരെ തുറക്കപ്പെട്ട ആ ഹൃദയത്തിലൂടെ നമ്മിലേക്ക് നിർഗ്ഗളിക്കുന്ന ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയത്തിൽ നിറച്ച്, അവൻ നമ്മെ സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ (യോഹ. 13:34) നാം ശ്രദ്ധിക്കണമെന്ന പുതിയ നിയമം നമ്മെ പഠിപ്പിക്കുന്നു യേശുവിന്റെ തിരുഹൃദയം.

ദൈവസ്നേഹത്തെ വെളിപ്പെടുത്തുന്നവർ

കോവിഡ് 19 ലൂടെ വിഷമതയനുഭവിക്കുന്ന മനുഷ്യവർഗ്ഗത്തെ രക്ഷിക്കാനും, സൗഖ്യമാക്കാനും സംരക്ഷിക്കാനും പരിപാലിക്കാനും വഴി നടത്താനും വേണ്ടി തങ്ങളുടെ ജീവൻ പോലും തൃണവൽഗണിച്ച് ആത്മാർത്ഥതയോടെ, ആത്മസമർപ്പണത്തോടെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരിലും- ഡോക്ടർമാർ, നേഴ്സുമാർ, പൊതുപ്രവർത്തകർ, ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ, നേതാക്കന്മാർ, അധികാരികൾ, ഉറ്റവർ, മിത്രങ്ങൾ തുടങ്ങിയവർ-വെളിപ്പെടുന്നത് ദൈവത്തിന്റെ സ്നേഹമാണ്. അത് മനുഷ്യർക്ക് സൗഖ്യമേകുന്നു, സാന്ത്വനമേകുന്നു. സംരക്ഷണമേകുന്നു. പോഷണമേകുന്നു. അവരെയോർത്ത് നമുക്ക് നന്ദിപറയാം. അവർക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാം. അവർ നമുക്കെല്ലാം പ്രചോദനമാകട്ടെ.

പുതുജീവിതത്തിലേക്ക് കടന്നുവരാം.

ദൈവാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും ഒരുമിച്ചുകൂടി ബലിയർപ്പിക്കാനും ദൈവ വചനം ശ്രവിക്കാനും പ്രാർത്ഥിക്കാനും ശുശ്രൂഷിക്കാനും നമുക്കു സാധിച്ചില്ലെങ്കിലും ലോക്ഡൗൺ കാലം ഭവനങ്ങളെ ഗാർഹിക സഭയായി അനുഭവിക്കാനും പ്രാർത്ഥനയിലും സ്നേഹത്തിലും ശുശ്രൂഷകളിലും തീവ്രതയോടെ മുഴുകാനും നമുക്ക് അവസരമായി. കുടുംബങ്ങളെയും സമൂഹത്തെയും അലട്ടുന്ന മദ്യപാനാസക്തിയിൽ നിന്നും, വിരോധങ്ങളിൽ നിന്നും, ധൂർത്തിൽ നിന്നുമെല്ലാം വിമുക്തരാകാനും, കുടുംബങ്ങളിൽ സ്നേഹത്തോടും ഐക്യത്തോടും സമാധാനത്തോടും കൂടെ പെരുമാറാനും നമ്മെ അതു പഠിപ്പിച്ചു. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും തുറകളിലും നവീകരണവും പരിവർത്തനവും വരുത്തിക്കൊണ്ട് കോവിഡനന്തര യുഗത്തിലേക്ക് നമുക്കു കടന്നുവരാം. ദൈവത്തിനും, സ്നേഹത്തിനും, ജീവിതത്തിനും നിരക്കാത്തതെല്ലാം വിട്ടുകളയാനും, നിരക്കുന്നതെല്ലാം പുൽകുവാനും, പ്രാവർത്തികമാക്കാനും നമുക്കു പരിശ്രമിക്കാം. തന്റെ സ്നേഹത്താൽ നിറച്ച് ദൈവം നമ്മെ അനുഗ്രഹിക്കട്ടെ, ശക്തിപ്പെടുത്തട്ടെ.

പത്രാധിപർ

രൂപതാ കാര്യാലയത്തിൽ നിന്ന്

കൂരിയാ നിർദ്ദേശങ്ങൾ

1. അക്കൗണ്ടിങ്ങ് സുഗമമാക്കുന്നതിന്റെ ഭാഗമായി 2020 ഏപ്രിൽ 1 മുതൽ എല്ലാ മാസങ്ങളിലും ഓരോ മാസത്തെയും വരവ്-ചെലവുകളുടെ സ്റ്റേറ്റ്മെന്റും, കുർബാന അർപ്പണത്തിന്റെ സ്റ്റേറ്റ്മെന്റും അടുത്തമാസം 10-ാം തീയതിക്കു മുമ്പായി കൂരിയായിൽ ഏൽപ്പിക്കുക.
2. സ്റ്റൈപ്പന്റും അലവൻസും ഏപ്രിൽ 1 മുതൽ ബഹു. വൈദികർ പേഴ്സണൽ ബാങ്ക് അക്കൗണ്ട് വഴി മാത്രം സ്വീകരിക്കുക.
3. ഇടവകകളിൽ നിന്നും അലവൻസ് എടുക്കുന്ന വൈദികരും ഓരോ മാസത്തെയും സ്റ്റേറ്റ്മെന്റും, കുർബാന അർപ്പണത്തിന്റെ സ്റ്റേറ്റ്മെന്റും അടുത്തമാസം 10-ാം തീയതിക്കു മുൻപായി കൂരിയായിൽ എത്തിക്കേണ്ടതാണ്.

മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ
വികാരി ജനറാൾ

12 AA →12 AB രജിസ്ട്രേഷനിലേക്ക് മാറുന്നത് സംബന്ധിച്ചുള്ള അറിയിപ്പ്

2020 യൂണിയൻ ബഡ്ജറ്റ്പ്രകാരം 2020 ജൂൺ 1 മുതൽ 12AA രജിസ്ട്രേഷനുള്ള എല്ലാ സ്ഥാപനങ്ങളും 12 AB എന്ന പുതിയ രജിസ്ട്രേഷനിലേക്ക് മാറേണ്ടതായിട്ടുണ്ട്. ആയതിനാൽ 12AA ലഭിച്ച സ്ഥാപനങ്ങളും ടി രജിസ്ട്രേഷൻ ലഭിക്കാത്ത എല്ലാ സ്ഥാപനങ്ങളും 2020 ജൂൺ 1 മുതൽ 3 മാസത്തിനുള്ളിൽ 12 AB രജിസ്ട്രേഷനുവേണ്ട ക്രമീകരണങ്ങൾ ചെയ്യണം.

ഓഡിറ്റിംഗ് സുഗമമാക്കുവാൻ 2019 നവംബർ 27 ലെ പി.ടി.എം. മീറ്റിംഗിൽ ഓഡിറ്റർ നൽകിയ നിർദ്ദേശങ്ങൾ കർശനമായും പാലിക്കുക. ടി നിർദ്ദേശങ്ങളുടെ കോപ്പി നഷ്ടപ്പെട്ടിട്ടുള്ളവർ കൂരിയായെ സമീപിക്കുക.

ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ

മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്
വിജയപുരദൂതിന്റെ വരിസംഖ്യ അയയ്ക്കുമ്പോൾ അഡ്രസ്സും, ഫോൺനമ്പരും എഴുതുവാൻ ശ്രദ്ധിക്കുക.
സർക്കുലേഷൻ മാനേജർ : 9496564652

വിജയപുരം സന്യസ്തസംഗമം

വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടന്ന രൂപത സന്യസ്ത സംഗമം 'മാഞ്ഞി ഫിക്കാത്ത് 2020' ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ ഉദ്ഘാ ടനം ചെയ്യുന്നു.

സമൂഹത്തിന്റെയും സഭയുടെയും പുരോഗതിക്ക് അനിഷേധ്യമായ സംഭാവനകൾ നൽകുന്ന ശക്തിസ്രോതസ്സാണ് സന്യസ്തസമൂഹങ്ങ ളെന്ന് വിജയപുരം ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പ്രസ്താവിച്ചു. രൂപതയുടെ സന്യസ്ത സംഗമം- 'മാഞ്ഞിഫിക്കാത്ത് 2020' കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്പ്. വിശേഷപ്പെട്ടവയെന്നു കരുതുന്നവ ത്യജിച്ച് ലോകത്തിന്റെ ആകർഷണങ്ങൾക്കു വശംവദരാകാതെ ലോക ത്തിനു തന്നെ ഉദാത്ത മാതൃക നൽകുന്നവരാണ് അവർ. സമൂഹത്തിനും നമുക്കും ഊടുംപാവും നെയ്യുവാനായി സ്വന്ത ജീവിതവും ജീവിത സൗകര്യങ്ങളും ത്യജിച്ച് ഭൂമിയിൽ ദൈവരാജ്യം പടുത്തുയർത്തുവാൻ ആഴമേറിയ ആനന്ദാനുഭവം ഉള്ളിൽ പേറിയ പരിശുദ്ധ അമ്മയെപ്പോലെ സമൃദ്ധമായ ജീവന്റെയും കവിഞ്ഞൊഴുകുന്ന ആനന്ദത്തിന്റെയും സാന്നിദ്ധ്യമാകുവാൻ സന്യസത്യർ വിളിക്കപ്പെട്ടിരിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിലാണെങ്കിലും ഒരേ ലക്ഷ്യത്തിനുവേണ്ടി ഒരേ ആത്മാവോടും ഒരേ ചൈതന്യത്തോടും കൂടി സന്യസ്തർ പ്രവർത്തി ക്കേണ്ടതിന്റെ ആവശ്യകതയും പിതാവ് ചൂണ്ടിക്കാട്ടി

വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷനായി രുന്ന സംഗമത്തിൽ ആർപ്പൂക്കര നവജീവൻ പി.യു തോമസ് മുഖ്യാ തിഥി ആയിരുന്നു. സന്യസ്തരിലൂടെയും വൈദികരിലൂടെയുമാണ് ദൈവത്തെ കാണുകയും സ്വയം ശക്തിപ്പെടുകയും ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. സന്യസ്തർക്കു വേണ്ടിയുള്ള രൂപതാ എപ്പിസ്ക്കോ പ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ ആമുഖ സന്ദേശം

നൽകി. കെ.ആർ.എൽ.സി.ബി.സി. സന്യസ്ത കമ്മീഷൻ സെക്രട്ടറി റവ.ഫാ. റോബിൻ, "ആധുനിക പ്രതിസന്ധികളിൽ ഭയപ്പെടാതെ ആത്മ ബോധത്തോടെ ജീവിക്കാൻ" എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. ഈ വർഷത്തെ പെസഹാദിനം നവജീവൻ അന്തേവാസികൾക്ക് ഭക്ഷണം നൽകി അവരോടൊപ്പമായിരിക്കാനും സന്യസ്തസംഗമം തീരുമാനിച്ചു. ഫാ. ബേസിൽ പാദുവ ഒ.സി.ഡി., ഫാ. ജോസ് പറപ്പള്ളിൽ MSFS, CFIC പ്രൊവിൻഷ്യാൾ ഫാ. ജോസ് മാത്യു, സി.റ്റി.സി. പ്രൊവിൻഷ്യാൾ മദർ സിയെന്ന, ഡി.ഐ.എച്ച്. മദർ ജനറാൾ സിസ്റ്റർ മേരി ഇസിദോർ എന്നിവർ പ്രസംഗിച്ചു. പുതിയ കോ-ഓർഡിനേറ്റർമാരായി റവ.ഫാ. സജി കുന്നപ്പള്ളി ഒ.എസ്.ജെ., റവ.സി.നിഖില സി.എസ്.എസ്.റ്റി., റവ. സി.ജയിൻ സി.റ്റി.സി., റവ.സി. ഹെലൻ ഡി.ഐ.എച്ച്. എന്നിവരെ യോഗം തെരഞ്ഞെടുത്തു.

കെ.എൽ.സി.എ പോലീസിനൊപ്പം ഒരുദിനം.

കോവിഡ് 19 പ്രതിരോധയജ്ഞപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ചിങ്ങവനം സ്റ്റേഷനിലെ പോലീസുദ്യോഗസ്ഥരോടൊപ്പം കെ എൽ സി എ വിജയപുരം രൂപതാസമിതിയും പാക്കിൽ സെൻറ് തെരേസാസ് കെ എൽ സി എ യൂണിറ്റും ഒരു ദിവസത്തെ ഭക്ഷണ സാമഗ്രികളുമായി പങ്കുചേർന്നു. യൂണിറ്റ് ഡയറക്ടർ ഫാ. ജോബ് കുഴിവയലിൽ, സർക്കിൾ ഇൻസ്പെക്ടർ ശ്രീ ബിൻസ് ജോസഫ് എന്നിവർ ചേർന്ന് പരിപാടി ഉത്ഘാടനം ചെയ്തു. സബ് ഇൻസ്പെക്ടർ ശ്രീ ടോം മാത്യു, കെ എൽ സി എ സംസ്ഥാന ഖജാൻജി എബി കുന്നേപ്പറമ്പിൽ രൂപത പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ കൊച്ചുതോപ്പിൽ രൂപത ജനറൽ സെക്രട്ടറി ഷിജോ ബാബു പുളിമൂട്ടിൽ, സജി കൊച്ചുവീട്ടിൽ, വിൻസെൻറ് കണ്ണമാലി തുടങ്ങിയവർ പങ്കെടുത്തു.

Diocese of Vijayapuram

CIRCULAR LETTER

VOL. XIV • NO. 02 • 2020 • MARCH 2020

'നിങ്ങൾ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക് വിശ്വാസമില്ലേ?'

(മർക്കോ. 4/40)

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

കോവിഡ് 19 എന്ന പകർച്ചവ്യാധി ലോകമെങ്ങും അതിവേഗം വ്യാപിക്കുന്ന ഈ പശ്ചാത്തലത്തിൽ വിശ്വാസികളായ നമ്മൾ യാതൊരു കാരണവശാലും ഭയപ്പെടേണ്ടതില്ല. കൊടുങ്കാറ്റിലകപ്പെട്ട് വള്ളം തകരുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്യുമെന്ന ഭീതിയിൽ നഷ്ടധൈര്യരായ ശിഷ്യന്മാർ തങ്ങളുടെ കൂടെയുള്ളവൻ എല്ലാറ്റിനെയും നിയന്ത്രിക്കാൻ കഴിവുള്ളവനാണെന്ന യാഥാർത്ഥ്യം ഒരു നിമിഷം മറന്നുപോയി. യേശുനാഥൻ എപ്പോഴും എല്ലായിടത്തും നമ്മോടുകൂടെയുണ്ട് എന്ന വിശ്വാസം നമ്മെ ധൈര്യപ്പെടുത്തും. അവിടുന്ന് നമുക്ക് ഉറപ്പേകുന്നു. "ധൈര്യമായിരിക്കുവിൻ ഭയപ്പെടേണ്ട" (മത്താ. 14/27). ദൈവത്തെ വിസ്മരിച്ചുകൊണ്ട് യാതൊന്നും ചെയ്യുവാൻ ഇടവരാതെ നാം സദാ ജാഗരൂകരായിരിക്കണം. നമുക്ക് സോളമനോടൊത്തു പ്രാർത്ഥിക്കാം. "നാട്ടിൽ ക്ഷാമമുണ്ടാവുകയോ, വസന്ത, കതിർവാട്ടം, പൂപ്പൽ, വെട്ടുക്കിളി, കീടം എന്നിവകൊണ്ട് വിളവു നശിക്കുകയോ ശത്രുക്കൾ നഗരം വളഞ്ഞ് അങ്ങയുടെ ജനത്തെ ആക്രമിക്കുകയോ ചെയ്യുമ്പോൾ, വ്യക്തികളോ ജനം മുഴുവനുമോ വ്യഥയാൽ ഈ ഭവനത്തിനു നേരെ കൈനീട്ടി പ്രാർത്ഥിച്ചാൽ അങ്ങു സ്വർഗ്ഗത്തിൽ നിന്ന് അതു ശ്രവിക്കുകയും അവരോടു ക്ഷമിക്കുകയും ചെയ്യണമേ" (1 രാജ 8 /37-38).

കർത്താവിന്റെ കല്പനകൾ നിരസിച്ച് ബാൽദേവന്മാരെ സേവിച്ച ആഹാബിനെയും പ്രവാചകന്മാരെയും കാർമ്മൽ മലയിൽ വച്ച് തോല്പിച്ച ഏലിയ പ്രവാചകന്റെ പ്രാർത്ഥന നമുക്കു ശക്തി നൽകട്ടെ: "അബ്രഹാമിന്റെയും ഇസഹാക്കിന്റെയും ഇസ്രായേലിന്റെയും ദൈവമായ കർത്താവേ, അങ്ങ് ഇസ്രായേലിന്റെ ദൈവമാണെന്നും ഞാൻ അങ്ങയുടെ ദാസനാണെന്നും അങ്ങയുടെ കൽപനയനുസരിച്ചാണ് ഞാൻ ഇതു ചെയ്തതെന്നും അങ്ങ് ഇന്നു വെളിപ്പെടുത്തണമേ. കർത്താവേ എന്റെ പ്രാർത്ഥന കേൾക്കണമേ. അങ്ങു മാത്രമാണ് ദൈവമെന്നും അങ്ങ് ഇവരുടെ ഹൃദയങ്ങളെ തിരിച്ചു വിളിക്കുന്നെന്നും അവർ അറിയുന്നതിന് എന്റെ പ്രാർത്ഥന

കേൾക്കണമേ." (1 രാജ 18/36-38).

സങ്കീർത്തകന്റെ ചൈതന്യത്തോടെ നമുക്കു പ്രാർത്ഥിക്കാം. "കർത്താവേ, ഞാൻ ഉച്ചത്തിൽ വിളിച്ചപേക്ഷിക്കുമ്പോൾ അവിടുന്നു കേൾക്കണമേ. കാരുണ്യപൂർവ്വം എനിക്ക് ഉത്തരമരുളണമേ. എന്റെ മുഖം തേടുവിൻ എന്ന് അവിടുന്നു കൽപ്പിച്ചു. കർത്താവേ, അങ്ങയുടെ മുഖം ഞാൻ തേടുന്നു എന്ന് എന്റെ ഹൃദയം അങ്ങയോടു മന്ത്രിക്കുന്നു. അങ്ങയുടെ മുഖം എന്നിൽ നിന്നു മറച്ചു വയ്ക്കരുതേ. എന്റെ സഹായകനായ ദൈവമേ, അങ്ങയുടെ ദാസനെ കോപത്തോടെ തള്ളിക്കളയരുതേ, എന്റെ രക്ഷകനായ ദൈവമേ എന്നെ തിരസ്ക്കരിക്കരുതേ. (സങ്കീ. 27/7-9)".

നമ്മുടെ കർത്താവിന്റെ വാഗ്ദാനത്തിൽ നൂറുശതമാനം ഉറച്ചു വിശ്വസിച്ചുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം. "ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും, അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറന്നു കിട്ടുകയും ചെയ്യുന്നു. മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നൽകും." (മത്താ. 7/7-11).

"ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം, ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം" (2 കോറി 6/2)

വിഭൂതി ബുധനാഴ്ച തപസ്സിന്റെ ആരംഭം കുറിച്ചപ്പോൾ നമ്മുടെ വിചിന്തനത്തിനായി ലഭിച്ച പൗലോസിന്റെ വചനമാണ് മേലുദ്ധരിച്ചത്. ദൈവത്തെ ഓർക്കുവാനും നമ്മുടെ ആദ്ധ്യാത്മികാവസ്ഥയെക്കുറിച്ചു വിലയിരുത്തുവാനും ചെയ്തുപോയ പാപങ്ങളെക്കുറിച്ച് ആത്മാർത്ഥമായി പശ്ചാത്തപിക്കുവാനും പരിഹാരപ്രവർത്തികൾ ചെയ്യുന്നതിനും ദാനധർമ്മങ്ങൾ നടത്തുന്നതിനുമുള്ള ഉചിതമായ സമയം, ദൈവത്തിനു സ്വീകാര്യ ദിവസങ്ങൾ, ഇനിയുമുള്ള തപസുകാലദിനങ്ങൾ ദൈവത്തോടു കൂടുതൽ അടുക്കുവാനും ദൈവത്തിന്റെ സ്വന്തമാകുവാനും നമുക്ക് പരിശ്രമിക്കാം.

കോവിഡ് 19 പകർച്ചവ്യാധിയെ നമുക്ക് ഒത്തൊരുമിച്ച് കീഴ്പ്പെടുത്താം. ഈ രോഗം പകരുന്നത് കൂടുതലായും മനുഷ്യർ തമ്മിലുള്ള സമ്പർക്കത്തിലും സാമീപ്യത്തിലും സംഭാഷണങ്ങളിലൂടെയുമാണ് എന്ന് പ്രത്യേകത നാം മനസ്സിലാക്കണം. അതുകൊണ്ടാണ് മനുഷ്യർ തമ്മിൽ കൂടുതൽ ഇടപഴകുവാനുള്ള അവസരങ്ങൾ കഴിവതും ഒഴിവാക്കണമെന്ന് നിർബന്ധിക്കുന്നത്. തപസുകാലത്താണ് വിശ്വാസികൾ ധാരാളമായി ഭക്തകാര്യങ്ങളിൽ, വിശേഷിച്ച് ദിവ്യബലികളിലും ധ്യാനങ്ങളിലും പങ്കുചേരുന്നത്. എന്നാൽ വിവിധ രാജ്യങ്ങളിൽ ആരാധന ശുശ്രൂഷകൾക്ക് വിലക്കേർപ്പെടുത്തുന്ന വാർത്തകൾ നമ്മെ വേദനിപ്പിക്കുന്നു. ... മാനവരാശിയുടെ നിലനില്പിനായി ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ പ്രേരിതരാവുകയാണ്. നമ്മുടെ രൂപതയിലും ആളുകൾ കൂട്ടം കൂട്ടമായി പങ്കെടുക്കേണ്ട ആരാധന ശുശ്രൂഷകൾ, ധ്യാനങ്ങൾ, ഊട്ടുനേർച്ചകൾ, മതാദ്ധ്യായനം തുടങ്ങിയവ നിരുത്സാഹപ്പെടുത്തേണ്ടതാണ്. വിശുദ്ധ

വാരത്തിലെ തിരുക്കർമ്മങ്ങളും തക്കതായ മുൻകരുതലോടെയാവണം നടത്തേണ്ടത്.

വിശ്വാസികളുടെ ആദ്ധ്യാത്മികാവകാശങ്ങൾ

ദൈവാലയത്തിൽ വന്നു പ്രാർത്ഥിക്കുക, പാപമോചനം പ്രാപിക്കുക, ദിവ്യകാരുണ്യം ഉൾക്കൊള്ളുക, രോഗീലേപനം ലഭിക്കുക തുടങ്ങിയ അവകാശങ്ങൾ യാതൊരു കാരണവശാലും നിഷേധിക്കാനാവുകയില്ല. എന്നാൽ ഈ പകർച്ചവ്യാധിയിലകപ്പെടാതിരിക്കുവാനുള്ള മുൻകരുതലുകൾ (Face Mask ധരിക്കുക, വ്യക്തികൾ തമ്മിൽ നിശ്ചിത അകലം കാക്കുക) കൃത്യമായും ഉറപ്പുവരുത്തേണ്ടതാണ്. ദൃശ്യമാദ്ധ്യമങ്ങളിലൂടെ ദിവ്യബലിയിലും ധ്യാനത്തിലും പങ്കെടുക്കുവാനുള്ള അവസരം ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. കുട്ടികൾക്ക് ഭവനങ്ങളിലിരുന്നു വേദപാഠം പഠിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്. കിടപ്പുരോഗികൾക്കും വൃദ്ധർക്കും ഏകാന്തവാസക്കാർക്കും ശ്രദ്ധയും കരുതലും ഉറപ്പുവരുത്തുക എന്നത് നമ്മുടെ ക്രിസ്തീയമായ ധർമമാണെന്ന മനോഭാവത്തോടെ ഏറ്റെടുക്കുവാൻ അജപാലകരും സന്യസ്തരും അല്മായ ശുശ്രൂഷകരും സന്മനസ്സു കാട്ടണം.

രോഗപരിചരണത്തിലേർപ്പെടുന്നവരോടുള്ള ഐക്യദാർഢ്യം

അനേക ഡോക്ടർമാരും നേഴ്സുമാരും ആസ്പത്രി ജീവനക്കാരും താല്പരരായി പ്രവർത്തിക്കുന്നതുകൊണ്ടാണ് നമ്മുടെ നാട്ടിൽ ഈ പകർച്ചവ്യാധിയുടെ വ്യാപനം നിയന്ത്രണവിധേയമാക്കുവാൻ കഴിയുന്നത് എന്ന യാഥാർത്ഥ്യം നാം ഓർക്കണം. സ്വന്തം സുഖങ്ങളും താല്പര്യങ്ങളും അവഗണിച്ചുകൊണ്ട് ശുശ്രൂഷാപ്രതിരോധരംഗത്തു പ്രവർത്തിക്കുന്നവർക്കു വേണ്ടി നാം നിരന്തരം പ്രാർത്ഥിക്കണം. നമ്മുടെ സർക്കാരും വിശിഷ്യാ ആരോഗ്യവകുപ്പും പ്രാദേശിക ഭരണ സംവിധാനങ്ങളുമെല്ലാം സജീവമായി രംഗത്തുള്ളതായി നാം മനസ്സിലാക്കുന്നു. അവരുടെ നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും ഏവരും പാലിക്കണമെന്ന് താല്പര്യപ്പെടുന്നു. രോഗനിവാരണപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും ആവശ്യമുള്ളവർക്ക് അതിവേഗം സഹായമെത്തിക്കുന്നതിനും നമ്മുടെ യുവജനങ്ങളും സന്നദ്ധസംഘടനകളും ശ്രദ്ധചെലുത്തണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

പകർച്ചവ്യാധി അകറ്റാനുള്ള പ്രത്യേക പ്രാർത്ഥന നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യസ്ത കപ്പേളകളിലും വിശുദ്ധവാരം വരെ എല്ലാ ദിവസവും വൈകിട്ട് 7 മണി മുതൽ 8 മണി വരെ ദിവ്യകാരുണ്യം എഴുന്നള്ളിച്ച് വയ്ക്കണം. ഈ സമയം വിശ്വാസികൾ ഭവനങ്ങളിലിരുന്നു ആരാധിച്ചു പ്രാർത്ഥിക്കണമെന്നു താല്പര്യപ്പെടുന്നു.

രോഗികളോടും നിരീക്ഷണത്തിലായവരോടുമുള്ള സമീപനം

വിദേശത്തു പഠിക്കാനോ ജോലിക്കോ പോയവരിലാണ് ഈ രോഗത്തിന്റെ ലക്ഷണങ്ങൾ ആദ്യമായി കണ്ടെത്തിയത്. അവരുടെ വ്യക്തിപരമായ എന്തെങ്കിലും സ്വഭാവദൂഷ്യംകൊണ്ട് കിട്ടിയ ഒരു രോഗവുമല്ല. സ്വന്തം

നാട്ടിലേക്കു മടങ്ങിവരികയെന്നത് അവരുടെ അവകാശവുമാണ്. ഈ രോഗത്തിന് വിധേയരായവരേയോ, നിരീക്ഷണത്തിലായവരെയോ യാതൊരു കാരണവശാലും കുറ്റവാളികളെപോലെ കാണരുത്. അവരോട് കരുണയും അനുകമ്പയുമാണ് നാം കാട്ടേണ്ടത്. മനുഷ്യ സമ്പർക്കത്തിലൂടെ പകരുന്ന ഒരു രോഗമായതുമൂലം ഇതിന്റെ വ്യാപനം ത്വരിതഗതിയിലാണ് എന്നത് സത്യമാണ്. എന്നാൽ മരണശതമാനം മുമ്പുണ്ടായ മറ്റുപല പകർച്ചവ്യാധികളെക്കാൾ കുറവാണെന്നാണ് അനുമാനിക്കപ്പെടുന്നത്. ആയതിനാൽ ഭയാക്രാന്തരാവാതെ ശരിയായ മുൻകരുതലെടുത്ത് ഇതിനെ കീഴ്പ്പെടുത്തുവാനാണ് നാം ശ്രമിക്കേണ്ടത്.

പ്രത്യാശയോടെ തീവ്രമായി പ്രാർത്ഥിക്കാം.

നോമ്പുകാലത്ത് നാം ഒന്നുചേർന്ന് പൊതുശുശ്രൂഷകളിൽ പങ്കെടുക്കുമെങ്കിലും നാം ഓരോരുത്തരും സ്വയം നിയന്ത്രണവിധേയമാകുവാൻ സന്നദ്ധരാവുകയാണല്ലോ. നമുക്കോരോരുത്തർക്കും വ്യക്തിപരമായി വിശുദ്ധി നേടുന്നതിനുള്ള അവസരം ഫലപ്രദമായി വിനിയോഗിക്കാം. നമ്മുടെ സർവ്വവിധ വ്യാപാരങ്ങളെയും നിയന്ത്രിച്ചും നിഗ്രഹിച്ചും ദൈവത്തിൽ കേന്ദ്രീകരിച്ചു ചിലവഴിക്കുമ്പോഴാണ് യഥാർത്ഥ ദൈവികാനുഭൂതി ലഭ്യമാകുന്നത്. ഈശോ നമ്മെ പഠിപ്പിക്കുന്നത്, "നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന് കതകടച്ച് നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നല്കും." (മത്താ 6/6). പ്രാർത്ഥനയോടൊപ്പം ഉപവാസവും ദാനധർമ്മവും കൂടിച്ചേരുമ്പോഴാണ് സകലവിധ വ്യാധികളെയും ഒഴുപ്പിക്കാനുള്ള ശക്തി നമുക്കു ലഭിക്കുന്നത്. ദൈവത്തിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ട് ലോകത്തെ ഭീതിയിലാഴ്ത്തുന്ന പകർച്ചവ്യാധിക്കെതിരായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തനസജ്ജമാകാം. കർത്താവിന്റെ പീഡാസഹനങ്ങളിൽ ഭാഗഭാക്കായിക്കൊണ്ട് ഉത്ഥാനത്തിനായി പ്രത്യാശയോടെ കാത്തിരിക്കാം.

ഇത്തരുണത്തിൽ പ. ഫ്രാൻസിസ് പാപ്പ പരിശുദ്ധ അമ്മയുടെ സന്നിധിയിൽ അർപ്പിച്ച പ്രാർത്ഥന നമുക്ക് കൂടെക്കൂടെ ഉരുവിടാം.

പരി. അമ്മയോടുള്ള പ്രാർത്ഥന

ഓ, പരിശുദ്ധ കന്യകാ നാഥേ,

ഞങ്ങളുടെ ജീവിതവഴികളിൽ രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായി അങ്ങു തിളങ്ങുന്നുവല്ലോ.

ഞങ്ങൾ അങ്ങയിൽ അഭയം തേടുന്നു.

രോഗികൾക്ക് ആരോഗ്യമായ അമ്മേ, കുരിശിൻ ചുവട്ടിൽ വിശ്വാസത്തോടെ ഉറച്ചുനിന്നുകൊണ്ട് അങ്ങ് യേശുവിന്റെ പീഡകളിൽ പതറാതെ പങ്കുചേർന്നുവല്ലോ.

സകലർക്കും രക്ഷയായ അമ്മേ, ഞങ്ങളുടെ ആവശ്യങ്ങൾ അങ്ങ് അറിയുന്നുവല്ലോ.

കാനായിലെ കല്യാണവിരുന്നിലെന്നപോലെ പ്രതിസന്ധിയുടെ ഈ

ഘട്ടം തരണം ചെയ്യുവാൻ ഞങ്ങളെ സഹായിക്കുകയും അങ്ങു ഞങ്ങളുടെ ആനന്ദകാരണമാവുകയും ചെയ്യണമേ.

ദൈവസ്നേഹത്തിന്റെ അമ്മേ, ഞങ്ങളുടെ വേദനകൾ സ്വയം ഏറ്റെടുത്ത് കുരിശിലൂടെ ഞങ്ങളെ പുനരുത്ഥാനത്തിലേക്കു നയിച്ച അങ്ങേ ദിവ്യസുതനായ യേശു ആജ്ഞാപിക്കുന്നതുപോലെ

പ്രവർത്തിക്കുവാനും അവിടുത്തെപ്പോലെ പിതൃഹിതത്തോടു സാരൂപ്യപ്പെടുവാനും അങ്ങ് ഞങ്ങളെ സഹായിക്കണമേ.

ഓ പരിശുദ്ധ ദൈവമാതാവേ, അങ്ങേ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു.

ജീവിത പ്രതിസന്ധിയിൽ ഉഴലുന്ന ഞങ്ങളെ കൈവെടിയരുതേ.

ഓ മഹത്വപൂർണ്ണമായ കന്യകാ മറിയമേ, എല്ലാ അപകടങ്ങളിൽ നിന്നു ഞങ്ങളെ കാത്തുകൊള്ളണമേ.

ആമ്മേൻ.

(പ. ഫ്രാൻസിസ് പാപ്പാ
മലയാള വിവർത്തനം. ഫാ. വില്യം നെല്ലിക്കൽ)

നോമ്പുകാലത്തിന്റെ പുണ്യങ്ങൾ നിങ്ങൾക്കേവർക്കും ഒരിക്കൽക്കൂടി ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെവരേയും ആശീർവദിച്ചുകൊള്ളുന്നു.

കോട്ടയം
17-03-2020

† സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
വിജയപുരം മെത്രാൻ

ദൈവാലയ കവാടങ്ങളിൽ എഴുതി വയ്ക്കുന്നതിനായി

- ദിവ്യകാരുണ്യം കരങ്ങളിൽ സ്വീകരിക്കുക.
- വിശ്വാസികൾ മറ്റുള്ളവരുമായി സമ്പർക്കം പുലർത്തുമ്പോഴും കുമ്പസാരിക്കുമ്പോഴും മാസ്ക് ധരിക്കുക.
- ആരാധന സമയത്ത് നിശ്ചിത അകലം പാലിച്ച് നിൽക്കുവാൻ ശ്രമിക്കണം.
- തിരുസ്വരൂപങ്ങൾ സ്പർശിച്ചോ, ചുംബിച്ചോ ഉള്ള വണക്കം ഒഴിവാക്കുക.
- ഹസ്തദാനം ചെയ്യാതിരിക്കുക.
- തുമ്മുകയോ ചുമക്കുകയോ ചെയ്യുമ്പോൾ തൂവാല കൊണ്ട് മൂക്കും വായും മറയ്ക്കുക.
- ഏകാന്തമായി പ്രാർത്ഥിക്കുന്നതിന് മുഖ്യ പരിഗണന നല്കുക.
- യാതൊരു കാരണവശാലും മറ്റുള്ളവർക്ക് അസ്വസ്ഥത സൃഷ്ടിക്കാതിരിക്കുവാൻ സൂക്ഷിക്കുക.

Diocese of Vijayapuram
CIRCULAR LETTER
VOL. XIV • NO. 03 • 2020 • APRIL 2020

ഹോസാന

ഞങ്ങൾ അപേക്ഷിക്കുന്നു ഞങ്ങളെ രക്ഷിക്കണമേ

വന്ദ്യവൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയമക്കളേ,

കോവിഡ് 19 എന്ന പകർച്ചവ്യാധിയുടെ മുമ്പിൽ ലോകം പകച്ചു നിൽക്കുന്ന ഈ പശ്ചാത്തലത്തിൽ വിശ്വാസികൾ ഏവർക്കും പ്രത്യാശയോടെ ആലപിക്കാവുന്ന സങ്കീർത്തനം, കർത്താവേ ഞങ്ങളെ രക്ഷിക്കണമേ, കർത്താവേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, ഞങ്ങൾക്ക് വിജയം നൽകണമേ (സങ്കീ.118, 25). നാം അതീവതാൽപര്യത്തോടും ഒരുക്കത്തോടും കാത്തിരുന്ന വിശുദ്ധവാരം സമീപിച്ചിരിക്കുകയാണല്ലോ. നമ്മുടെ മനസിനും ഹൃദയത്തിനും കുളിർമയും ആനന്ദവും പകരുന്ന ഒരുഗൃഹാതുരത്വത്തിന്റെ അനുഭവത്തിലേക്ക് സ്വാഗതംചെയ്യുന്ന കുരുത്തോലതിരുനാൾ - കർത്താവിന്റെ സാഘോഷമായ ജറുസലേം പ്രവേശനം.

ആശീർവ്വദിക്കപ്പെട്ട കുരുത്തോലകൾ ഉയർത്തിപ്പിടിച്ച് ദൈവാലയത്തിലേക്കുള്ളപ്രദക്ഷിണം, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ, ദാവീദിൻ സുതനോശാന എന്ന് ഗായകസംഘത്തോടൊപ്പം ആലാപനം, മൂന്നുപേരുടെ നേതൃത്വത്തിൽ നമ്മുടെ കർത്താവിന്റെ പീഡാസഹന വായന എല്ലാം നമ്മുടെ തപസ്സാചരണത്തിന്റെ ഉച്ചകോടിയിലെത്തുന്ന തിരുകർമ്മങ്ങളായിരുന്നു. അതെല്ലാം വെറും ഓർമ്മകൾ മാത്രമോ എന്ന ചിന്ത ചിലർക്കെങ്കിലും ഉൾക്കൊള്ളുവാൻ കഴിയുകയില്ലയെന്നത് പരമാർത്ഥമാണ്. ആണ്ടു കുമ്പസാരം നടത്തുന്നതിനോ, ധ്യാനത്തിൽ പങ്കെടുക്കുന്നതിനോ, കുരിശിന്റെ വഴിയിലൂടെയാത്ര ചെയ്യുന്നതിനോ ഒന്നും സാദ്ധ്യമാകാത്ത അവസ്ഥ! എന്നാൽ ഭയപ്പെടരുത്. ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല. എല്ലാം നന്മയ്ക്കായി എന്ന് കരുതുവാൻ ഏവർക്കും കഴിയട്ടെ. ഇതുവരെയുള്ള നോമ്പാചരണം അതിനുള്ളശക്തി നമുക്കു പ്രദാനം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.പ്രാർത്ഥനകളും ഉപവാസവും സ്നേഹപ്രവർത്തികളും തീവ്രമായി തുടരണമേയെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

യേശുവിന്റെ ജറുസലേം പ്രവേശനം

പീഡകൾസഹിച്ച്മരിച്ച്ഉത്ഥാനം ചെയ്യുക എന്ന രക്ഷാകരപദ്ധതിയുടെ സാക്ഷാത്കാരത്തിനാണ് യേശുനാഥൻ ആഘോഷപൂർവ്വംജറുസലേമിൽ പ്രവേശിക്കുവാൻ തീരുമാനിക്കുന്നത് (മത്തായി 16,21). ഈ ആരാധനക്രമ വർഷത്തിൽ (A) കുരുത്തോല ആശിർവാദത്തിനുശേഷം വായിക്കപ്പെടുന്ന സുവിശേഷംമത്തായിയുടെ 21-ാംഅദ്ധ്യായം 1 മുതൽ 11 വരെയുള്ളവാക്യങ്ങളാണ്. പഴയനിയമത്തിലെ രണ്ടു പ്രവചനങ്ങളുടെ പൂർത്തീകരണമായി ഈ മഹാസംഭവത്തെ കാണാവുന്നതാണ്. സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്കുവരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു. (സഖറിയാ 9,9; ഏശയ്യ 62,11).

പഴയനിയമത്തിൽ തിരുനാളാഘോഷങ്ങളോടൊപ്പമുള്ള പ്രദക്ഷിണങ്ങളിൽ ജനം മരച്ചില്ലകൾ ഉയർത്തിപ്പിടിക്കുമായിരുന്നു. പ്രധാനമായും കൂടാരത്തിരുനാളുകളിലും (ലേവ്യ 23,39-40) ദൈവാലയത്തിന്റെ പുനർസമർപ്പണവേളകളിലുമായിരുന്നു (2 മക്ക 10,5-8). കൂടാരത്തിരുന്നാൾ എഴുദിവസങ്ങളിലായിട്ടാണ് ആഘോഷിച്ചിരുന്നത്. ആദ്യത്തെ ആറുദിവസവും പുരോഹിതൻ സങ്കീർത്തനം 118, 25 ഓരോ പ്രാവശ്യം ഉരുവിടുമായിരുന്നു. ഏഴാം ദിവസം അൾത്താരചുറ്റുന്ന പുരോഹിതൻ ഏഴുപ്രാവശ്യം ഹോസാന പാടുമ്പോൾ ജനം മരച്ചില്ലകൾ വീശിയിരുന്നു. (ബൈബിൾ നിഘണ്ടു). പിന്നീടാണ് തീർത്ഥാടകർ തിരുനാളിൽ കൂട്ടംകൂട്ടമായി ജെറുസലേം പട്ടണത്തിൽ പ്രവേശിക്കുമ്പോൾ ജനം മരച്ചില്ലകൾ ഉയർത്തി സ്വാഗതം ചെയ്യുന്ന പാരമ്പര്യമുണ്ടായത്. രക്ഷകനായി കാത്തുകഴിയുന്ന യഹൂദജനം തിരുനാളിന് വരുന്നവരിൽ ആരെങ്കിലും മിശിഹാ ആയിരിക്കുമെന്ന് ആശിച്ചിരുന്നു. രാജാക്കന്മാർ കഴുതപ്പുറത്ത് എഴുന്നള്ളിവരുന്നത് സമാധാനപ്രിയനും വിനയാന്വിത നുമാണെന്ന് വെളിപ്പെടുത്തുവാനായിരുന്നു. ഈ പശ്ചാത്തലത്തിലാണ് യേശുനാഥന്റെവരവ്. അവൻ തന്നെയാണ് തങ്ങളുടെ രക്ഷകൻ എന്ന വിശ്വാസത്തോടെ ചിലർ തങ്ങളുടെ വസ്ത്രങ്ങൾ കഴുതയുടെ മേൽവിരിച്ചു, മറ്റുചിലർ തങ്ങളുടെ മേലങ്കികൾ വഴിയിൽവിരിച്ചു, ചിലർ വൃക്ഷങ്ങളുടെ ചില്ലകൾ മുറിച്ച്വഴിയിൽ നിരത്തി, എന്നിട്ട് ജനം ആർത്തുവിളിച്ചു, ദാവീദിന്റെ പുത്രന് ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ, ഉന്നതങ്ങളിൽഹോസാന (മത്തായി 21,8-9). ഒരുരക്ഷകനു വേണ്ടി പ്രത്യാശയോടെകാത്തിരുന്ന ജനം അവർ അറിയാതെ തന്നെ ഏറ്റുപറയുകയായിരുന്നു കഴുതപ്പുറത്തു വരുന്ന യേശു തങ്ങളുടെ മിശിഹാആണെന്ന്. എന്നാൽ യേശുനാഥന് എല്ലാം അറിയാമായിരുന്നു-സ്വീകരണം നയിക്കുന്നവരിൽ പലരുംകുറച്ചു ദിവസങ്ങൾക്ക് ശേഷം തന്നെ കൊലയ്ക്ക് കൊടുക്കുവാൻ അട്ടഹസിക്കുമെന്നും, തന്റെ ശരീരം പിച്ചിച്ചീന്തികുരിശിൽ തറച്ചു കൊല്ലുമെന്നും,

എന്നാൽമൂന്നാംനാൾ വിജയശ്രീലാളിതനായി ഉയർത്തെഴുന്നേൽക്കുമെന്നും. അവിടുത്തെ മനുഷ്യാവതാരം മനുഷ്യകുലത്തിന്റെ പാപത്തിനു പരിഹാരമാനുഷ്ഠിക്കാനുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ – സ്നേഹബലിയുടെ – പൂർത്തീകരണത്തിനായിരുന്നുവെന്ന് നാം വിശ്വസിക്കുന്നു.

''ഹോശിയാനാ''യെന്നതിന് ഹെബ്രായ ഭാഷയിൽ ഞങ്ങളെ രക്ഷിക്കണമേ എന്നാണർത്ഥം. ഇന്നത്തെ സാഹചര്യത്തിൽ ഈ വാക്കിന്റെ അർത്ഥം ശരിയായി ഉൾക്കൊണ്ടുകൊണ്ട് നമുക്ക് പ്രാർഥിക്കാം: യേശുനാഥാ രക്ഷിക്കേണമേ. നാം എത്രയോ പ്രാവശ്യം കുരുത്തോല തിരുനാളുകളിലും ആരാധന വേളകളിലും ഹോസാന ഹോസാന എന്ന് ഏറ്റുപാടിയിട്ടുണ്ട്. എന്നാൽ അതിഭയാനകമായ ഈ പകർച്ചവ്യാധിയുടെ മുമ്പിൽ മനുഷ്യന്റെ സർവ്വകഴിവുകളും ജ്ഞാനവും ശാസ്ത്ര സാങ്കേതിക വിദ്യകളും പണവും പ്രതാപവുമെല്ലാം അടിയറവു പറയുമ്പോൾ എല്ലാറ്റിന്റെയും ഉടയവനായ സർവ്വേശ്വരന്റെ മുമ്പിൽ മുഴങ്കാൽ മടക്കി പൂർണ്ണമനസ്സോടെ ആലപിക്കാം. ***ഹോസാന*** – നാഥാരക്ഷിക്കണമേ.

കുരുത്തോല ഞായറാഴ്ച – നമ്മുടെ ഭവനങ്ങളിൽ

ആദിമസഭയിൽ വിശ്വാസികൾ ഏകമനസ്സോടെ താൽപര്യപൂർവ്വം അനുദിനം ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പംമുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ക്ഷണത്തിൽ പങ്കുചേരുകയുംചെയ്തിരുന്നു. (അപ്പ. 2,45-46). എന്നാൽ വി.ലൂക്കാ വ്യക്തമാക്കുന്നത്, വിശ്വാസികൾ പ്രഥമവും പ്രധാനവുമായ പരിഗണന നൽകിയത് അപ്പസ്തോലന്മാരിൽ നിന്നും വചനം ശ്രവിക്കുന്നതിനായിരുന്നു. രണ്ടാമത് കൂട്ടായ്മക്കും സഭയിൽ അവശതയനുഭവിക്കുന്നവർക്ക് പ്രത്യേകകരുതൽ നല്കുന്നതിനുമായിരുന്നു. അതിനുശേഷമായിരുന്നു അപ്പംമുറിക്കൽ ശുശ്രൂഷ (ഇന്നത്തെ കുർബ്ബാന) നടത്തിയിരുന്നത്. അവസാനം കൃതജ്ഞതാസ്തോത്രങ്ങളും അർപ്പിക്കുമായിരുന്നു. ദൈവാലയങ്ങളിൽ പോകുവാൻ സാദ്ധ്യമാകാത്ത ഈ അവസ്ഥയിൽ ആദിമസഭയിലെപ്പോലെ നമുക്ക് നമ്മുടെ ഭവനങ്ങളിലിരുന്ന് ദൈവത്തെ സ്തുതിക്കുകയും പുകഴ്ത്തുകയും ആരാധിക്കുകയുംചെയ്യാം. നമ്മുടെ ഇടവകദൈവാലയത്തിലെ തിരുകർമ്മങ്ങളുടെ യഥാസമയം നമ്മുടെ ഭവനങ്ങളിൽ പ്രാർഥന ശുശ്രൂഷകൾ നടത്തിസഭയോടൊത്ത് പ്രാർഥിക്കാവുന്നതാണ്.

ഓശാന ഞായറാഴ്ച കുരുത്തോലകളുടെ അഭാവംഒരുവലിയ പ്രശ്നമായി എടുക്കേണ്ടതില്ല. സുവിശേഷകന്മാരിൽ വി.യോഹന്നാൻ മാത്രമാണ് ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേൽക്കാൻ പുറപ്പെട്ടു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് (യോഹ 12,13). എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം യേശുവിനെ നമ്മുടെ

രക്ഷകനും നാഥനുമായി നാം അംഗീകരിക്കുന്നുണ്ടോയെന്നതാണ് പ്രധാനം. അവനു കയറുവനായി ഒരു കഴുതയായി മാറാൻ തയ്യാറാണോ? അവനോടൊത്ത് പെസഹാ ഭക്ഷിക്കാൻ സന്നദ്ധമാണോ? പാപപരിഹാരത്തിനായി ക്രൂശിക്കപ്പെടാൻ ഒരുക്കമാണോ ? അവൻ പ്രദാനം ചെയ്ത ഉത്ഥാനത്തിന്റെ ചൈതന്യത്തിൽ വ്യാപരിക്കുവാനുതകത്തക്കവിധം മാനസാന്തരത്തിന്റെ വഴിയിലേക്കുതിരിയാമോ? എങ്കിൽ ഇത്തവണത്തെ ഹോസാനാചരണം ഫലപ്രദമായിമാറും.

നമ്മുടെ ആയുസിൽ ആദ്യമായിട്ടായിരിക്കാം ഇടവക ദൈവാലയത്തിലെ വിശുദ്ധവാരശുശ്രൂഷകളിൽ ഭാഗഭാക്കാകാൻ തടസ്സമായിരിക്കുന്നത്. എന്നാൽ ഇപ്പോൾ നാം നന്ദിപൂർവ്വം ഓർക്കണം. നാം സ്വതന്ത്രമായിതിരുനാളുകൾ ആഘോഷിച്ചിരുന്ന വേളകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മതമർദ്ദനമോ, യുദ്ധമോ, പ്രകൃതിദുരന്തങ്ങളോ, ഭൗതികവും ലൗകീകവുമായ സ്വാധീന വലയങ്ങളിലകപ്പെട്ടോ കാരാഗൃഹവാസംകൊണ്ടോ പരദേശികളായതു കൊണ്ടോ എത്രയോ മനുഷ്യസഹോദരങ്ങൾക്കു കൂദാശകൾ അപ്രാപ്യമായിരുന്നു. നമ്മുടെ കാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തിയിരുന്നതിനാൽ ഇപ്രകാരമുള്ള യാഥാർത്ഥ്യം നമുക്ക് അപ്രസക്തമായിരുന്നു. തികഞ്ഞ വേദനയോടും നിറഞ്ഞ വിശ്വാസത്തോടും നമുക്ക് ദൈവത്തോടുമാപ്പപേക്ഷിക്കാം – നമ്മെ രക്ഷിക്കണമേയെന്ന് ഹോസാന കീർത്തനംപാടി ദൈവസഹായം യാചിക്കാം. കത്തോലിക്കാസഭ കുരുത്തോല ഞായറഴ്ച ഭൗതികമായ ഒരു ആഘോഷമെന്നതിനെക്കാൾ കർത്താവിന്റെ പീഡാസഹനങ്ങളെക്കുറിച്ചു ധ്യാനിക്കുവാനുള്ള പീഡാസഹന ഞയറാഴ്ചയായിട്ടാണ് (Passion Sunday) ശ്രദ്ധ ചെലുത്തുന്നതെന്ന വസ്തുത നാം വിസ്മരിക്കരുത്. ഈശോയോടൊത്ത് യാത്ര ചെയ്യുന്ന പരിശുദ്ധ അമ്മയെ നമുക്ക് അനുകരിക്കാം.

വിശുദ്ധവാരത്തിലെ പ്രധാന ദിനങ്ങളിലെ ശുശ്രൂഷകൾ ഭവനങ്ങളിൽ നടത്തപ്പെടുന്നതിനുള്ള ആരാധന ശുശ്രൂഷസഹായി സംലഭ്യമാക്കുന്നതാണ്. അവ മാതൃകയായി സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു..

കുരുത്തോല തിരുനാളിന്റെ അനുഗ്രഹങ്ങൾ ഏവർക്കും ആശംസിക്കുകയും നിങ്ങളേവരെയും പരിശുദ്ധ വിമലഗിരിമാതാവിന്റെ സവിധേ സമർപ്പിക്കുകയും ചെയ്തുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചുകൊള്ളുന്നു.

കോട്ടയം
31-3-2020

† സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
വിജയപുരം മെത്രാൻ

NB: ഈ സർക്കുലർ എല്ലാവിശ്വാസികളിലും എത്തിക്കുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രമിക്കണം

Diocese of Vijayapuram
CIRCULAR LETTER
VOL. XIV • NO. 05 • 2020 • APRIL 2020

പെസഹാ – അന്ത്യഅത്താഴം – പരിശുദ്ധകുർബ്ബാന

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, സ്നേഹമുള്ള മാതാപിതാക്കളേ, പ്രിയസഹോദരി സഹോദന്മാരേ, വാത്സല്യമുള്ളകുഞ്ഞുമക്കളേ,

നമ്മെ സംബന്ധിച്ചിടത്തോളം അധിപ്രാധാന്യമേറിയ വലിയ തിരുനാളാണ് പെസഹാ വ്യാഴാഴ്ച. നമ്മുടെ കർത്താവ് വി.കുർബാനയും പൗരോഹിത്യവും സ്ഥാപിച്ച അന്ത്യഅത്താഴമാണ് നാം പ്രത്യേകമായി അനുസ്മരിക്കുന്നത്. യഹൂദരുടെ സുപ്രധാന തിരുനാളുകളിലൊന്നായിരുന്നു പെസഹാ. പെസഹാ തിരുനാളിന്റെ പിറ്റേദിവസംമുതൽ എഴുദിവസങ്ങൾ നീണ്ടു നില്ക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും അവർ ആഘോഷിച്ചിരുന്നു. ഇപ്രകാരമുള്ള ഉത്സവങ്ങൾ ഇസ്രായേൽക്കാർക്ക് മുമ്പുതന്നെ നിലവിലുണ്ടായിരുന്നുവെന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ട്.

പെസഹാ നാടോടികളായ ആട്ടിടയന്മാരുടെഇടയിലുണ്ടായിരുന്ന ഒരു ആചാരമായിരുന്നു. കാലമാറ്റത്തിനോടനുബന്ധിച്ച് അതായത് ശൈത്യകാലത്തിൽനിന്ന് വേനൽക്കാലത്തിലേക്ക് മാറുന്ന പൂർണ്ണചന്ദ്രനാളിൽ പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക് പോകും മുപ് ഒരു കുഞ്ഞാടിനെ ബലികഴിച്ച് ആഘോഷപൂർവ്വം ഭക്ഷിക്കുന്ന പതിവുണ്ടായിരുന്നുവത്രേ. മസോത്ത് (പുളിപ്പില്ലാത്ത അപ്പത്തിന്റെ) എന്നറിയപ്പെടുന്ന ആചാരം കാനാനൃ കർഷകരുടെയിട യിലുണ്ടായിരുന്നു. ബാർളിയുടെ വിളപ്പെടുപ്പിനോടനുബന്ധിച്ചുള്ള ഒരു ഉത്സവമായിരുന്നു അത്. യഹൂദർ ഈ രണ്ട് തിരുനാളുകൾ സംയോജിപ്പിച്ച് ഒരു വലിയ തിരുനാളായി മാറ്റുകയായിരുന്നുവെന്ന അഭിപ്രായമുണ്ട്. എന്നാൽ പഴയ നിയമ പശ്ചാത്തലത്തിൽ ദൈവജനത്തിനെ ഈജിപ്തുകാരുടെ അടിമത്വത്തിൽ നിന്ന് ദൈവം രക്ഷിച്ച സംഭവത്തെ കൃതജ്ഞതയോടുകൂടി ഓർക്കുന്ന അവസരമായിരുന്നു പെസഹാ. ദൈവത്തിന്റെ കൽപ്പനയോടുള്ള ആത്മാർ ത്ഥമായ പരിപാലനമായി അവർ സ്വീകരിച്ചു.

'ഇതു നിങ്ങളും നിങ്ങളുടെ സന്തതികളും എക്കാലവും ഒരു കൽപനയായി ആചരിക്കണം. കർത്താവ് തന്റെ വാഗ്ദാനമനുസരിച്ചു നിങ്ങൾക്കു തരുന്ന സ്ഥലത്ത് ചെന്നുചേർന്നതിനു ശേഷവും ഈ കർമം ആചരിക്കണം. ഇതിന്റെ അർഥമെന്താണെന്നു നിങ്ങളുടെ മക്കൾ ചോദിക്കുമ്പോൾ പറയണം: ഇത് കർത്താവിനർപ്പിക്കുന്ന പെസഹാബലിയാണ്. അവിടുന്ന് ഈജിപ്തിലുണ്ടാ

യിരുന്ന ഇസ്രായേൽക്കാരുടെ ഭവനങ്ങൾ കടന്നുപോയി, ഈജിപ്തുകാരെ സംഹരിച്ചപ്പോൾ അവിടുന്ന് ഇസ്രായേൽക്കാരെ രക്ഷിച്ചു' (പുറ 12 : 24-27). ഇസ്രായേൽജനം ഈജിപ്തിൽ നിന്നും പുറപ്പെട്ടതിന്റെരണ്ടാം വർഷം കർത്താവ് വീണ്ടും ഈ ആചരണത്തെകുറിച്ച്ഓർമപ്പെടുത്തുന്നുണ്ട്.'ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ടതിൻെറ രണ്ടാം വർഷം ഒന്നാം മാസം സീനായ് മരുഭൂമിയിൽവച്ചു കർത്താവ് മോശയോട് അരുളിച്ചെയ്തു: ഇസ്രായേൽജനം നിശ്ചിത സമയത്തുതന്നെ പെസഹാ ആഘോഷിക്കണം. ഈ മാസം പതിനാലാം ദിവസം വൈകുന്നേരം എല്ലാ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചു നിങ്ങൾ പെസഹാ ആചരിക്കണം. പെസഹാ ആചരിക്കണമെന്ന് ഇസ്രായേൽ ജനത്തെ മോശ അറിയിച്ചു. അങ്ങനെ അവർ ഒന്നാം മാസം പതിനാലാം ദിവസം വൈകുന്നേരം സീനായ് മരുഭൂമിയിൽവച്ചു പെസഹാ ആചരിച്ചു' (സംഖ്യ 9 :1-5).പെസഹാതിരുന്നാൾ ആഘോഷിക്കുവാൻ നാടിന്റെ നാനാഭാഗത്തുനിന്നും യഹൂദർ ജറുസലേമിലേക്ക് തീർത്ഥാടനം നടത്തിയിരുന്നു. യേശുനാഥനും പെസഹാചരണത്തിനായി ജറുസലേമിലേക്ക് പോയിരുന്നതായി സുവിശേഷ കന്മാർ സാക്ഷ്യപ്പെടുത്തുന്നുണ്ട് (ലൂക്കാ 2 :42; യോഹ 2 :13 ; 6 :4).

യേശുവിന്റെ പെസഹാ

തന്റെ തന്നെ മനുഷ്യാവതാരത്തിന്റെ ഫലപ്രാപ്തിയുടെ മുന്നാസ്വാദനം പ്രദാനം ചെയ്യുന്ന കൂദാശ സ്ഥാപിക്കാനുള്ള ശിഷ്യന്മാരോടൊത്തുള്ള അന്ത്യ അത്താഴത്തിന് യേശുനാഥൻ അതിയായി ആഗ്രഹിച്ചിരുന്നു (ലൂക്ക 22 : 15). പാരമ്പര്യമായി കുഞ്ഞാടു ബലിയർപ്പിക്കപ്പെടുന്ന സ്ഥാനത്ത് തന്നെത്തന്നെ അവിടു സ്വയം പ്രതിഷ്ഠിക്കുകയായിരുന്നു. അവിടുന്ന് തന്നെയാണ് ബലിയും ബലിവസ്തുവും ബലിയർപ്പകനുമെന്നബോധ്യത്തോടെയാണ് ആ പ്രാവശ്യത്തെ പെസഹാ ആചരണത്തിനുള്ള ഇടം തയ്യാറാക്കുവാൻ പത്രോസിനെയും യോഹന്നാനെയും യേശു ചുമതലപ്പെടുത്തുന്നത്. സാധാരണമായി കുഞ്ഞാട്, അപ്പം, ഔഷധച്ചെടി, വീഞ്ഞ്, പാനപാത്രം സൗകര്യപ്രദമായ ഇടം ഇവയൊക്കെയാണ് ആവശ്യമായിരുന്നത്. യേശുനാഥന്റെ ആഗ്രഹപ്രകാരം പത്രോസും യോഹന്നാനും ആവശ്യമായ ഒരുക്കങ്ങൾ നടത്തി (ലൂക്കാ 22 : 3). ആ പ്രാവശ്യം കുഞ്ഞാടിനെ ബലികഴിക്കുന്ന കാര്യം സുവിശേഷകന്മാർ സൂചിപ്പിക്കുന്നില്ല. അന്ത്യഅത്താഴത്തിനാണു മുഖ്യപ്രാധാന്യം കൽപ്പിക്കുന്നത്. യേശു സാധാരണ നടത്താറുള്ള പെസഹാ, ആചരണത്തിലെ ചട്ടങ്ങളിലെപ്പോലെ പാനപാത്രം എടുത്ത് ആശീർവദിക്കുന്നുണ്ട്.

സുവിശേഷകന്മാരും വി.പൗലോസും കുർബാനസ്ഥാപനത്തിന്റെ വചനങ്ങൾ വിശദമായി വിവരിക്കുന്നത്: 'പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാസ്തോത്രംചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എൻെറ ശരീരമാണ്. എൻെറ ഓർമയ്ക്കായി ഇതു ചെയ്യുവിൻ.അപ്രകാരം തന്നെ അത്താഴത്തിനുശേഷം അവൻ പാനപാത്രം എടുത്തുകൊണ്ട് അരുളിച്ചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്.'(ലൂക്കാ 22 : 19-20; 1 കോറി 11 : 21- 25). വിമോചിപ്പിച്ച ദൈവത്തോടുള്ള കൃതജ്ഞതാപൂർവമായ ഒരു ഓർമ്മ എന്നതിനെക്കാൾ ക്രിസ്തുവിന്റെ പെസഹാ സ്വർഗീയ ജീവന്റെ മുന്നാസ്വാദനം മനുഷ്യർക്ക് സംലഭ്യമാക്കുന്നതിനുള്ള വി. കുർബാനയുടെയും

പൗരോഹിത്യത്തിന്റെയും സ്ഥാപനവേളയായി മാറുകയായിരുന്നു. 'പെസഹാ ഭക്ഷണവേളയിൽ തന്റെ ശിഷ്യൻമാരോടൊപ്പം അന്ത്യത്താഴം ആഘോഷിച്ചുകൊണ്ടു യേശു യഹൂദപെസഹയ്ക്ക് സുനിശ്ചിതമായ അർഥം നൽകി. തന്റെ മരണവും ഉത്ഥാനവും വഴി പിതാവിന്റെ പക്കലേക്കുള്ള യേശുവിന്റെ കടന്നു പോകലാകുന്ന പുതിയ പെസഹായുടെ അത്താഴത്തിൻ മുന്നനുഭവവും കുർബാനയിൽ ആഘോഷവുമായിത്തീരുന്നു . അങ്ങനെ യേശുവിന്റെ പുതിയ പെസഹ യഹൂദപെസഹയെ പൂർത്തിയാക്കുകയും; രാജ്യത്തിന്റെ മഹത്ത്വത്തിലുള്ള സഭയുടെ അന്തിമമായ പെസഹായുടെ മുന്നനുഭവമാക്കുകയും ചെയ്യുന്നു' (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം,1340). നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷ അപ്പോസ്തലന്മാർ ഏറ്റെടുക്കുകയും തങ്ങളെ സഹായിക്കുവാൻ പുരോഹിതരെയും ശുശ്രൂഷികളെയും നിയോഗി ച്ചതായും ആദിമ സഭാചരിത്രത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.'സർവോപരി ആഴ്ചയുടെ ഒന്നാം ദിവസം അതായത് കർത്താവിന്റെ ഉത്ഥാന ദിവസമായ ഞായറാഴ്ച ക്രിസ്ത്യാനികൾ അപ്പം മുറിക്കലിനായി സമ്മേളിച്ചിരുന്നു. അന്ന് മുതൽ ഇന്നുവരെ വിശുദ്ധകുർബാനയുടെ ആഘോഷം തുടർന്ന് പോരുകയും, അങ്ങനെ, ഇന്നു സഭയിൽ എല്ലായിടത്തും അടിസ്ഥാനപരമായി ഒരേ ഘടന ഉണ്ടായിരിക്കുകയും ചെയ്യുന്നു. വി. കുർബാന സഭാ ജീവിതത്തിന്റെ കേന്ദ്രമായി നിലനിൽക്കുന്നു.'(കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം,1343). കാലദേശവ്യതിയാനങ്ങൾക്കനുസരിച്ച് ബലിയർപ്പണത്തിനുള്ള നിയമങ്ങളും ചട്ടങ്ങളും രൂപപ്പെട്ടുവന്നു. കുർബാന ആഘോഷത്തിന്റെ നിയതമായ രൂപം രണ്ടാം നൂറ്റാണ്ടിൽത്തന്നെ നിലവിലുണ്ടായിരുന്നതായി വി. ജസ്റ്റിൻ സാക്ഷ്യപ്പെടുത്തുന്നുണ്ട് :

'എല്ലാവരുടെയും ദിവസമെന്നു വിളിക്കുന്ന സൂര്യന്റെ ദിവസം നഗരത്തിലോ ഗ്രാമപ്രദേശത്തോ വസിക്കുന്ന എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടുന്നു. അപ്പസ്തോലൻമാരുടെ വ്യാഖ്യാനങ്ങളും പ്രവാചകൻമാരുടെ ലിഖിതങ്ങളും, സമയം അനുവദിക്കുന്ന ക്രമത്തിൽ വായിക്കുന്നു.

വായനക്കാരൻ വായിച്ചുകഴിയുമ്പോൾ, സമ്മേളനത്തിൽ അധ്യക്ഷനായിരി ക്കുന്ന വ്യക്തി മഹനീയങ്ങളായ ആ കാര്യങ്ങൾ അനുകരിക്കാൻ അവരെ ഉപദേശിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

അതിനുശേഷം ഞങ്ങൾ എല്ലാവരും ഒരുമിച്ച് എഴുന്നേറ്റു ഞങ്ങൾക്കു വേണ്ടിയും... എല്ലായിടത്തുമുള്ള മറ്റെല്ലാവർക്കും വേണ്ടിയും പ്രാർഥിക്കുന്നു. ജീവിതം കൊണ്ടും പ്രവൃത്തികൾകൊണ്ടും ഞങ്ങൾ നീതിമാൻമാരായി കാണപ്പെടുന്നതിനും നിത്യരക്ഷ പ്രാപിക്കുന്നതിന് പ്രമാണങ്ങളോടു വിശ്വസ്തതയുള്ളവരായിരിക്കുന്നതിനും വേണ്ടി പ്രാർഥിക്കുന്നു.

പ്രാർഥനകൾ തീരുമ്പോൾ ഞങ്ങൾ പരസ്പരം ചുംബിക്കുന്നു.

അപ്പോൾ അപ്പവും വെള്ളം കലർത്തിയ വീഞ്ഞുള്ള പാനപാത്രവും സഹോദരങ്ങളുടെ മേലധ്യക്ഷനായിരിക്കുന്ന വ്യക്തിയുടെ അടുക്കലേക്കു കൊണ്ടുവരുന്നു.

അദ്ദേഹം അവ എടുത്ത്, പ്രപഞ്ചത്തിന്റെ പിതാവിന് , പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്തുതിയും മഹത്ത്വവും സമർപ്പിക്കുന്നു. ഞങ്ങൾ ഈ ദാനങ്ങൾക്കു യോഗ്യരായി ഗണിക്കപ്പെട്ടതിനു കുറെ സമയം

അദ്ദേഹം കൃതജ്ഞതയർപ്പിക്കുന്നു (ഗ്രീക്കുഭാഷയിൽ eucharistian). അദ്ദേഹം പ്രാർഥനകളും കൃതജ്ഞതാപ്രകാശനങ്ങളും ഉപസംഹരിച്ചുകഴിയുമ്പോൾ, സന്നിഹിതരായ എല്ലാവരും 'ആമേൻ' എന്നു പറഞ്ഞ് ഉദ്ഘോഷിക്കുന്നു.

അധ്യക്ഷൻ നന്ദി പറയുകയും ജനങ്ങൾ പ്രത്യുത്തരം പറയുകയും ചെയ്തുകഴിയുമ്പോൾ, ഡീക്കൻമാർ എന്നു ഞങ്ങൾ വിളിക്കുന്നവർ, 'കൃതജ്ഞതാസ്തോത്രം' ചെയ്യപ്പെട്ട അപ്പവും വീഞ്ഞും വെള്ളവും സന്നിഹിതരായിട്ടുള്ള എല്ലാവർക്കും പങ്കുപറ്റാൻ നൽകുന്നു. സന്നിഹിതരല്ലാത്തവർക്കു വേണ്ടി കൊണ്ടുപോവുകയും ചെയ്യുന്നു. (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം,1345)

നൂറ്റാണ്ടുകളിലൂടെ പരിഷ്കരിക്കപ്പെട്ട വി.കുർബാനക്രമത്തിനും പൗരോഹിത്യ ശുശ്രൂഷയ്ക്കും ത്രെന്തോസ് സുനഹദോസ് ഔദ്യോഗികമായ അംഗീകാരം നല്കുകയാണത്രേ ചെയ്തത്.

ഇന്ന് നാം അർപ്പിക്കുന്ന ഓരോ ബലിയും യേശുവിന്റെ പെസഹായുടെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും പുനരാവിഷ്കരണവും അതുമായുള്ള നമ്മുടെ താദാത്മ്യം പ്രാപിക്കല്ലുമാണ്.

കുർബാനയും പൗരോഹിത്യവും

ക്രിസ്തീയജീവിതത്തിന്റെ മുഴുവൻ ഉറവിടവും പാരമ്യവുമാണു പ.കുർബ്ബാന (LG,11). 'ചുരുക്കത്തിൽ, കുർബ്ബാന നമ്മുടെ വിശ്വാസത്തിന്റെ ആകെത്തുകയും സംക്ഷിപ്തരൂപവുമാണ്. നമ്മുടെ ചിന്താഗതി കുർബ്ബാനയ്ക്കനുസൃതമാകുന്നു. പകരം കുർബ്ബാന നമ്മുടെ ചിന്താഗതിയെ ഉറപ്പിക്കുന്നു'. (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം,1327). ഈ കൂദാശയുടെ സമ്പന്നത അത് വിളിക്കപ്പെടുന്ന പ്രത്യേകനാമങ്ങൾ വിശദമാക്കുന്നുണ്ട്. അതായത് : കൃതജ്ഞതാസ്തോത്രം(Eucharist), കർത്താവിന്റെ അത്താഴം, അപ്പംമുറിക്കൽ, സ്തോത്രയാഗസമ്മേളനം, കർത്താവിന്റെ പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകം, വിശുദ്ധരഹസ്യങ്ങളുടെ ആഘോഷം, പരിശുദ്ധാത്മകൂദാശ, ദിവ്യപ്രേഷണം(Holy Mass) എന്നിവയാണ്. (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 1328 to 332).സഭാത്മകജീവിതത്തിൽ പ.കുർബ്ബാന്ക്കുള്ള മഹത്തായസ്ഥാനം വി.ജോൺ പോൾ രണ്ടാമൻ പാപ്പ സ്പഷ്ടമായി വെളിപ്പെടുത്തുന്നു: 'ചരിത്രത്തിലുടെയുള്ള സഭയുടെ പ്രയാണത്തിൽ അവൾക്കു ലഭിച്ചിരിക്കുന്ന ഏറ്റവും വിലയേറിയ സ്വത്താണ് വിശ്വസികളും സമൂഹത്തിലെ ക്രിസ്തുവിന്റെ രക്ഷാകര സാന്നിധ്യവും അവരുടെ ആത്മീയ ഭക്ഷണവുമായ വി. കുർബാന' (സഭയും വിശുദ്ധ കുർബാനയും ചാക്രികലേഖനം, 9). ദൈവജനത്തിന്റെ ഒത്തുചേരലിനും പങ്കുവയ്ക്കലിനും, അനുരജ്ഞനത്തിനും സർവ്വോപരി തങ്ങളുടെ ആദ്ധ്യാത്മിക പരിപോഷണത്തിന് ഒഴിച്ചുകൂടാനാവാത്തവിധം സ്വാധീനം ചെലുത്തുന്ന മഹാരഹസ്യമായി പ.കുർബാനയിൽ അഭയം പ്രാപിക്കുന്നത്. അതുകൊണ്ട് തന്നെയാണല്ലോ കോവിട് 19 എന്ന പകർച്ചവ്യാധിമൂലം പൂട്ടപ്പെട്ട അവസ്ഥയിലായിരിക്കുന്ന അനേകകോടി വിശ്വസികൾ മാധ്യമങ്ങളിലുടെയാണെങ്കിലും ദിവ്യബലിയിൽ പങ്കെടുക്കുവാൻ അതീവ തീക്ഷ്ണത കാട്ടുന്നത്.

കുർബാന അർപ്പിക്കുന്നതിനും സുപ്രധാന കൂദാശകൾ പരികർമ്മം

ചെയ്യുന്നതിനും അഭിഷേകം ചെയ്യപ്പെട്ട പുരോഹിതൻ ആവശ്യമാണ്. ഒരു പുരോഹിതന്റെ സാന്നിദ്ധ്യത്തെ വിലമതിച്ചു കൊണ്ട് പുരോഹിതരുടെ മദ്ധ്യസ്ഥനായ വി.ജോൺ മരിയ വിയാനി പഠിപ്പിക്കുന്നു. ഒരു പുരോഹിതൻ ഇല്ലാതെവന്നാൽ പ. കുർബാന ഇല്ലാതാകും. കുർബാന ഇല്ലെങ്കിൽ തിരുവോസ്തിയുടെ പ്രതിഷ്ഠാപനം അസാധ്യമാകും. തിരുവോസ്തി ഇല്ലെങ്കിൽ ഈശോയെഉൾകൊള്ളുവാൻ കഴിയുകയില്ല. ഈശോയെ സ്വീകരിക്കാനാവുകയില്ലെങ്കിൽ അവിടുത്തെ കൗദാശിക സാന്നിധ്യം നഷ്ടമാകുന്നു. അത് നമ്മെ അദ്ധ്യാത്മിക അനാഥത്വത്തിലേക്കു നയിക്കുകയും നാം ലക്ഷ്യമില്ലാതെ അലയുന്നവരായി മാറുകയും ചെയ്യും. വിശുദ്ധൻ കൂട്ടിച്ചേർക്കുന്നു: ഒരു വിശ്വാസിയുടെ ജനനം മുതൽ മരണം വരെ, സകല നിർണായക നിമിഷങ്ങളിലും ആശ്രയിക്കേണ്ടിവരുന്നത് പുരോഹിതനെയാണ്. ഇരുപതുവർഷക്കാലം ഒരിടവകയിൽ പുരോഹിതനില്ലാത്ത അവസ്ഥവരട്ടെ ജനം മൃഗങ്ങളെ ആരാധിക്കുവാൻ തുടങ്ങും. ഒരു കാലത്ത് ക്രൈസ്തവരാജ്യങ്ങളെന്നു കരുതിയിരുന്നിടത്തൊക്കെ സഭയുടെ ഇന്നത്തെ അവസ്ഥ എന്താണ്? അവിടെയൊക്കെ ആദ്യം അവഗണിക്കപ്പെട്ടത്, താറടിക്കപ്പെട്ടത്, തകർക്കപ്പെട്ടത് പൗരോഹിത്യമായിരുന്നുവൊണ് എന്റെ നിരീക്ഷണം. പൗരോഹിത്യവും പുരോഹിതനുമൊക്കെ മനുഷ്യനിർമ്മിതമാണെന്ന് ഒരു കൂട്ടർ വാദിക്കുമ്പോൾ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം തുടങ്ങിയ സുവിശേഷാത്മക പുണ്യങ്ങൾ അപ്രായോഗികമാണെന്ന് സമർത്ഥിക്കുവാൻ വെമ്പൽ കൊള്ളുന്ന മറ്റൊരു കൂട്ടർ. വിശ്വാസികളുടെ പുറംചട്ടയണിഞ്ഞവരാണ് ഇപ്രകാരമുള്ള നിഷേധാത്മക നിലപാടിനു നേതൃത്വം വഹിക്കുന്നതെന്നു കാണുമ്പോൾ സാത്താന്റെ സ്വാധീനം എത്രമാത്രമാണെന്ന് നമുക്ക് ഊഹിക്കാമല്ലോ എന്നാൽ ഉത്ഥിതനായ കർത്താവ് നമുക്കു തരുന്ന അവബോധം തന്റെ സഭയെ ആർക്കും തകർക്കാനാ വില്ല എന്നാണ് കാരണം അത് പാറമേൽ പണിയപ്പെട്ടതാണ്. ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയേയും അഭിഷിക്തരായ പുരോഹിതരേയും സ്നേഹിക്കുന്ന നമുക്ക് എല്ലാ വെല്ലുവിളികളേയും അതിജീവിക്കാൻ ജീവന്റെ നാഥനായ യേശുവിൽ തന്നെ അഭയം പ്രാപിക്കാം.

സവിശേഷമായ ദൈവവിളിക്കായി പ്രാർഥിക്കാം

പ.കുർബാനയുടെയും പൗരോഹിത്യത്തിന്റെയും സ്ഥാപനം അനുസ്മരിക്കുന്ന പെസഹാ വ്യാഴാഴ്ച സവിശേഷമായ ദൈവവിളിക്കായി പ്രാർഥിക്കുവാനുള്ള അവസരമാണ് ലഭിക്കുന്നത്. പല രാജ്യങ്ങളിലും പുരോഹിതരുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരികയാണ്. ചിലയിടങ്ങളിലെങ്കിലും വിശ്രമജീവിതം നയിക്കേണ്ട വൈദികർ പോലും രണ്ടും മൂന്നും ഇടവകകളുടെ ചുമതല ഏറ്റെടുക്കുവാൻ നിർബന്ധിതരാകുന്നു. പാശ്ചാത്യനാടുകളിൽ കോവിഡ് 19 അനേകം വൈദികരുടെ ജീവൻ അപഹരിച്ചിട്ടുണ്ട്. അവിടെയൊക്കെ എങ്ങനെ അജപാലന ശുശ്രൂഷ നടപ്പാക്കും. നമ്മുടെ നാടിന്റെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല യേശുവിന്റെ സ്നേഹത്തിന്റെ മോചനത്തിന്റെ സന്ദേശം പകരുന്നതിനും കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും വേലക്കാരുടെ ആവശ്യം വർധിച്ചു വരികയാണല്ലോ. നാഥന്റെ വചനം ഇന്നും പ്രസക്തമാണ്. 'വിളവധികം, വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ

അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർഥിക്കുവിൻ' (മത്തായി 9 : 37- 38). സഭയുടെ അജപാലന ശുശ്രൂഷ സജീവമാകണമെങ്കിൽ മിഷണറിമാരുടെ മഹത്വവും കുഞ്ഞുങ്ങൾക്ക് ബോദ്ധ്യപ്പെടേണ്ടതാണ്. ധനത്തിനും അധികാരത്തിനും ലൗകികസുഖങ്ങൾക്കും ആർഭാടത്തിനും ആഘോഷങ്ങൾക്കും പരിഗണന നല്കി ആധുനിക സമൂഹ്യസമ്പർക്ക മാധ്യമങ്ങൾക്ക് അടിപ്പെട്ടു കഴിയുന്ന കുടുംബങ്ങളിലെ കലുഷിതമായ അന്തരീക്ഷം കുഞ്ഞുങ്ങൾക്ക് ദൈവത്തിന്റെ വിളി ശ്രവിക്കാൻ തടസ്സം വരുത്തുന്നു. ദൈവവചനം വായിക്കുന്നതിനും ശ്രവിക്കുന്നതിനും ധ്യാനിക്കുന്നതിനും സഹായകമായ സാഹചര്യം ഭവനങ്ങളിൽ ഒരുക്കുവാൻ മാതാപിതാക്കൾക്കും മുതിർന്നവർക്കും ചുമതലയുണ്ട്. അത് ജ്ഞാനസ്നാനത്തിലൂടെ ലഭിച്ച പൗരോഹിത്യ ശുശ്രൂഷയുടെ സത്യസന്ധമായ പരിപാലനയായി സ്വീകരിക്കണം. അതായത് ജ്ഞാനസ്നാനം മൂലം ഓരോ വ്യക്തിക്കും ക്രിസ്തുവിന്റെ പുരോഹിത, പ്രവാചക, രാജകീയ ധർമ്മങ്ങളിൽ ഭാഗഭാക്കാനുള്ള അഭിഷേകം സിദ്ധിക്കുന്നുണ്ട് (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം,1241). സവിശേഷമായ ദൈവവിളികൾക്കായുള്ള പ്രാർത്ഥനയും പ്രോത്സാഹനവും സഹായവുമെല്ലാം കൗദാശികമായ ഉത്തരവാദിത്വമായി പരിഗണിച്ചു കൊണ്ട് താൽപര്യപൂർവ്വം നിറവേറ്റുവാൻ ഏവരും പരിശ്രമിക്കണം.

എന്റെ പെസഹാ എന്റെ ഭവനത്തിൽ

ഇന്നത്തെ പ്രത്യേകമായ അവസ്ഥയിൽ നമുക്കു നമ്മുടെ കുടുംബാംഗങ്ങളോടൊത്ത് നമ്മുടെ ഭവനങ്ങളിൽ പെസഹാ തിരുന്നാൾ ആചരിക്കാം. അതിനു മുന്നോടിയായി ഓരോരുത്തരും ശാരീരികവും മാനസികവും ആത്മീയവുമായ ഒരുക്കങ്ങൾ നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ ഭവനങ്ങളെ നമുക്ക് ദൈവാലയങ്ങളാക്കി മാറ്റാം. ദൈവസാന്നിധ്യമുള്ള ദിവ്യകാരുണ്യമുള്ളയിടങ്ങളാണല്ലോ ദൈവാലയങ്ങൾ. കുടുംബാംഗങ്ങളെല്ലാവരും ഒരു കൂട്ടായ്മയായി കർത്താവിന്റെ പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിനായി പ്രാർത്ഥിക്കാമല്ലോ. പുരോഹിതന്റെ അടുത്ത് ചെന്ന് നേരിട്ടു പാപങ്ങൾ ഏറ്റു പറഞ്ഞു കുമ്പസാരിക്കുവാൻ സാധ്യമാകാത്ത ഈ വേളയിൽ പ.ഫ്രാൻസിസ് പാപ്പായുടെ ഉപദേശം പ്രായോഗികമാക്കാം; നാം ചെയ്തു പോയ ചെറുതും വലുതുമായ പാപങ്ങൾ ഓരോന്നോരോന്നായ് ഓർത്ത് ശരിയായി മനസ്തപിച്ച് പിതാവായ ദൈവത്തോട് ഏറ്റു പറയാം. അവിടുത്തെ കാരുണ്യത്തിനായി ഉള്ളുരുകി പ്രാർത്ഥിക്കാം. എന്നിട്ട് ഈ പ്രതിജ്ഞ കൂടി എടുക്കാം. ഏറ്റവും അനുകൂലമാകുന്ന നിമിഷം ഒരു പുരോഹിതന്റെയടുത്തു ചെന്ന് അനുരജ്ഞന കൂദാശ സ്വീകരിക്കുമെന്ന്. അനന്തകാരുണ്യവാനായ പിതാവ് നമ്മുടെ പാപങ്ങൾ മോചിക്കുമെന്നും ഫ്രാൻസിസ് പാപ്പാ ഉറപ്പു നൽകുന്നു. നമ്മുടെ ഇടവകയിലെ ശുശ്രൂഷകളുടെ യഥാസമയത്തു തന്നെ ഭവനങ്ങളിൽ പ്രാർത്ഥനകൾ ക്രമീകരിക്കുവാൻ പരിശ്രമിക്കണം. നമ്മുടെ രൂപതാ ലിറ്റർജി കമ്മീഷൻ തയ്യാറാക്കുന്ന ആരാധനാ ശുശ്രൂഷാ സഹായി മാതൃകയായിസ്വീകരിക്കാവുന്നതാണ്.

ഈ പ്രാവശ്യത്തെ പെസഹാ ആചരണം നമുക്ക് തീർത്തും വ്യക്തിപരമായ ബലിയായിമാറ്റാം. ക്രിസ്തുനാഥനെപോലെ, ബലിയും ബലിയാടും

ബലിയർപ്പകനുമായി അവിടുന്ന് സ്വയം സമർപ്പിച്ചതുപോലെ,സ്വയം സമർപ്പിച്ചുകൊണ്ട് അപ്രകാരമുള്ള ഒരു അനുഭവത്തിനായി നമുക്കും പ്രത്യാശിക്കാം. ഇനിയും അവിടുത്തേക്കുവേണ്ടത് കുഞ്ഞാടിന്റെ രക്തമല്ല നമ്മുടെ സ്നേഹമാണ്. ദൈവസ്നേഹത്തെ പ്രതി അനാവശ്യമായതെല്ലാം താല്പര്യപൂർവ്വം ത്യജിക്കുവാൻ സന്നദ്ധമാകാം. പകർച്ച വ്യാധിമൂലം അസാധ്യമായതുകൊണ്ടല്ല എന്നോടുള്ള എന്റെ ദൈവത്തിന്റെ സ്നേഹവും കരുതലും ഞാൻ തിരിച്ചറിഞ്ഞതുകൊണ്ടാണ് ഞാൻ അവിടുത്തെ എല്ലാറ്റിനുമുപരിയായി സ്നേഹിക്കുവാൻ തയ്യാറായിരിക്കുന്നത്. മാനുഷികമായ ബന്ധങ്ങളോ ബന്ധനങ്ങളോ അവനോടുള്ള സ്നേഹത്തിൽ നിന്ന് എന്നെ പിന്തിരിപ്പിക്കാനാവില്ല. എന്റെ കുടുംബപരവും സഭാപരവും ദേശീയവുമായ ഉത്തവാദിത്വങ്ങൾ കൃത്യമായി നിറവേറ്റാനുള്ള അഭിഷേകത്തിനായി ഞാൻ പ്രാർഥിക്കും. ഈശോ തന്റെ ശരീരവും രക്തവും ഭാഗിച്ചു നൽകിയപോലെ ഞാനും എന്റെ ജീവനും ജീവിതവും മറ്റുള്ളവർക്കായി അതീവതാല്പര്യത്തോടെ പങ്കുവയ്ക്കാൻ പ്രതിജ്ഞാബദ്ധമാണ്. അങ്ങനെ സമാധാനത്തിന്റെ സന്ദേശം ഏവർക്കും പകർന്നു നല്കുന്ന ദൈവത്തിന്റെ ഫലപ്രദമായ ഉപകരണമായി എന്നെ ഞാൻ സമർപ്പിക്കുന്നു.

എന്റെ ആത്മീയ ജീവിതത്തിന്റെ ശക്തിയും സ്രോതസുമായ കുർബാന ഞാൻ ഏറ്റവും വിശുദ്ധിയോടെ, ഭക്തിയോടെ അർപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യും. പ. ഫ്രാൻസിസ് പാപ്പയുടെ വചനങ്ങൾ നമുക്ക് ഗൗരവമായി എടുക്കാം.കുർബാനയിൽ പങ്കെടുക്കുമ്പോൾ യേശുവിന്റെ പെസഹാ എന്നിൽ അന്വർത്ഥവും സജീവവുമായിമാറുന്നു. കുർബാന എനിക്ക് വെറും ഒരു നാടകമല്ല. അത് എനിക്ക് യഥാർത്ഥമായ കാൽവരി അനുഭവം പ്രദാനം ചെയ്യുന്നു. വി. ജോൺ പോൾ രണ്ടാമൻ പപ്പാ നൽകിയ ഉപദേശം നാം സൂക്ഷ്മമായി പാലിക്കണം.'ആരാധനക്രമം ആരുടെയും സ്വാകാര്യസ്വത്തല്ല... വിശുദ്ധ കുർബാന, ആരാധന നിബന്ധനകൾ അനുസരിച്ചു അർപ്പിക്കുന്ന വൈദികനും നിബന്ധനകൾ അനുസരിച്ചു പങ്കെടുക്കുന്ന സമൂഹവും അവരുടെ സഭാസ്നേഹം നിശബ്ദമായി എന്നാൽ വാചാലമായി പ്രകടിപ്പിക്കുകയാണ്. '(സഭയും വിശുദ്ധ കുർബാനയും ചാക്രികലേഖനം, 52).

ദൈവാലയങ്ങളിൽ പോയി ആരാധന ശുശ്രൂഷകളിൽ സജീവമാകുവാനും പൂട്ടപ്പെട്ട അവസ്ഥയിൽ നിന്നും മോചനം ലഭിക്കാനും കർത്താവിന്റെ കാരുണ്യത്തിനായി അപേക്ഷിച്ചു കൊണ്ടിരിക്കാം. വിശുദ്ധവാരത്തിനു ശേഷവും മഹാമാരിയിൽ നിന്ന് വിമുക്തമാകുന്നതുവരെ വൈകിട്ട് ഏഴുമണി മുതൽ എട്ടു മണി വരെയുള്ള ആരാധന നമുക്ക് തുടരാം. നമുക്ക് ഒന്നു ചേർന്ന് പ്രാർത്ഥിക്കാം, പങ്കുവയ്ക്കാം, സ്നേഹത്തിലൊന്നായി വ്യാപരിക്കാം. പ.വിമലഗിരി മാതാവിന്റെ തൃപ്പാദത്തിങ്കൽ ഏവരെയും സമർപ്പിച്ചു കൊണ്ട് നിത്യ പുരോഹിതനായ യേശുനാഥന്റെ കരുണയ്ക്കായി പ്രാർഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവദിച്ചുകൊള്ളുന്നു.

കോട്ടയം
07/04/2020

✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
വിജയപുരം മെത്രാൻ

Diocese of Vijayapuram
CIRCULAR LETTER
VOL. XIV • NO. 04 • 2020 • APRIL 2020

വൈദികദിനം 2020

ഈശോയിൽ പ്രിയപ്പെട്ട വൈദിക സഹോദരരെ സ്നേഹവന്ദനം,

നമ്മുടെയെല്ലാം സ്വപ്നങ്ങളെയും സകല പദ്ധതികളെയും ഇല്ലാതാക്കും വിധം വളരെ സങ്കീർണ്ണവും സങ്കടകരവുമായ ദിനങ്ങളിലൂടെ ഈ തപസ്സാചരണത്തിന്റെ സമാപനത്തിൽ നാം എത്തിയിരിക്കുകയാണ്. വൈദികശുശ്രൂഷ ഏറ്റവും ആവശ്യമായ ആരാധനക്രമത്തിലെ ഈ ദിനങ്ങൾ മാരകമായ പകർച്ചവ്യാധിയും അതോടനുബന്ധിച്ചുള്ള നിയമങ്ങളും നിയന്ത്രണങ്ങളും ഇടയന്മാരെയും അജഗണങ്ങളെയും ഒരുപോലെ ആത്മസംഘർഷത്തിലെത്തിച്ചിരിക്കുകയാണല്ലോ. ചിലർക്കെങ്കിലും ചിലപ്പോഴെങ്കിലും ഒറ്റപ്പെടലിന്റെ ചിന്ത കടന്നു കൂടിയേക്കാം. സെമിനാരിയിൽ ചേർന്ന നിമിഷം മുതൽ നമ്മുടെ ഏകസ്ഥ ജീവിതാന്തസ്സിനു അനുയോജ്യമായ രൂപീകരണം സിദ്ധിച്ചതിനാൽ വലിയ പ്രശ്നങ്ങളുണ്ടാകാൻ ഇടയില്ലായെന്നു ഞാൻ കരുതുന്നു. വൈദികർ ആരും തന്നെ ഒറ്റയ്ക്കല്ല. നാം സദാസമയവും പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യത്തിലും പരിശുദ്ധ അമ്മയുടെ തണലിലുമാണെന്ന ചിന്ത നമുക്ക് ആശ്വാസം പകരുന്നു. അജപാലന ശുശ്രൂഷകളുടെ തിരക്കിനിടയിൽ സ്വന്തം ആത്മാവിനെകുറിച്ച് ചിന്തിക്കുന്നതിനോ വ്യക്തിപരമായി പ്രാർഥിക്കുന്നതിനോ സമയം കിട്ടാതെ പോയിട്ടുണ്ടാകും. എന്നാൽ ഇപ്പോൾ നമുക്ക് നിരന്തരമായി പ്രാർഥിക്കുന്നതിനും വി.ഗ്രന്ഥം വായിക്കുന്നതിനും, ധ്യാനിക്കുന്നതിനും, പഠിക്കുന്നതിനും ആവശ്യത്തിനു സമയം ലഭിക്കുന്നു. നമ്മുടെ സഹവൈദികരെയും, ഇടവകമക്കളെയും, കുടുംബാംഗങ്ങളെയും, സുഹൃത്തുക്കളെയും ഉപകാരികളെയും ഓർത്തോർത്തു പ്രാർഥിക്കുവാൻ ലഭിച്ചിരിക്കുന്ന അവസരമായി ഈ ദിനങ്ങളെ കണക്കാക്കാവുന്നതാണ്.

വിശുദ്ധവാരത്തിലെ ചൊവ്വ, ബുധൻ ദിവസങ്ങളിലായിരുന്നുവല്ലോ നാം പൗരോഹിത്യ തിരുനാളായി ആഘോഷിച്ചിരുന്നത്. എന്നാൽ ഈ വർഷം ഓരോരുത്തർക്കും വ്യക്തിപരമായി പ്രാർഥിക്കുവാനും ഒരുങ്ങുവാനും ആഘോഷിക്കുവാനും മാത്രമേ കഴിയുകയുള്ളൂ.

പുരോഹിതൻ ആരാണ് ? അവന്റെ ദൗത്യമെന്താണ് ?

ഇത് പൗരോഹിത്യ ധർമ്മവും വൈദികരുടെ ജീവിതവും എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡിക്രി വളരെ വിശദമായി പ്രതിപാദിക്കു

ന്നുണ്ട്. സുപ്രധാന വചനങ്ങൾ നമ്മുടെ ശ്രദ്ധയിലേക്കു കൊണ്ടുവരാം.

അപ്പസ്തോലന്മാരുടെ പ്രേക്ഷിതവൃത്തിയിൽ പുരോഹിതനും അവരുടെ യോഗ്യതയനുസരിച്ച് പങ്കുചേരുന്നതുകൊണ്ട് ജനപദങ്ങളുടെയിടയിൽ ക്രിസ്തുവിന്റെ ശുശ്രൂഷകരാകാനുള്ള വരം ദൈവം അവർക്ക് പ്രദാനം ചെയ്യുന്നു. മനുഷ്യരുടെ കാഴ്ച സമർപ്പണങ്ങൾ ദൈവസന്നിധിയിൽ കൂടുതൽ സ്വീകാര്യമാകാനും പരിശുദ്ധാത്മാവാൽ അവ പവിത്രീകൃതമാകാനും വേണ്ടി അവർ സുവിശേഷത്തിന്റെ പരിശുദ്ധ ദൗത്യം ഏറ്റെടുക്കുന്നു. അപ്പസ്തോലികമായ ഈ സുവിശേഷ പ്രഘോഷണം വഴിയാണ് ദൈവജനം വിളിച്ചുകൂട്ടപ്പെടുന്നത്. ദൈവജനത്തിൽ ഉൾപ്പെടുന്ന എല്ലാവരും പരിശുദ്ധാത്മാവാൽ വിശുദ്ധീകരിക്കുന്നതോടെ സജീവവും പരിശുദ്ധവും ദൈവതിരുമുമ്പിൽ സംപ്രീതിജനകവുമായ ബലിവസ്തുക്കളായി. (റോമ 12,1) സ്വയം സമർപ്പിക്കുവാൻ അവർ പ്രാപ്തരായിത്തീരുന്നു. പുരോഹിതരുടെ പരികർമ്മം വഴി വിശ്വാസികളുടെ ആദ്ധ്യാത്മികബലികൾ ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ ബലിയോട് ഐക്യപ്പെട്ട് പരിപൂർണ്ണമാക്കുന്നു. പുരോഹിതന്മാരുടെ കരങ്ങൾ വഴിയായും സഭ മുഴുവന്റെയും നാമത്തിലും രക്തരഹിതവും കൗദാശികവുമായ വിധത്തിൽ കുർബാനയിൽ അർപ്പിക്കപ്പെടുന്ന ഈ ബലി, ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം വരെ തുടർന്നു കൊണ്ടേയിരിക്കും. ഇതാണ് പൗരോഹിത്യ ശുശ്രൂഷയുടെ ലക്ഷ്യം (PO.2).

പുതിയ നിയമത്തിലെ പുരോഹിതർ ദൈവാഹ്വാനവും ഗുരുപ്പട്ടവും വഴി ദൈവജനത്തിനുള്ളിൽത്തന്നെ വേർതിരിക്കപ്പെട്ടിരിക്കുകയാണെന്നു പറയാം. എന്നാൽ ഇത് ദൈവജനത്തിൽ നിന്നും മനുഷ്യസമുദായത്തിൽ നിന്നുതന്നെയും അകന്നു നിൽക്കാൻ വേണ്ടിയല്ല. പ്രത്യുത ദൈവം തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന വേലയ്ക്കു സമ്പൂർണ്ണമായി സ്വയം സമർപ്പിക്കാൻ വേണ്ടിയാണ് (PO 3).

തിരുപ്പട്ടസ്വീകരണം വഴി വൈദികർ നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പുരോഹിതരൂപം കൈക്കൊള്ളുന്നു. ശിരസ്സായ ക്രിസ്തുവിന്റെ ശുശ്രൂഷികളും മെത്രാന്മാരുടെ സഹപ്രവർത്തകരുമെന്ന നിലയിൽ ക്രിസ്തുവിന്റെ പൂർണ്ണ ശരീരമായ സഭ കെട്ടിപ്പടുക്കുന്നതിൽ വൈദികർ പ്രാപ്തരായിരിക്കണം. എല്ലാ ക്രൈസ്തവരേയും പോലെ അവരും ജ്ഞാനസ്നാന പ്രതിഷ്ഠയിൽ ദൈവവിളിയുടെയും ദൈവ-പ്രസാദത്തിന്റെയും അടയാളവും ദാനവും സ്വീകരിച്ചിരിക്കുന്നു. അതിനാൽ മാനുഷികമായ ബലഹീനതയ്ക്കധീനരെങ്കിലും പുണ്യപൂർണ്ണത പ്രാപിക്കുവാൻ അവർ പ്രാപ്തരാകുന്നു. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുക (മത്താ5:48) എന്ന ക്രിസ്തുവിന്റെ ഉപദേശമാണ് അവർക്ക് മാർഗ്ഗനിർദ്ദേശമായിരിക്കേണ്ടത്. ഈ പരിപൂർണ്ണത സമ്പാദിക്കുവാൻ സവിശേഷമായ ബാദ്ധ്യത വൈദികർക്കുണ്ട്. തിരുപ്പട്ട സ്വീകരണം വഴി പ്രത്യേക വിധത്തിൽ അവർ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെടുന്നു. നിത്യപുരോഹിതനായ ക്രിസ്തുവിന്റെ സജീവോപകരണങ്ങളാകുന്നു. (P.O. 12). വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ

അഭിപ്രായത്തിൽ ഒരു സാധാരണ മനുഷ്യൻ ദൈവത്തിങ്കലേക്ക് ഉയർത്തപ്പെടുന്ന കൂദാശയാണ് പൗരോഹിത്യം. ദൈവത്തിന്റെ സ്ഥാനം ഭൂമിയിൽ വഹിക്കുന്നവരാണ് പുരോഹിതർ. ദൈവം തന്റെ കഴിവുകളെല്ലാം നിക്ഷേപിക്കപ്പെട്ടവർ; പോവുക, പുരോഹിതനോട് ദൈവം അരുൾ ചെയ്യുന്നു – എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിന്നെ അയ്ക്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരങ്ങളും എനിക്ക് നൽകിയിരിക്കുന്നു. പോവുക എല്ലാ ജനതകളെയും പഠിപ്പിക്കുക. നിന്നെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിന്നെ തള്ളിപ്പറയുന്നവൻ എന്നെ തള്ളിപ്പറയുന്നു. പാപമോചനം നൽകുമ്പോൾ വൈദികൻ പറയുന്നത് ദൈവം നിന്നോട് ക്ഷമിച്ചിരിക്കുന്നു എന്നല്ലല്ലോ; ഞാൻ നിന്റെ പാപങ്ങൾ മോചിക്കുന്നു എന്നാണ്. ദിവ്യബലിയുടെ പ്രതിഷ്ഠാപന വചസ്സുകൾ ഇത് കത്താവിന്റെ ശരീരം / രക്തം എന്നല്ല പിന്നെയോ, ഇത് എന്റെ ശരീരം /രക്തം എന്നാണ്. ഇത്ര ഗൗരവത്തിലാണ് പരി. ബെനഡിക്ട് പതിനാറാമൻ പാപ്പ വൈദികരോട് ആഹ്വാനം ചെയ്യുന്നത്: 'പ്രിയപ്പെട്ട വൈദികരേ, നിങ്ങൾ നിങ്ങളുടെ പൗരോഹിത്യത്തിന്റെ ശക്തി ശരിയായി തിരിച്ചറിയണം. നിങ്ങൾ ഇന്ന് എന്തായിരിക്കുന്നുവോ അത് പൗരോഹിത്യമെന്ന കൂദാശയിലൂടെ ലഭ്യമായതാണ്. നിങ്ങളുടെ സർവ്വകഴിവുകളും ബലിയർപ്പണമനോഭാവവും നിങ്ങളുടെ അധരങ്ങളിലൂടെയും കരങ്ങളിലൂടെയും അവന്റെ നാമത്തിൽ, in persona Christi, നിറവേറ്റുവാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് (വാർസാവിയായിലെ വൈദികരോട്, Miei Cari Sacardoti, P. 29). പുരോഹിതന്റെ വില എത്ര മാത്രമെന്ന് ആർസിലെ വികാരി വർണ്ണിക്കുന്നുണ്ട്. ഓ, പുരോഹിതാ നീ എത്ര ഉന്നതാണ്: സ്വർഗ്ഗത്തിലെത്തുന്നതുവരെ പൗരോഹിത്യത്തിന്റെ മഹത്വം നിനക്കു പർണ്ണമായി മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. തന്റെ ഔന്നത്യം പൂർണ്ണമായി മനസ്സിലാക്കുന്ന പുരോഹിതൻ തത്ക്ഷണം മൃതനാകും, ഭയം കൊണ്ടല്ല, ദൈവസ്നേഹത്തിന്റെ ആധിക്യത്താൽ.

പ്രിയ വൈദികരേ, നമ്മുക്ക് ആനന്ദിക്കാം, ആഹ്ലാദിക്കാം. നമ്മുടെ ജീവിതാന്തസ്സിന്റെ ശ്രേഷ്ഠതയെ ഓർത്ത്. ഇപ്പോൾ നാം ഒറ്റയ്ക്കായിരിക്കാം, ആരും നമ്മെ ഗൗനിക്കില്ലായിരിക്കാം, അഭിനന്ദിക്കില്ലായിരിക്കാം, നമ്മുടെ സഹവൈദികർക്കും ഇടവകമക്കൾക്കും ബന്ധുജനങ്ങൾക്കും സുഹൃത്തുകൾക്കും നമ്മുടെ അരികെ എത്തുവാൻ കഴിയുകയില്ലായിരിക്കും. എന്നാൽ നമ്മെ സമൂഹത്തിൽ നിന്ന് വിളിച്ച് വേർതിരിച്ച് അഭിഷേകം ചെയ്ത് ഇതുവരെ നമ്മെ വഴി നടത്തിയ സ്നേഹനാഥന്റെ കരവലയത്തിലാണെന്ന ബോദ്ധ്യം നമുക്ക് ആശ്വാസം പകരും, ആത്മധൈര്യമേകും. സദാ ഉണർവോടെ വ്യാപരിക്കുവാൻ ശക്തി നല്കുകയും ചെയ്യും.

പൗരോഹിത്യമെന്ന മഹാദാനം

ഒരുവൻ പുരോഹിതനാകുന്നത് ഒരു ഉദ്യോഗസ്ഥനായിട്ടോ തൊഴിൽ കരാർ പാലിക്കാനോ അല്ല. അത് ദൈവത്തിന്റെ ഒരു മഹാദാനമായിട്ടാണെന്ന യാഥാർത്ഥ്യം അംഗീകരിക്കപ്പെടുകയും വിലമതിക്കപ്പെടുകയും വേണം എന്ന് പരി.ഫ്രാൻസിസ് പാപ്പാ സഗൗരവം

പ്രസ്താവിച്ചു. (Domus Sanctae Marthae യിലെ ദിവ്യബലിവേളയിൽ പുരോഹിതരോട് Sept 19, 2019).

ഒരു മനുഷ്യനും സ്വയം ക്രിസ്തുവിന്റെ പുരോഹിതനാകുവാൻ സാദ്ധ്യമല്ല. ഓരോ പുരോഹിതനും പ്രവാചകന്മാരെപ്പോലെ മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പ് ദൈവം അറിയുകയും വിശുദ്ധീകരിക്കുകയും പ്രത്യേക ദൗത്യം നിശ്ചയിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണല്ലോ സവിശേഷമായ ദൈവവിളിയായി പരിഗണിക്കപ്പെടുന്നത്. തിരുപ്പട്ടകൂദാശ സ്വീകരിക്കുവാൻ ആർക്കും അവകാശമില്ല. വാസ്തവത്തിൽ ആരും സ്വയമായി ഈ ദൗത്യം ഏറ്റെടുക്കുന്നില്ല. അതിലേക്ക് ദൈവത്തിൽ നിന്ന് വിളി ഉണ്ടാകുന്നു (CCC.1578). ഈ മഹാദാനത്തിന്റെ സവിശേഷത ഗ്രഹിക്കുന്ന ഓരോ പുരോഹിതനും തന്റെ കഴിവുകളിലോ പ്രകടമായ നേട്ടങ്ങളിലോ ഒരു കാരണവശാലും അഹങ്കരിക്കുകയില്ല. തന്റെ നാഥനെപ്പോലെ എളിമയും വിനയവുമുള്ളവനുമാകുവാനേ ശ്രമിക്കുകയുള്ളു. നമ്മുടെ വ്യക്തിപരമായ ഒന്നും പരിഗണിക്കാതെ നമ്മെ സ്നേഹിച്ച സർവ്വേശ്വരന്റെ മുമ്പിൽ നമുക്ക് നമ്രശിരസ്ക്കരാവാം.

ഉന്നതങ്ങളിലെ കാര്യം അന്വേഷിക്കാം.

ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതങ്ങളിലുള്ളവയെ അന്വേഷിക്കുവിൻ. ഭൂമിയിലുള്ള വസ്തുക്കളിലല്ല പ്രത്യുത ഉന്നതങ്ങളിലുള്ളവയിൽ ശ്രദ്ധിക്കുവിൻ (കൊളോ. 3:1-2). ഇന്നു പുരോഹിതർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയും പ്രശ്നങ്ങളെയും കുറിച്ച് സംസാരിച്ചപ്പോൾ ഒരു വന്ദ്യ വൈദികൻ പ്രതികരിച്ചത്, ഇന്ന് ആർക്കും സ്വർഗ്ഗം ഒരു വിഷയമല്ല എന്നാണ്. ആ നിമിഷം എന്റെ മനസ്സിലേക്ക് കടന്നുവന്നത് മുകളിലുദ്ധരിച്ച വി.പൗലോസിന്റെ വചനങ്ങളായിരുന്നു. ഇന്ന് വൈദികരുടെയിടയിൽ അനേകം പണ്ഡിതന്മാരും, സിദ്ധന്മാരും, സാമൂഹ്യപരിഷ്കർത്താക്കളും, നിർമ്മാണ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരെയും കാണാം. അവരെ ലോകം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഇതൊക്കെ അപ്രാപ്യമാണെന്ന ചിന്തയാൽ ആകുലരാകുന്നവരുമുണ്ടായിരിക്കാം. എന്നാൽ തന്റെ പൗരോഹിത്യത്തിൽ അഭിമാനം കൊണ്ട് തന്റെ വിശുദ്ധികരണത്തിനും തന്നെ ഭരമേൽപ്പിച്ചിരിക്കുന്നവരുടെ വിശുദ്ധികരണത്തിനുമായി ജീവൻ സമർപ്പിക്കുന്ന വൈദികരല്ലേ ഏറ്റവും സംതൃപ്തർ?

ഇത്തരുണത്തിൽ വി. യൗസേപ്പിന്റെ അൽവിത്തോ ഫെർണാണ്ടസ് എന്ന കർമ്മലീത്ത വൈദികന്റെ അഭിപ്രായം ശ്രദ്ധേയമാണ്: ദൈവരാജ്യം അവതരിപ്പിക്കുന്നതിനു പകരം സഭയിലെ ചില അഭിഷിക്തർ, പുരോഹിതർ, സന്യാസികൾ, വിശ്വാസികൾ എന്നിവർ ജോലിയിൽ ബന്ധശ്രദ്ധരായിരിക്കുന്നത് പരിതാപകരമായ ഒരവസ്ഥയാണ്.ഒരു പുരോഹിതൻ ദൈവരാജ്യത്തിന്റെ അനുഭവമില്ലാതെ അസൂയാ വഹമായ പ്രവർത്തികളെപ്പറ്റി ചിന്തിക്കുക, രാജ്യമില്ലാത്ത രാജാവിനെപ്പോലെയാണ്

ആ പുരോഹിതൻ. ഇന്ന് ദൈവമക്കൾ ജോലിക്ക് അടിമകളായിരിക്കുന്ന അവസ്ഥയാണ്. ആശുപത്രികൾ, സാമൂഹ്യ സേവന രംഗത്ത്, വിദ്യാഭ്യാസ മേഖലയിൽ പലപല പദവികളിൽ, അദ്ധ്യാപകർ, പ്രിൻസിപ്പൽ, അഡ്മിനിസ്ട്രേറ്റർ, ഹെഡ്മിസ്ട്രസ്, പുരോഹിതർ എല്ലാവരും ദൈവരാജ്യം നേടുന്നതിനു പകരം സ്വന്തമായ കരിയർ മേഖലകൾ തേടുന്ന സ്ഥിതിയാണിത്. തത്വചിന്തകർ, വേദപണ്ഡിതർ, ഡോക്ടർമാർ, കൗൺസിലർമാർ, മനഃശാസ്ത്രജ്ഞർ, എന്നിങ്ങനെ വിവിധ രംഗങ്ങളിൽ ഭൗതിക നേട്ടങ്ങൾക്കായുള്ള ഓട്ടപ്പന്തയത്തിലാണവർ. അതേ അറിവിന്റെയും അധികാരത്തിന്റെയും പ്രവർത്തനങ്ങളുടെയും അടിമത്തത്തിൽ അകപ്പെട്ടിരിക്കുകയാണ് നല്ലൊരു വിഭാഗം. (പുനർജനിച്ചവരുടെ സ്വാതന്ത്ര്യം, വിവർ: ലൗലി ചെറിയാൻ, p.18). ഭൗതിക ജീവൻ നിലനിർത്താൻ തത്രപ്പെടുകയാണ് ലോകം. ആത്മീയജീവൻ ലോകത്തിനു വിഷയമല്ല. നാം നീങ്ങേണ്ടത് ലോകത്തിനൊപ്പമാണോ? നമുക്ക് ആത്മവിചിന്തനം നടത്താം. ലോകത്തിൽ ലോകത്തിന്റേതല്ലാതായി ജീവിതസാക്ഷ്യം നൽകുവാൻ വിളിക്കപ്പെട്ടവരല്ലേ നമ്മൾ ? ഭൗതികമായ നേട്ടങ്ങളും വളർച്ചയും കാംക്ഷിക്കുന്നുവെങ്കിലും നമ്മുടെ ജനം പ്രത്യാശവയ്ക്കുന്നത് എപ്രകാരമുള്ള വൈദീകരെയാണ് ?

തൈലപരികർമപൂജയും പൗരോഹിത്യവ്രത വാഗ്ദാനനവീകരണവും

വിശുദ്ധവാരത്തിലെ ബുധനാഴ്ചയാണല്ലോ നാം പതിവായി തൈല പരികർമപൂജ അർപ്പിച്ചിരുന്നത്. എല്ലാ വൈദികരുടെയും രൂപതാ മക്കളുടെയും സാന്നിദ്ധ്യത്തിൽ ഈ ബലി അർപ്പിക്കുവാൻ സാദ്ധ്യ മാകാത്ത സാഹചര്യത്തിൽ മറ്റൊരു ദിവസത്തേയ്ക്കു മാറ്റിവയ്ക്കാ വുന്നതാണ്. എന്നാൽ ബഹു.ഫൊറോന വികാരിമാരിലൂടെ വൈദികരുടെ അഭിപ്രായമാരാഞ്ഞപ്പോൾ ബുധനാഴ്ചതന്നെ നട - ത്തുന്നതാണ് ഉചിതമെന്ന പൊതു അഭിപ്രായമാണ് ലഭിച്ചത്. ആയതിനാൽ ഈ വർഷവും ബുധനാഴ്ച രാവിലെ 7.30 ന് നമ്മുടെ ഭദ്രാസന ദൈവാലയമായ വിമലഗിരി കത്തീഡ്രലിൽ ജനരഹിതമായി തൈലപരികർമപൂജ അർപ്പിക്കുന്നതാണ്. നിങ്ങളേവരുടെയും ആത്മീയമായ സാന്നിദ്ധ്യം ഞാൻ പ്രതീക്ഷിക്കുന്നു. അന്നേ ദിവസം നിങ്ങൾ ബലി അർപ്പിക്കുമ്പോൾ, ജനരഹിതമാണെങ്കിലും, പൗരോഹിത്യ വ്രതവാഗ്ദാനം നവീകരിക്ക ണമെന്ന് സസ്നേഹം അഭ്യർത്ഥിക്കുന്നു.

ആത്മനാ നമ്മുടെ ജനത്തോടൊപ്പം

നിത്യേന ദിവ്യബലിയിൽ പങ്കെടുക്കുന്നതിനും വിശിഷ്യാ വിശുദ്ധവാര ശുശ്രൂഷകളിൽ സജീവമായി ഭാഗഭാക്കാകുന്നതിനും സാദ്ധ്യമാകാത്തതു മൂലം നമ്മുടെ ജനം വളരെയധികം ആത്മീയ സംഘർഷത്തിലാണെന്നു ഞാൻ മനസ്സിലാക്കുന്നു. നാം ജനരഹിത ശുശ്രൂഷകൾ നടത്തുന്ന യഥാസമയം വിശ്വാസികൾ ഭവനങ്ങളിലിരുന്ന് ആത്മനാ ഐക്യപ്പെടാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്, പ്രത്യേകിച്ച് വിശുദ്ധവാരത്തിലെ തിരുക്കർമ്മങ്ങൾ കൃത്യസമയം അവരെ അറിയിക്കുക.

പ്രധാനപ്പെട്ട ദിനങ്ങളിലെ ആരാധന ശുശ്രൂഷാ സഹായി ലിറർജി കമ്മീഷനിൽ നിന്നും നൽകുന്നതായിരിക്കും.

കഷ്ടപ്പെടുന്നവരോട് പക്ഷം ചേരൽ

മുറികളിൽ പൂട്ടപ്പെട്ട അവസ്ഥയിലാണല്ലോ നാമും നമ്മുടെ ജനങ്ങളും. വളരെയധികം പേരും ഭക്ഷണത്തിനും മറ്റുമായി ചില മുൻകരുതലുകൾ എടുത്തിട്ടുണ്ടാകും. എന്നാൽ ദിവസങ്ങൾ കഴിയുംതോറും അവശ്യവസ്തുക്കളുടെ കുറവുണ്ടാകാൻ സാദ്ധ്യതയുണ്ട്. നമ്മുടെ സർക്കാരും പ്രാദേശിക ഭരണ സംവിധാനങ്ങളുമെല്ലാം സജ്ജമാക്കുന്നവ നമ്മുടെ ജനങ്ങൾക്ക് പ്രത്യേകിച്ച് ഏകസ്ഥർ, വിധവകൾ, വൃദ്ധർ, രോഗികൾ എന്നിവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അത്യാവശ്യഘട്ടങ്ങളിൽ സഹായിക്കുന്നതിനായി സർക്കാരിന്റെ നേതൃത്വത്തിലുള്ള സന്നദ്ധ സംഘടനയിൽ പേരു നൽകുവാൻ നമ്മുടെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കണം. അതീവശ്രദ്ധ ചെലുത്തേണ്ടത്, അച്ചന്റെ പ്രദേശത്ത് ആരും തന്നെ പട്ടിണി കിടക്കാതിരിക്കുന്നതിനാണ്. ആവശ്യമായ അടിയന്തര സഹായങ്ങൾക്ക് വി.എസ്.എസ്.എസിനെ സമീപിക്കുക. ദൈനംദിന ആവശ്യങ്ങൾക്ക് അച്ചന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകുന്നുവെങ്കിൽ കൂരിയായുമായി ബന്ധപ്പെടാൻ മടിക്കരുത്.

നമുക്ക് ഒരുമയോടെ, സ്വരുമയോടെ, സ്നേഹത്തോടെ സർവ്വോപരി നമ്മുടെ ബലിയർപ്പണങ്ങളിലൂടെ, യാമപ്രാർഥനയിലൂടെ, കരുണ ക്കൊന്തകളിലൂടെ, ജപമാല സമർപ്പണത്തിലൂടെ ഈ മഹാവിപത്തിനെ അതിജീവിക്കാം. അച്ചനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ, എനിക്കു വേണ്ടിയും പ്രാർഥിക്കണം. ഏവരേയും പരിശുദ്ധ വിമലഗിരി മാതാവിന്റെ തിരുസവിധേ സമർപ്പിച്ചു കൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചുകൊള്ളുന്നു.

കോട്ടയം
02/04/2020

✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
വിജയപുരം മെത്രാൻ

ചിത്രകലാ അദ്ധ്യാപികയുടെയും സംസ്കൃത അദ്ധ്യാപികയുടെയും ഒഴിവിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. യോഗ്യതകൾ ചുവടെ ചേർക്കുന്നു.

ചിത്രകലാ അദ്ധ്യാപികയ്ക്കുവേണ്ട യോഗ്യതകൾ

1. Pass in S.S.L.C. or its equivalent qualification,
2. Diploma in Drawing or Group Certificate in Drawing (KGTE or MGTE) and K -TET

സംസ്കൃത അദ്ധ്യാപികയ്ക്കുവേണ്ട യോഗ്യതകൾ

1. Pass in HSE or its equivalent qualification
2. Passed Certificates in Prak- Shastri or Adyapak pareeksha and K-TET

Diocese of Vijayapuram

CIRCULAR LETTER

VOL. XIV • NO. 07 • 2020 • APRIL 2020

ദൈവമാതാവുമൊത്ത് ഈസ്റ്റർ ആഘോഷിക്കാം

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

പ്രഥമ ഈസ്റ്റർ ആഘോഷം : 2020 ലെ നോമ്പാചരണവും വിശുദ്ധവാരാചരണവുമൊക്കെ കർശനമായ നിയന്ത്രണത്തിൽ (Lockdown) നടത്തേണ്ടി വന്ന ഈ വേളയിൽ യേശുവിന്റെ ശിഷ്യരും സ്നേഹിതരും അകന്നും അടുത്തും അനുകരിച്ചവരും എപ്രകാരമാണ് ഈസ്റ്റർ ആഘോഷിച്ചത് എന്ന വസ്തുത വിചിന്തനംചെയ്യുന്നത് അഭിലഷണീയമായിരിക്കും. പ്രത്യാശ നഷ്ടപ്പെട്ട ശിഷ്യൻമാർ ചിതറിപ്പോയി. അവനിൽ വിശ്വസിച്ചവർക്കു വല്ലാത്ത നഷ്ടബോധവും അസ്വസ്ഥതയും നിരാശയുമാണുണ്ടായത്. ചിലർ ജറൂസലേമിൽ നിന്ന്ഓടിയകലുവാൻ ശ്രമിക്കുകയായിരുന്നു (ലൂക്ക 24:13). ചില യഹൂദ പുരോഹിതന്മാരും ഫരിസേയരും അവൻ പഠിപ്പിച്ചതൊക്കെ തട്ടിപ്പാണെന്നും അവന്റെ ശിഷ്യന്മാർ വന്ന് ശരീരം മോഷ്ടിച്ചുകൊണ്ടു പോയിട്ട്അവൻ ഉയിർത്തെഴുന്നേറ്റതായിട്ട് പ്രചരണം നടത്തുമെന്നും അതുകൊണ്ട് കല്ലറയ്ക്കു കാവലേർപ്പെടുത്താനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. വാസ്തവത്തിൽ കാവൽക്കാർ ഉത്ഥാനത്തിന്റെ ആദ്യത്തെ സാക്ഷികളാവാൻ അതു കാരണമായി. അവർ സത്യമായും ഇവൻ ദൈവപുത്രനായിരുന്നുവെന്ന് (മത്താ 27:54) ഏറ്റുപറയുകയും സംഭവിച്ചതെല്ലാം പ്രധാന പുരോഹിതന്മാരെ അറിയിക്കുകയും ചെയ്തു. ആ വാർത്ത കൂടുതൽ പ്രചരിപ്പിക്കാതിരിക്കാൻ കാവൽക്കാർക്ക് പണം കൊടുത്തുകൊണ്ട് കളവു പറയിക്കാനുള്ള നീക്കങ്ങളുമുണ്ടായി എന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു (മത്താ 28:12-15). മൃതദേഹം അഭിഷേകം ചെയ്യുവാനുള്ള തൈലവുമായിട്ടാണ് ചില സ്ത്രീകൾ കല്ലറയുടെ സമീപത്തേയ്ക്ക് പോയത്. ശാബതമായിരുന്നതുകൊണ്ട് യേശുവിനെ വേഗം അടക്കം ചെയ്തതുമൂലം വേണ്ട അഭിഷേകം നടത്തുവാൻ കഴിഞ്ഞിരുന്നില്ല. അവനോടുള്ള സ്നേഹംമൂലമാണ് അവർ കല്ലറയിങ്കലേയ്ക്കുപോയത്. അവരാരുംതന്നെ യേശു ഉടലോടെ ഉയിർത്തെഴുന്നേറ്റുവെന്ന് വിശ്വസിച്ചിരുന്നില്ല. എന്നാൽ യേശുവിന്റെ മാതാവായമറിയം കല്ലറയ്ക്കരികിലേയ്ക്കു പോയതായി നാം കാണുന്നില്ല. കാരണം പ്രവചനങ്ങളും യേശുവിന്റെ പഠനങ്ങളും വിശ്വസിക്കുവാനുള്ള ഒരു പ്രത്യേക അഭിഷേകം അവൾക്കുണ്ടായിരുന്നു. അവളുടെ ജീവിതത്തിലുണ്ടായ ദൈവികമായ ഇടപെടലുകളിലെല്ലാം

അതുസ്പഷ്ടമായി മനസ്സിലാക്കാവുന്നതാണ്. ഒരു കന്യകയ്ക്കും ഗ്രഹിക്കാനാകാത്ത വാർത്തയുമായാണ് ഗബ്രിയേൽ ദൂതൻ അവളെ സമീപിക്കുന്നത്. അവളുടെ പ്രതികരണം ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ (ലൂക്ക 1:34). വീണ്ടും ദൂതൻ വ്യക്തമാക്കുന്നു. പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും.ഇതാ, നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്നു പറഞ്ഞിരുന്ന അവൾക്ക് ഇത് ആറാം മാസമാണ് . ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1:35-37). ദൈവത്തിൽ പ്രത്യാശവച്ചുകൊണ്ടുള്ള ഒരു മറുപടിയാണ് മറിയം നൽകുന്നത്. ദൈവത്തിന്റെ രക്ഷാകര പദ്ധതിയോടു പൂർണ്ണമായ സഹകരണം വാഗ്ദാനം ചെയ്തുകൊണ്ട് പറഞ്ഞു: ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (ലൂക്കാ 1:38).

ശിശുവിന്റെ ജനനത്തിനു ശേഷമുള്ള സംഭവവികാസങ്ങൾഎപ്രകാരമാണ് മറിയം ഏറെറടുത്തതെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നുണ്ട്: മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു (ലൂക്കാ 2: 34-35). ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും. അങ്ങനെ, അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും (ലൂക്കാ 2: 34-35). ശിമയോന്റെ പ്രശംസകളും ഹൃദയഭേദകമായ പ്രവചനങ്ങളുമൊക്കെ മറിയം സ്വീകരിച്ചത് പക്വമായ ഹൃദയത്തോടെയായിരുന്നു.

ബാലനായ യേശുവിനെ മൂന്നാം നാൾ ദൈവാലയത്തിൽ വച്ചു കണ്ടുമുട്ടുമ്പോൾ യേശു മാതാപിതാക്കളോട് ചോദിച്ചത്: നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന്; നിങ്ങൾ അറിയുന്നില്ലേ? (ലൂക്കാ 2: 49). യാതൊരുവിധ പരിഭവവും പ്രകടിപ്പിക്കാതെ മറിയം ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്കാ 2 : 51). വീഞ്ഞ് തീർന്നതുമൂലം കാനായിലെ കല്യാണവിരുന്നിന്റെ ആതിഥേയർ അവഹേളിതരാകുമെന്ന് തിരിച്ചറിഞ്ഞ മറിയം മകനോട് ആദ്യത്തെ മാധ്യസ്ഥ്യംനടത്തുമ്പോഴുള്ള യേശുവിന്റെ മറുചോദ്യം പിന്നീടു ചിലർക്കൊക്കെ ഉതപ്പുണ്ടാക്കുന്നവിധത്തിലായിരുന്നു. സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല (യോഹന്നാൻ 2: 4). രക്ഷാകര ചരിത്രത്തിലെ മറിയത്തിന്റെ മഹനീയസ്ഥാനത്തെ കുറച്ചുകാണിക്കാൻ ചില ക്രിസ്തീയ വിഭാഗങ്ങൾ ഈ മറുപടിയെ ഉപയോഗിച്ചു. അതായത് യേശുവിനെ സംബന്ധിച്ചിടത്തോളം മറിയം വെറും ഒരു സ്ത്രീ മാത്രം. ദൈവപുത്രനു ജന്മം ഒരുക്കുവാനുള്ള ഒരു ഉപകരണം മാത്രമായി അവളെ കണ്ടാൽ മതി എന്നാണ് അവരുടെ അഭിപ്രായം. എന്നാൽ ഒരു സ്ത്രീ മൂലം ലോകത്തിനു മരണം വാങ്ങിക്കൊടുത്തു എങ്കിൽ ദൈവം മറ്റൊരു സ്ത്രീ വഴിയായി ജീവൻ വീണ്ടെടുത്തു കൊടുക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപിക്കും (ഉൽപത്തി 3: 15). തന്റെ അമ്മയെ സ്ത്രീ എന്ന് വിളിച്ചു കൊണ്ട് സാത്താന്റെ തല തകർക്കുന്നവന്റെ അമ്മയായ സ്ത്രീ മറിയം തന്നെയാണെന്ന് യേശുപരസ്യമായി

പ്രഖ്യാപിക്കുകയായിരുന്നു. വീണ്ടും എന്റെ സമയം ഇനിയും ആയിട്ടില്ല എന്ന പ്രസ്താവനയോടെ തന്റെ പരസ്യശുശ്രൂഷ ആരംഭിക്കാറായോ എന്ന സംശയനിവാരണം നടത്തുവാനുമാണ് യേശു ആ അവസരം വിനിയോഗിക്കുന്നത്. മകൻ തന്നെസ്ത്രീ എന്നു വിളിച്ചതിൽ യാതൊരു പരിഭവവും കാണിക്കാതെ യേശുവിന്റെപരസ്യശുശ്രൂഷയ്ക്കുള്ള സമയമായെന്ന് വെളിപ്പെടുത്തിക്കൊണ്ടും അതിൽ തന്റെ പങ്ക് എന്താണെന്ന് ബോധ്യപ്പെട്ടു കൊണ്ടും അവരെ ഉപദേശിക്കുന്നു. അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ (യോഹ 2:5). യേശുവിന്റെ ആദ്യത്തെ അത്ഭുതത്തിന് അമ്മയുടെ മാധ്യസ്ഥ്യം നിമിത്തമാകുന്നു. ആ കുടുംബം വലിയ അവഹേളനത്തിന്റെ വക്കിൽ നിന്ന് രക്ഷ പ്രാപിക്കുന്നു.

ജനക്കൂട്ടത്തോട് പ്രസംഗിച്ചു കൊണ്ടിരുന്ന യേശുവിനെ കാണാൻ അമ്മയും സഹോദരരും കാത്തുനിൽക്കുന്നുവെന്ന് അറിയിച്ചപ്പോൾ യേശുവിന്റെ വെളിപ്പെടുത്തൽ; ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ? തന്റെ ശിഷ്യരുടെനേരേ കൈ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ, എന്റെ അമ്മയും സഹോദരരും. സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും (മത്തായി 12:46-50; മാർക്കോസ് 3:31-38; ലൂക്കാ 8:19-21).ദൈവഹിതം മാത്രം നിറവേറ്റി ജീവിക്കുന്ന തന്നെ മകൻ ആദരിക്കുകയായിരുന്നു എന്നായിരിക്കണം മറിയം ചിന്തിച്ചത്.

പരി. മറിയം മനുഷ്യകുലത്തിന്റെ മാതാവ്

തനിക്കുവേണ്ടി പിതാവായ ദൈവം ഉരുവാക്കിയെടുത്ത തന്റെ അമ്മ തനിച്ചാവാതെയും താൻ അവസാനം വരെ സ്നേഹിച്ച തന്റെ ശിഷ്യന്മാർ അനാഥരായി മാറാതിരിക്കാനും കുരിശിലെ അന്ത്യ നിമിഷത്തിൽ തന്റെ അമ്മയ്ക്ക് മകനായി യോഹന്നാനെയും യോഹന്നാന് അമ്മയായി മറിയത്തെയും നൽകുമ്പോൾ സഭയുടെ മഹത്തായ തുടക്കം കുറിക്കുകയായിരുന്നു. ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു (യോഹ 19:26-27). രക്ഷണീയ രഹസ്യങ്ങളുടെ ഏറ്റവും അടുത്ത സാക്ഷിയെന്ന നിലയിൽ അപ്പസ്തോലന്മാരുടെയും മറ്റുള്ളവരുടെയും വിശ്വാസ വളർച്ചയിൽ മറിയത്തിന് നിർണ്ണായകമായ സ്ഥാനം ആദിമസഭകൽപിച്ചിരുന്നു. ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർഥനയിൽ മുഴുകിയിരുന്നു (അപ്പ 1:4). രണ്ടാം വത്തിക്കാൻ കൗൺസിൽ മറിയത്തെ പ്രസാദവരത്തിന്റെ മാതാവായിട്ടാണ് അംഗീകരിക്കുന്നത്. ദൈവവചനം മനുഷ്യനായി അവതരിക്കണമെന്നു ദൈവപരിപാലന അനാദിയിൽ നിശ്ചയിച്ചപ്പോൾ പ. ക. മറിയത്തെ ദൈവമാതാവായി തിരഞ്ഞെടുത്തു. ദൈവപരിപാലനയുടെ ക്രമീകരണംവഴി അവൾ ലോകത്തിൽ ദിവ്യരക്ഷകന്റെ വത്സലമാതാവായും അതുല്യമാംവിധം ഉൽകൃഷ്ടയായ സഹപ്രവർത്തകയായും, കർത്താവിന്റെ എളിയ ദാസിയായും സേവനമനുഷ്ഠിച്ചു. അവൾ ക്രിസ്തുവിനെ ഗർഭം ധരിച്ചു പ്രസവിക്കുകയും വളർത്തിക്കൊണ്ടു വരുകയും ചെയ്തു. ദൈവാലയത്തിൽവച്ച് പിതാവിന് അവിടത്തെ കാഴ്ചവയ്ക്കുകയും ക്രിസ്തു കുരിശിൽ കിടന്നു മരിച്ചപ്പോൾ അവിടത്തെ പീഡകളോടു സ്വയം യോജിപ്പിക്കുകയും ചെയ്തു. ഇങ്ങനെ ആത്മാക്കൾക്കും അതിസ്വാഭാവികജീവൻ പ്രാപിച്ചുകൊടുക്കാനുള്ള രക്ഷകന്റെ ദൗത്യത്തിൽ അവൾ തന്റെ അനുസരണം,

വിശ്വാസം, ശരണം, ഉജ്ജ്വലിക്കുന്ന ഉപവി എന്നിവവഴി തികച്ചും അനിതരസാധാരണമായ രീതിയിൽ സഹകരിച്ചു. ഇതുകൊണ്ടാണു പ്രസാദവരമണ്ഡലത്തിൽ അവൾ നമ്മുടെ മാതാവായിരിക്കുന്നത് (LG.61).തുടർന്നു സഭയുടെ പ്രതിരൂപമായിട്ടാണ് മറിയത്തെ വർണ്ണിക്കുന്നത്. ദിവ്യനാഥന്റെ മാതൃത്വത്തിന്റെ ദാനവും ദൗത്യവും വഴി രക്ഷകനായ തന്റെ പുത്രനോട് ബന്ധപ്പെട്ടിരിക്കുന്ന പരിശുദ്ധ കന്യകാമറിയം തന്റെ സവിശേഷമായ വരങ്ങളാലും ഉദ്യോഗങ്ങളാലും സഭയോട് സഗാഢം ബന്ധപ്പെട്ടാണിരിക്കുന്നത് (LG.63). കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത് കൃപാവരത്തിന്റെ കാര്യത്തിൽ മറിയം സഭയുടെ അമ്മ ആണെന്നാണ്. കന്യകാമറിയം പിതാവിന്റെഹിതത്തിനും അവിടുത്തെ പുത്രന്റെ രക്ഷകരപ്രവൃത്തിക്കും പരിശുദ്ധാത്മാവിന്റെ ഓരോ പ്രചോദനത്തിനും തികച്ചും വിധേയയായി നിന്നുകൊണ്ട് സഭയ്ക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും മാതൃകയായിരിക്കുന്നു. അവൾ അങ്ങനെ സഭയുടെ മഹോന്നതവും തികച്ചും അനന്യയുമായ അംഗമാണ്. യഥാർത്ഥത്തിൽ അവൾ സഭയുടെ മാതൃകാപരമായ സാക്ഷാത്കാരവും പ്രതിരൂപവും ആകുന്നു (CCC.967).യേശുനാഥൻ മനുഷ്യർക്കു നൽകിയ ഏറ്റവും മഹോന്നതമായ സമ്മാനമായ പരിശുദ്ധ കുർബാനയുടെ മുന്നാസ്വാദനം നടത്തിയവളാണെന്നാണ് വി.ജോൺ പോൾ രണ്ടാമൻ പാപ്പ സമർത്ഥിക്കുന്നത്. ഒരർത്ഥത്തിൽ പറഞ്ഞാൽ വിശുദ്ധ കുർബാനയുടെ സ്ഥാപനത്തിനു മുമ്പേതന്നെ, ദൈവവചനത്തിനു മനുഷ്യാവതാരം ചെയ്യുവാൻ തന്റെറ കന്യകാഉദരം സമർപ്പിച്ചതിലൂടെ, മറിയം *വിശുദ്ധ കുർബാന വിശ്വാസ*ത്തിൽ ജീവിച്ചിരുന്നു. പീഡാസഹനവും, ഉത്ഥാനവും അനുസ്മരിക്കുന്ന വിശുദ്ധ കുർബാന, മനുഷ്യാവതാരത്തിന്റെ തുടർച്ചയുമാണ്. മംഗലവാർത്തയിൽ, മറിയം ദൈവപുത്രനെ, അവിടുത്തെ ഭൗതികയാഥാർത്ഥ്യത്തിൽ ശരീരവും രക്തവുമായി ഉൾക്കൊണ്ടു. കർത്താവിന്റെ ശരീരവും രക്തവും അപ്പത്തിന്റെറയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ സ്വീകരിക്കുന്ന ഓരോ വിശ്വാസിയിലും ഏതാണ്ട് സമാനമായി കൗദാശികമായി സംഭവിക്കുന്നതിന്റെ മുൻകൂട്ടികാണൽ ആയിരുന്നു അത് (സഭയും വിശുദ്ധ കുർബാനയും, 55).യുവജനങ്ങൾ ആവേശത്തോടെ മാതൃകയായി അനുകരിക്കേണ്ടത് പരിശുദ്ധ മറിയത്തെയായിരിക്കണമെന്ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നു. വെല്ലുവിളികളുടെ മുമ്പിൽ അവൾ പതറിയില്ല. ഭാവിയെക്കുറിച്ച്ആകുലയായില്ല. മറിയം ഒരു ഇൻഷുറൻസ് പോളിസി എടുത്തില്ല. അവൾ അപകടസാധ്യത ഏറ്റെടുത്തു. ഇക്കാരണത്താൽ അവൾ ശക്തയാണ്, സ്വാധീനിക്കുന്നവളുമാണ് (ക്രിസ്തു ജീവിക്കുന്നു,44). വേദനകളുടെ നടുവിലും സന്തോഷം കവിഞ്ഞൊഴുകുന്ന ഒരു ഹൃദയം അവൾക്കുണ്ടായിരുന്നു. മറ്റുള്ളവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് സഹായിക്കുന്നതിനുള്ള ഒരു മനസ്സായിരുന്നു അവളുടേത്. ഇന്ന് മക്കളായ നമ്മെ നോക്കിക്കൊണ്ടിരിക്കുന്ന അമ്മയാണ് മറിയം. ജീവിതത്തിലുള്ള നമ്മുടെ യാത്രയിൽ, മിക്കപ്പോഴും ക്ഷീണിക്കുന്നതും ആവശ്യങ്ങളുള്ളതും പ്രത്യാശയുടെ പ്രകാശം ഇല്ലാതാകുമോയെന്ന് ആകുലപ്പെടുന്നതുമായ യാത്രയിലാണ് നമ്മൾ. എന്തെന്നാൽ ഇതാണു നമ്മുടെ ആഗ്രഹം: പ്രത്യാശയുടെ പ്രകാശം ഒരിക്കലും കെട്ടുപോകരുത്. നമ്മുടെ അമ്മയായ മറിയം ഈ തീർത്ഥാടക ജനത്തെ നോക്കിക്കൊണ്ടിരിക്കുന്നു. അവൾ സ്നേഹിക്കുന്ന യൗവനമുള്ള ആളുകളാണിവർ. അവർ ഹൃദയത്തിന്റെ നിശ്ശബ്ദയിലും എല്ലാശബ്ദങ്ങൾക്കിടയിലും യാത്രയുടെ ഒച്ചപ്പാടുകൾക്കും

ശ്രദ്ധതെറ്റലുകൾക്കും ഇടയിലും അവളെ നോക്കുന്നു.നമ്മുടെ അമ്മയുടെ നോട്ടത്തിൻകീഴിൽ പ്രത്യാശയുടെ നിശ്ശബ്ദതയ്ക്കു മാത്രമേ സ്ഥാനമുള്ളൂ. അങ്ങനെ മറിയം നമ്മുടെ യുവജനത്തെ പ്രകാശിപ്പിക്കുന്നു (ക്രിസ്തു ജീവിക്കുന്നു, 48).

അമ്മയിൽ അഭയം പ്രാപിക്കാം

നാം പകർച്ചവ്യാധിയെ ഭയപ്പെടുന്നു. ഇതെന്നവസാനിക്കുമെന്നോ, ഇതിനൊരവസാനമുണ്ടോയെന്നൊക്കെയുള്ള ചോദ്യങ്ങൾ നമ്മുടെ മനസ്സിൽ ഉയരുന്നുണ്ടാകാം. ലോകം മുഴുവൻ പ്രാർത്ഥിക്കുന്നു, രോഗവ്യാപനം വർദ്ധിക്കുന്നു. മരണസംഖ്യ പെരുകുന്നു. ഇവിടെ ഒരു ആഘോഷത്തിന് പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ എല്ലാം നാം ചെയ്യുന്നു. ഒരു ചടങ്ങുപോലെ. ഇപ്രകാരമുള്ള ചിന്തകൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടേതായിരിക്കുകയില്ല. ക്രിസ്തുവിനെ അനുകരിക്കുന്നവർ ജീവിതത്തിൽ യഥാർത്ഥ കുരിശു വഹിക്കാൻ സന്നദ്ധരാകണം. കുരിശുവഹിക്കേണ്ടത് എപ്രകാരമെന്നു ദൈവമാതാവ് സ്വജീവിതത്തിലൂടെ നമുക്ക് കാണിച്ചുതരുന്നുണ്ട്. അവൾ നമ്മോട് ആവശ്യപ്പെടുന്നത് അവൻ പറയുന്നതുപോലെ ചെയ്യുക എന്നാണ്. അവൻ പറയുന്നത് എന്താണെന്ന് മനസ്സിലാക്കുവാൻ തിരുവെഴുത്തുകളെ ആശ്രയിക്കണം. അപ്പോൾ നമുക്ക് മനസ്സിലാകും എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം. അതുപോലെ തന്നെ സഹോദരരേയും. മനുഷ്യകുലത്തിന്റെ രക്ഷക്കായി പ്രാർത്ഥിച്ചുകൊണ്ട്, ആവശ്യമുള്ളവരെ കഴിവിന്റെ പരമാവധി സഹായിച്ചുകൊണ്ട്, എല്ലാവിധ നിയന്ത്രണങ്ങളോടും സഹകരിച്ചു കൊണ്ടും യഥാർത്ഥ ക്രിസ്തീയ സാക്ഷ്യം നൽകുവാൻ ഈ അവസരം പ്രയോജനപ്പെടുത്താം. ശ്രദ്ധയോടെ വിശുദ്ധിയോടെ ദൈവവചനം വായിച്ചും മാധ്യമങ്ങളിലൂടെ വചനപ്രഘോഷണങ്ങൾ ശ്രവിച്ചും ആരാധന ശുശ്രൂഷകളിൽ പങ്കെടുത്തും ആത്മീയമായി വളരാനുമുള്ള അസുലഭാവസരമായി ഇതിനെ ഫലപ്രദമാക്കാം. ജപമാല രഹസ്യങ്ങൾ ധ്യാനാത്മകമായി പ്രാർഥിക്കുമ്പോൾ നമ്മുടെ കൂട്ടായ്മയെ വളർത്തുവാൻ കഴിയും. വിശുദ്ധ ജോൺ പോൾ പാപ്പയുടെ സാക്ഷ്യംശ്രദ്ധേയമാണ്, കന്യകാമറിയത്തിന്റെ വീക്ഷണത്തോടെ യേശുവിന്റെ രഹസ്യത്തിലേക്ക് കടക്കാൻ സഹായിക്കുന്ന പ്രാർത്ഥനയാണ് ജപമാല. അത് എനിക്കും നിരവധിയായ വിശ്വാസികൾക്കും പരിമിതമായ ഒരു ധ്യാന അനുഭവമായിത്തീർന്നിട്ടുണ്ട്. പ്രിയ സഹോദരി സഹോദരന്മാരേ ഈ പ്രാർത്ഥനയോടെ നിങ്ങളെത്തന്നെ മറിയത്തിന് ഭരമേല്പിക്കുക. മരിച്ച് ഉത്ഥാനം ചെയ്ത് ദിവ്യകാരുണ്യത്തിൽ നമ്മെ കണ്ടുമുട്ടുവാൻ വരുന്ന നസറത്തിലെ യേശുവിന്റെ മാനുഷികശരീരം രൂപപ്പെട്ടത് അവളുടെ അമലോൽഭവ ഉദരത്തിലാണ് (വി. ജോൺ പോൾ പാപ്പാ, General Audiance, 25 നവംബർ, 1998).

ഉത്ഥിതനായ ദൈവപുത്രൻ പ്രദാനം ചെയ്ത സമാധാനത്തിന്റെ ആശംസകൾ ഏവർക്കും നേരുന്നു. ഏവരെയും പരി.വിമലഗിരി മാതാവിന്റെ തിരുസവിധേ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചുകൊള്ളുന്നു.

കോട്ടയം
11/04/2020

† സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
വിജയപുരം മെത്രാൻ

Diocese of Vijayapuram
CIRCULAR LETTER
VOL. XIV • NO. 06 • 2020 • APRIL 2020

അകലെയിരുന്നാണെങ്കിലും അരൂപിയിൽ സമീപസ്ഥരാകാം, ആശംസകളർപ്പിക്കാം.

ഈശോയിൽ പ്രിയപ്പെട്ട സന്യസ്തരേ,

ആദ്യമേതന്നെ ഉയിർപ്പ്തിരുനാളിന്റെ അനുഗ്രഹങ്ങൾ ഏവർക്കും സസ്നേഹം ആശംസിക്കുന്നു. ഈസ്റ്ററിനുമുമ്പ് സൗകര്യപ്രദമായ ഒരുസമയം നിങ്ങളിൽ ചിലരെങ്കിലും ഒത്തുചേർന്ന് എനിക്ക് ആശംസകൾ നേരാൻ എത്തുന്ന പതിവുണ്ടായിരുന്നല്ലോ? അത്വളരെ ആനന്ദകരമായ നിമിഷങ്ങളായി നമുക്ക് അനുഭവപ്പെട്ടിട്ടുണ്ട്. ആ നല്ല ഓർമ്മകൾ മനസ്സിൽസൂക്ഷിച്ച് അരൂപിയാൽ ആശംസകൾ നേരാം. നമ്മുടെ ആഘോഷങ്ങളെല്ലാം ഓർമ്മകളാണല്ലോ, രക്ഷകനെ തിരിച്ചറിയാതെ പോയവരും തിരിച്ചറിഞ്ഞിട്ടും ഭൗതികസുഖങ്ങളും ലൗകിക അധികാരങ്ങളും നഷ്ടപ്പെടുമെന്ന് ചിന്തിച്ചവരും യേശുവിനെ എന്നേക്കുമായി ഉന്മൂലനം ചെയ്യുന്നതിനായി അതിദാരുണമായ പീഡനങ്ങൾ ഏൽപ്പിച്ചു കുരിശിൽ തറച്ചുകൊല്ലുകയും എന്നാൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി അവിടുന്ന് മൂന്നാംനാൾ ഉത്ഥാനം ചെയതുവെന്നതിന്റെയും ഓർമ്മയാണല്ലോ ഈസ്റ്റർ. സഭ ഉത്ഥാനത്തിന്റെ ചൈതന്യത്തിൽ ആണ് വ്യാപരിക്കുന്നത്. ഉയിർപ്പുരഹസ്യം ജീവിതബന്ധിയായി അനാവരണം ചെയ്യുവാൻ സന്യസ്തർ തികഞ്ഞ ആവേശമാണല്ലോ കാണിക്കുന്നത്. 'കാരണം സന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുകയെന്നതാണ്.' (PC.2/a) ഇത്തരുണത്തിൽ പരി. ഫ്രാൻസിസ് പാപ്പയുടെആഹ്വാനം നമ്മുടെ സജീവശ്രദ്ധയ്ക്ക് വിധേയമാക്കാം: 'തീർത്ഥാടനത്തിലായിരിക്കുന്ന ദൈവജനത്തിന് ദൈവം നൽകുന്ന സമ്മാനമാണ് ഓരോ സമർപ്പിതയും സമർപ്പിതനും. വചനം പ്രഘോഷിക്കുവാൻ, ശരിയായ ക്രിസ്തീയവിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ, ദരിദ്രരുടെ ഉന്നമനത്തിനായുള്ള വികസന പ്രവർത്തനങ്ങൾ ചെയ്യുവാൻ, ധ്യാനാത്മകപ്രാർത്ഥന പരിപോഷിപ്പിക്കുവാൻ സന്യസ്തരുടെ സാന്നിധ്യം ഒഴിച്ചുകൂടാനാവാത്തതാണ്. അതുപോലെതന്നെ

കുടുംബങ്ങളിൽ നീതിയും സമാധാനവും സംജാതമാക്കാൻ സന്യസ്തർ പ്രതിജ്ഞാബദ്ധരാകണം '(World Day Of Consecrated Life, Feb 2014). 'സവിശേഷമായ ആകർഷണത്തിലൂടെ സഭയെ വളർത്തുവാൻ സമർപ്പിതജീവിതത്തിനു സാധ്യമാകണം. ഏവർക്കും ഹൃദ്യമായവിധം സഭയെ അവതരിപ്പിക്കണം. ലോകത്തെ തട്ടിയുണർത്തുക. വ്യത്യസ്തമായ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും ജീവിത ശൈലിയുടെയും സാക്ഷികളായി മാറണം. സന്യാസം ഈ ലോകത്തുസാധ്യമാണെന്ന് തെളിയിച്ചുകൊടുക്കണം '(MeetingWith The Union of Men Superiors General, 29 Nov, 2013). പരി.പിതാവിന്റെ നിരീക്ഷണങ്ങൾക്കനുസരിച്ചുള്ള ജീവിത സാക്ഷ്യങ്ങളാണ് നിങ്ങൾ നൽകുന്നതെന്ന വസ്തുത ആദരപൂർവ്വം അനുസ്മരിക്കുകയും നിങ്ങളോരോരുത്തരേയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഇടവകകളിൽ മതാധ്യയനം നടത്തുന്നതിനുള്ള ഉത്സാഹംകാണിക്കുന്നതിന്നും, കുടുംബങ്ങൾ സന്ദർശിക്കുന്നതിനും, കുടുംബ മിഷന് നേതൃത്വം കൊടുക്കുന്നതിനും, രൂപതയിലെയും ഇടവകകളിലേയും വിവിധ ശുശ്രൂഷകളിൽ ഭാഗഭാക്കാകുന്നതിനും, പാവപ്പെട്ടവരുടെ ഉന്നമനത്തിനായി പല വിധത്തിലുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതിനും വിശിഷ്യ നമ്മുടെ രൂപതയ്ക്കും ജനങ്ങൾക്കുംവേണ്ടി നിരന്തരമായി പ്രാർത്ഥിക്കുന്നതിനും നിങ്ങൾ അതീവതൽപ്പരരായിട്ടാണ് ഞാൻ കാണുത്.

സമർപ്പിതരെന്ന നിലയിൽ ഒരു വ്യതിരക്തത നമുക്കുണ്ടല്ലോ. ലോകത്ത് ലോകത്തിന്റേതല്ലാതെയുള്ള ഒരു ജീവിതം. നമ്മെ പൂർണ്ണമായും ക്രിസ്തുവിനു സമർപ്പിച്ചു കുരിശിനെ ആശ്ലേഷിച്ചു കൊണ്ടുള്ള ഒരു തീർത്ഥാടനമാണ് നാം നടത്തുന്നത്. നാം ചെറുതാവണം. ക്രിസ്തു നമ്മിൽ വളരണം. നമ്മിലുള്ള ക്രിസ്തുവിന്റെ വളർച്ച സഭയിൽ പ്രതിഫലിക്കണം. അതായത് സഭയെ കെട്ടിപ്പടുക്കുവാൻ നമുക്ക് കടമയുണ്ട്.

രണ്ടാം ക്രിസ്തുവെന്ന് വിളിക്കപ്പെടുന്ന വി.ഫ്രാൻസിസ് അസീസ്സിയുടെ മാനസാന്തരത്തിനിടയാക്കിയ സംഭവം കുരിശുവഹിക്കുന്ന നമുക്ക് പ്രചോദനമേകും. ഒരുദിവസം വി.ദമിയാനോസിന്റെ തകർന്നു കിടക്കുന്ന ദൈവാലയത്തിലെ ക്രൂശിത ചിത്രത്തിന്റെ മുമ്പിൽ കൈകൾവിരിച്ചുകൊണ്ട് ഫ്രാൻസിസ് പ്രാർത്ഥിച്ചു, 'എന്റെ കർത്താവേ ഞങ്ങളെ രക്ഷിക്കുവാൻ അങ്ങ് ഇത്രയധികം ക്ലേശങ്ങൾ സഹിച്ചിട്ടും അങ്ങയെ സ്നേഹിക്കുന്ന തിനും സ്മരിക്കുന്നതിനുപോലും ഞങ്ങൾ മനസ്സാകുന്നില്ല. കർത്താവേ ഞങ്ങളോട് ക്ഷമിക്കണമേ.'

'ഫ്രാൻസിസ് ഇപ്രകാരം പ്രാർത്ഥിക്കവേ, ക്രൂശിതചിത്രത്തിനു ചുറ്റും ഒരുവലിയ പ്രകാശം ദൃശ്യമായി. അത്ഭുത പരതന്ത്രനായ ഫ്രാൻസിസ്

സൂക്ഷിച്ചുനോക്കി. ഉടനെ വ്യക്തമായ രീതിയിൽ ഈശോ ക്രൂശിതനായി പ്രത്യക്ഷപ്പെട്ടു. ഉടനെ അദ്ദേഹം ക്രൂശിതചിത്രത്തിൽ നിന്നും വ്യക്തമായസ്വരം ശ്രവിച്ചു.

'ഫ്രാൻസിസ്'

ഫ്രാൻസിസ് :'എന്തോ'

ഈശോ: 'ജീർണ്ണാവസ്ഥ പ്രാപിച്ചിരിക്കുന്ന എന്റെ ആലയം പുതുക്കിപ്പണിയുക.'

'അന്നുമുതൽ ഫ്രാൻസിസിന്റെ ഹൃദയം ക്രൂശിതനായ ഈശോയോടുള്ളസ്നേഹവും അനുകമ്പയുംകൊണ്ട് മുറിപ്പെട്ടിരുന്നു. ക്രൂശിതനായ ഈശോയുടെ ചിത്രം ദർശിക്കുന്ന മാത്രയിൽ, ഫ്രാൻസിസിന്റെ ആത്മാവ് ഉരുകുന്നതുപോലെ അദ്ദേഹത്തിന് അനുഭവപ്പെടുമായിരുന്നു. മിശിഹായുടെ പീഡാനുഭവങ്ങളെപ്പറ്റി ഫ്രാൻസിസ് അനുസ്മരിച്ച പ്പോഴൊക്കെ, ഏങ്ങിയേങ്ങി കരയാതിരിക്കുവാൻ നിവൃത്തിയില്ലാത്തവിധം അത്രയ്ക്കു സജീവമായി ആ പീഡാനുഭവങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞിരുന്നു. എന്നെ അനുഗമിക്കുവാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ, നിന്നെത്തന്നെ പരിത്യജിച്ച്, നിന്റെ കുരിശുവഹിച്ചുകൊണ്ട് എന്റെ പിന്നാലെവരുക (മത്തായി 16:24) എന്ന സുവിശേഷവാചകം ദിവ്യനാഥനായ ഈശോ ഫ്രാൻസീസിനോടു നേരിട്ടു കല്പിക്കുകയാണെന്ന് അദ്ദേഹത്തിന് തോന്നി. അദ്ദേഹത്തിന്റെ ശേഷിച്ച ജീവിതകാലം മുഴുവൻ, നമ്മുടെ കർത്താവീശോമിശിഹായുടെ തിരുമുറിവുകൾ അദ്ദേഹം ഹൃദയത്തിൽ സംവഹിച്ചിരുന്നു. ഇതു പിന്നീട്, എല്ലാവർക്കും കാണുവാൻ തക്കവണ്ണം, അദ്ദേഹത്തിന്റെ ശരീരത്തിൽ, അത്ഭുതകരമാംവിധം പഞ്ചക്ഷതങ്ങൾ പതിഞ്ഞപ്പോൾ തെളിയിക്കപ്പെട്ടു '(അസിസ്സിയിലെവി. ഫ്രാൻസിസ്, ഫാ.ലിയോ കപ്പൂച്ചിൻ pp.75-76). ഇന്നു നാം അനുഭവിക്കുന്ന വേദനകളും, അവഹേളനങ്ങളും, ഒറ്റപ്പെടുത്തലും, ക്രിസ്തുവിന്റെ തിരുമുറിവുകളിലുടെ അർത്ഥം കണ്ടെത്താൻ നമുക്ക് കഴിയണം. സഭയുടെ/ നമ്മുടെ രൂപതയുടെ ഇന്നത്തെ ജീർണ്ണാവസ്ഥ മനസ്സിലാകണമെങ്കിൽ നാം ആദ്യം നമ്മുടെ ചാപ്പലുകളിൽ കയറി ക്രൂശിതരൂപത്തെ നോക്കി പ്രാർത്ഥിക്കണം. ക്രിസ്തു നമ്മോടു നേരിട്ടു സംസാരിക്കും. ചിലപ്പോഴെങ്കിലും അവിടുന്ന് ഇറങ്ങിവന്ന് നമ്മെ തലോടും. നമ്മുടെ പ്രശ്നങ്ങൾക്ക് ഉത്തരം ലഭിക്കും. കുരിശിൽകിടക്കുന്ന കർത്താവ് നമ്മോടു പറയും, സക്രാരിയിലേക്കു നോക്കുക ദൈവത്തിന്റെ ദിവ്യകാരുണ്യം ആസ്വദിക്കുക. കൃപകളാൽ നിറഞ്ഞ് ആവേശത്തോടെ ജീവിക്കുക. ലോകത്തുള്ള മറ്റൊരുശക്തിക്കും നമ്മുടെ പ്രശ്നങ്ങൾക്ക് തക്കതായ പരിഹാരം കണ്ടെത്താൻ കഴിയില്ലായെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പരി. ദൈവമാതാവിനെപ്പോലെ ഈശോയ്

ക്കുവേണ്ടിമാത്രം നാം ജീവിക്കുമ്പോൾ നാം മറ്റുള്ളവർക്കു മദ്ധ്യസ്ഥരായി മാറും.

പരിശുദ്ധത്മാവിനാൽ നവീകൃതരായി നമ്മുടെ രൂപതാമക്കളുടെ സമഗ്രമായ ഉന്നമനത്തിനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം. നമ്മുടെ ജനത്തോട് നമുക്കു പറയാൻ സാധിക്കണം: ഭയപ്പെടേണ്ടാ, സമാധാനമായിരിക്കു. മരണത്തെ ജയിച്ചവൻ ഉത്ഥിതൻ നമ്മോടു കൂടെയുണ്ട്.

പൂട്ടപ്പെട്ട (Lockdown) ഈ അവസ്ഥയിൽ ദൈവത്തോടു കൂടെ ആയിരിക്കാൻ ലഭിച്ചിരിക്കുന്ന അവസരം നൂറുശതമാനം ഫലപ്രദമാക്കാം. കോവിഡ് 19 രോഗം പിടിപെട്ടവർക്കും, നീരിക്ഷണത്തിലായിരിക്കുന്ന വർക്കും അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർക്കും, നേഴ്സുമാർക്കും, മറ്റു അനേകംആരോഗ്യപ്രവർത്തകർക്കും, നമ്മുടെ ഭരണാധികാരി കൾക്കും നിയമപാലകർക്കും, വൈദികർക്കും, സന്യസ്തർക്കുംവേണ്ടി പ്രാർഥിക്കാം. പലപലതിരക്കുകളാലും വ്യഗ്രതകളാലും തെറ്റായ ധാരണകളാലും പ്രാർഥിക്കാനോ ദൈവത്തെക്കുറിച്ചു ചിന്തിക്കുവാനോ സന്നദ്ധരാവാത്ത വരെ പരമ പരിശുദ്ധ ദിവ്യകാരുണ്യ സന്നിധിയിൽ സമർപ്പിച്ചു കരുണയ്ക്കായി യാചിക്കാം. ഈ പകർച്ചവ്യാധിയിൽ നിന്നും ലോകത്തെ രക്ഷിക്കുവാനുള്ള പ്രത്യേക ആരാധന വൈകിട്ടു ഏഴുമണി മുതൽ എട്ടുമണിവരെ നമുക്ക് തുടരാം.

ആശംസകൾ അർപ്പിക്കുവാൻ ഒത്തുകൂടുന്നവേളയിൽ ഓരോരുത്തരും സന്ദേശങ്ങൾ പങ്കുവെയ്ക്കുന്ന പതിവുണ്ടായിരുല്ലോ. അതിനു മാറ്റംവരുത്തേണ്ട ആവശ്യമില്ല. അതായത് ഓരോ സന്യാസഭവനങ്ങളിൽ നിന്നും കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഈസ്റ്റർ ആഘോഷം എന്ന വിഷയത്തെ ആസ്പദമാക്കി ഒരുസന്ദേശം തയ്യാറാക്കി റവ.സി.ജെനിൻ CSST യുടെ വാട്ട്സ് ആപ്പ്വഴിയോ മറ്റു ഏതെങ്കിലും മാർഗ്ഗത്താലോ അയച്ചു കൊടുക്കാവുന്നതാണ്.(Ph: +8136850123). ലഭിക്കുന്ന സന്ദേശങ്ങൾ സിസ്റ്റർ ക്രോഡീകരിച്ച് ഒരുലേഖനമാക്കിമാറ്റാമെന്ന് സവിനയം സമ്മതിച്ചിട്ടുണ്ട്. നാം ഇപ്പോൾ അകലങ്ങളിലാണെങ്കിലും ആത്മാവിലടുത്തു ആശംസകൾ പങ്കുവയ്ക്കാം. ഇപ്രാവശ്യത്തെ ഏറ്റവുംവലിയസമ്മാനം പരസ്പരമുള്ള പ്രാർഥനയായിരിക്കട്ടെ നിങ്ങളേവരേയും പരി.വിമലഗിരിമാതാവിന്റെ തിരുസവിധേ സമർപ്പി ച്ചുകൊണ്ട് ഉത്ഥിതനായ കർത്താവിന്റെ നാമത്തിൽ ആശീർവദി ച്ചുകൊള്ളുന്നു.

കോട്ടയം
10/04/2020

† സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
വിജയപുരം മെത്രാൻ

Diocese of Vijayapuram

CIRCULAR LETTER

VOL. XIV • NO. 02 • 2020 • MARCH 2020

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

മെയ്ദിന സന്ദേശം 2020

തൊഴിലിന്റെ ഭാവി, തൊഴിലാളികളുടെ ഭാവി

"മനുഷ്യർ വീണ്ടും നന്മ തിരഞ്ഞെടുത്ത് ഉയരാൻ കഴിവുള്ളവരായി"
(ലൗദാത്തോ സി, **നമ്പർ 205)**

മിശിഹായിൽ പ്രിയമുള്ളവരേ,

1. ഈ വരുന്ന മെയ് ഒന്നിന് നാം ഒരിക്കൽ കൂടി തൊഴിലാളി ദിനം ആചരിക്കുകയാണ്. ഈ അവസരത്തിൽ മുഴുവൻ തൊഴിലാളികൾക്കും നമ്മുടെ നാഥനായ ഈശോമിശിഹായുടെ അനുഗ്രഹവും തൊഴിലാളി മധ്യസ്ഥനായ വിശുദ്ധയൗസേപ്പിതാവിന്റെ സംരക്ഷണവുമുണ്ടാകട്ടെ യെന്ന് പ്രാർത്ഥിക്കുന്നു.

2. കൊറോണ, കോവിഡ് 19 മഹാമാരിയുടെ ആഘാതത്തിൽ ലോകം മുഴുവൻ കഠിനമായ പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ജനങ്ങൾ അത്രയധികം പരിഭ്രാന്തരാണ്. ഈ അവസരത്തിൽ ഭരണാധികാരികളും ആരോഗ്യപ്രവർത്തകരും നല്കുന്ന മാർഗനിർദ്ദേ ശങ്ങൾ കൃത്യതയോടെ പാലിച്ച് ജാഗ്രതാപൂർവ്വം ഈ മഹാമാരിയെ നമുക്കൊത്തൊരുമിച്ച് അതിജീവിക്കാം. ദൈവത്തിന്റെ കാരുണ്യ ത്തിനായി നമുക്ക് വിനീതരായി പ്രാർഥിക്കുകയും ചെയ്യാം. തൊഴി ലാളികൾ ഉൾപ്പടെയുള്ള പലരും ഈ മഹാമാരിക്കെതിരേയുള്ള സന്നദ്ധപ്രവർത്തനത്തിനു മുന്നിട്ടിറങ്ങുന്നതിൽ സന്തോഷമുണ്ട്. അവരെ എല്ലാവരെയും അഭിനന്ദിക്കുന്നു. കൂടുതൽ സന്നദ്ധപ്രവർ ത്തകർ സർക്കാർ നേതൃത്വം നല്കുന്ന കോവിഡ് 19 നെതിരേയുള്ള പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ മുന്നോട്ടു വരണം. അഗതികൾ, അയൽസംസ്ഥാന തൊഴിലാളികൾ തുടങ്ങിയ ആർക്കും ഭക്ഷണം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകാതെ സന്നദ്ധപ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കണം. തൊഴിലാളികൾ ഉൾപ്പടെയുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ അതിജീവനത്തിനായി ഈ അടിയന്തിര ഘട്ടത്തിൽ

കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുകയും സർക്കാരുകളുടെ എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള പിന്തുണ അറിയിക്കുകയും ചെയ്യുന്നു. ആരോഗ്യ-സന്നദ്ധ പ്രവർത്തകരെയെല്ലാവരെയും സവിശേഷമായ രീതിയിൽ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

3. ചിന്താശേഷി, സർഗശേഷി, കായികശേഷി എന്നിവയുടെ പ്രയോജനപ്പെടുത്തലാണ് തൊഴിൽ മേഖലയിൽ മനുഷ്യൻ നടത്തുന്നത്. അതിലൂടെ തനിക്കും സമൂഹത്തിനും പുരോഗതിക്ക വസരം സൃഷ്ടിക്കുന്നു. അതുകൊണ്ടാണ് തൊഴിലിന്റെ ഭാവിക്കും (Future of Work) പരിസ്ഥിതിക്കും പുതിയൊരുദർശനം നല്കിയ, "അങ്ങേയ്ക്കു സ്തുതി" (Laudato Si) എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നത്: "ജോലി ചെയ്യാനുള്ള വിളിയോടെയാണ് നാം സൃഷ്ടിക്കപ്പെട്ടത്. സാങ്കേതിക വിദ്യയുടെ പുരോഗതി മാനുഷിക തൊഴിലിന് വർധമാനമായ തോതിൽ പകരമാവണം എന്നതായിരിക്കരുത് ലക്ഷ്യം. തൊഴിലിലൂടെ മഹത്ത്വപൂർണമായ ഒരു ജീവിതമുണ്ടാകാൻ അവരെ അനുവദിക്കുക എന്നതായിരിക്കണം കൂടുതൽ വിശാലമായ ലക്ഷ്യം" (ലൗദാത്തോ സി നമ്പർ 128).

4. ഉള്ളവനും ഇല്ലാത്തവനുമെന്ന വേർതിരിവില്ലാതെ ജീവിച്ചിരുന്ന സമൂഹം പുരോഗതിയുടെ പാതയിൽ മുന്നേറാൻ തുടങ്ങിയതോടെ സ്വത്ത് സമ്പാദനത്തിനുള്ള ഉപാധിയായി തൊഴിൽ പരിവർത്തനം ചെയ്യപ്പെട്ടു. യന്ത്രങ്ങളുടെ വരവോടെ കൂടുതൽ ഉല്പാദനവും കൂടുതൽ ലാഭവുമെന്ന ചിന്ത കടന്നുവന്നതോടെ തൊഴിലാളി ലാഭം നേടിക്കൊടുക്കുന്ന വസ്തുവോ ഉപകരണമോ ആയി തരംതാഴ്ത്തപ്പെട്ടു. മനുഷ്യനെന്ന പരിഗണനപോലും നഷ്ടമായ തൊഴിലാളികളുടെ പ്രതിഷേധത്തിന്റെയും പ്രതികരണത്തിന്റെയും ഓർമ്മകളാണ് മെയ്ദിനം നമുക്ക് മുൻപിൽ വയ്ക്കുന്നത്.

   അൻപത് കോടിയിൽ പരം പേരാണ് ഇന്ത്യയിൽ തൊഴിൽ മേഖലയിൽ ഉള്ളവർ. ഇവരിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ഇല്ലാത്ത തൊഴിലാളികൾ ആണ് അസംഘടിത തൊഴിലാളികൾ. അഞ്ച് ഏക്കർ ഭൂമി വരെയുള്ള ചെറുകിട കർഷകർ, ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള ചെറുകിട സംരംഭകർ എന്നീ വിഭാഗങ്ങളെയും അസംഘടിത തൊഴിലാളികളെന്ന വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ അടിസ്ഥാന ജനവിഭാഗങ്ങളാണ് അസംഘടിത തൊഴിലാളികൾ. ഇൻഷുറൻസ്, പ്രസവാവധി, ഗ്രാറ്റ്യുവിറ്റി, തൊഴിൽ സുരക്ഷ, പെൻഷൻ തുടങ്ങിയ സാമൂഹിക സുരക്ഷാപദ്ധതികൾ ലഭ്യമല്ലാത്തവരാണ് അസംഘടിത തൊഴിലാളികൾ. മാന്യമായ വേതനം ഇല്ലാത്ത

സാഹചര്യം, തൊഴിൽ ലഭ്യത ഉറപ്പില്ലാത്ത അവസ്ഥ, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ലഭ്യതക്കുറവ്, ദാരിദ്ര്യത്തിൽനിന്നും കരകയറാനാകാത്തത്, അധികാരികളുടെ തൊഴിലാളി വിരുദ്ധ നിലപാടുകൾ, അതിസാങ്കേതികത സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങളാൽ ഇന്നത്തെ തൊഴിലാളി സമൂഹം ഏറെ ഞെരുക്കപ്പെടുന്ന സാഹചര്യത്തിലാണെന്ന് നമുക്ക് അറിയാം. ഇത്തരം പ്രശ്നങ്ങൾ മുഖ്യമായും ബാധിക്കുക അസംഘടിത മേഖലയിലെ തൊഴിലാളികളെയാണ്.

5. നമ്മുടെ രാജ്യത്തെ സമകാലീന സാഹചര്യങ്ങളിൽ അടിസ്ഥാന ജനവിഭാഗങ്ങ ളുടെ ദൈനംദിന ജീവിതം കൂടുതൽ ബുദ്ധിമുട്ടു നിറഞ്ഞതായി മാറിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വളർച്ചാ നിരക്കിൽ ഗണ്യമായ തോതിൽ കുറവു വന്നുകൊണ്ടിരിക്കു കയാണ്. എന്നാൽ കഴിഞ്ഞ ജനുവരി മാസത്തിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ ഓക്സ്ഫാം റിപ്പോർട്ടനുസരിച്ച് രാജ്യത്തെ വൻകിട കോർപ്പറേറ്റുകളുടെ സ്വത്തിൽ ഈ വർഷവും വലിയ തോതിൽ ഉള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇന്ത്യയിലെ ആകെ സ്വത്തിന്റെ എഴുപത് ശതമാനവും ഉന്നതരായ പത്ത് ശതമാനത്തിന്റെ പക്കലാണ്. കേവലം ഒരു ശതമാനം വരുന്ന കോർപ്പറേറ്റുകളുടെ കൈവശം രാജ്യത്തെ ജനങ്ങളിലെ എഴുപത് ശതമാനത്തിൽ പരം വരുന്ന താഴെത്തട്ടിൽ വസിക്കുന്ന 95.3 കോടി ജനങ്ങളെക്കാൾ സമ്പത്ത് ശേഖരിക്കപ്പെട്ടി ട്ടുണ്ടെന്ന് ഈ റിപ്പോർട്ട് സൂചിപ്പിക്കുന്നു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് ഇന്ത്യയിൽ പ്രതിദിനം വർദ്ധിച്ചുവരികയാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.

6. തൊഴിലുറപ്പു പദ്ധതി, കർഷക ക്ഷേമപദ്ധതി, അസംഘടിത തൊഴിലാളി ക്ഷേമപദ്ധതികൾ എന്നിവയുൾപ്പെടെയുള്ള തൊഴിലാളി ക്ഷേമപദ്ധതി കളിലേക്കുള്ള സർക്കാർ വിഹിതം വെട്ടിക്കുറക്കപ്പെടുകയാണ്. ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും രാഷ്ട്രീയ നേട്ടങ്ങൾക്കും മൂലധന താത്പര്യങ്ങൾക്കുമനുസരിച്ച് മാറ്റിമറിക്കപ്പെടുമ്പോൾ സർക്കാർ പദ്ധതികളിൽ വിശ്വാസം നഷ്ടമാകുന്ന തൊഴിലാളികൾ സ്വയം പിൻവലിയുകയും ചെയ്യുന്നു.

സാമൂഹിക സുരക്ഷയുൾപ്പെടെയുള്ള പരിരക്ഷകൾ ഉണ്ടായിരുന്ന സംഘ ടിത മേഖലയിലും അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും വ്യവസായ സ്ഥാപനങ്ങളിലും ദിവസ വേതനക്കാരും കരാർ ജീവനക്കാരും കൂടിവരുന്നു. ഇപ്പോൾ നടത്ത പ്പെട്ടുക്കൊണ്ടിരിക്കുന്ന തൊഴിൽ നിയമ ഭേദഗതികളിലൂടെ തൊഴിലാളിയുടെ നിലവിലുള്ള പല അവകാശങ്ങളും നിഷേധിക്കുന്നു വെന്ന് മാത്രമല്ല വ്യവസായ ഉടമകൾക്ക് സർവസ്വാതന്ത്ര്യവും നിയമ പരിരക്ഷയും ഉറപ്പാക്കുന്നു എന്ന ആക്ഷേപം വ്യാപകമായി ഉയർന്നു

വരുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾ വിവേചനരഹിതമായി വിറ്റഴിക്കപ്പെടുന്നതും തൊഴിലാളികളെ ആശങ്കാകുലരാക്കുന്നുണ്ട്. കൂടാതെ രാഷ്ട്രീയകലഹങ്ങളും കൊലപാതകങ്ങളും വർഗീയസംഘർഷങ്ങളും പ്രകൃതി ദുരന്തങ്ങളും മഹാമാരികളും അസംഘടിത തൊഴിലാളികളുടെ ജീവിതങ്ങളെ തകർത്തെറിയുന്നു. രാഷ്ട്രീയ, തൊഴിൽ വിഭാഗീയതയിലൂടെ സംഘശേഷി ചോർന്നുപോയ തൊഴിലാളി സമൂഹത്തിന്റെ ഒന്നുചേരലിനുള്ള ചിന്തകളാകണം മെയ്ദിനത്തിൽ ഉയരേണ്ടത്.

7. സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങൾ മാത്രമല്ല, ശാസ്ത്ര വികാസവും തൊഴിൽ മേഖലയിൽ സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നുണ്ട്. കാർഷിക, വ്യാവസായിക സേവനമേഖലകളിൽ സാങ്കേതികത കൂടി ഉൾച്ചേർന്നപ്പോഴാണ് പുരോഗതി ഉണ്ടാവുകയും സാമ്പത്തിക വളർച്ച ഉണ്ടാവുകയും ചെയ്തത്. ഇതു തന്നെയാണ് തൊഴിൽ നഷ്ടത്തിനും മൽസരത്തിനും കളമൊരുക്കിക്കൊണ്ടിരിക്കുന്നതും. മാറിയ തൊഴിൽ സാഹചര്യത്തിനനുസൃതമായ പരിശീലനങ്ങൾ അസംഘടിത തൊഴിലാളികൾക്ക് ലഭിക്കാതെ വരുന്നതിനാൽ അവർ സാങ്കേതിക മേഖലയിൽ നിന്ന് പിന്തള്ളപ്പെടുകയും തൊഴിൽ ഇല്ലാത്തവരായി മാറുകയും ചെയ്യുന്നു.

8. ഈ സാഹചര്യത്തിലാണ് ഫ്രാൻസിസ് പാപ്പാ, 'ലൗദാത്തോസി'യുടെ മൂന്നാം അദ്ധ്യായത്തിൽ ചർച്ചചെയ്യുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നിവയെക്കുറിച്ച് ചിന്തിക്കേണ്ടതായി വരുന്നത്. മനുഷ്യനു ചെയ്യാൻ സാധ്യമായതിനപ്പുറമുള്ള കാര്യങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിതമായി ചെയ്തെടുക്കുന്നതാണ്, ലളിതമായി പറഞ്ഞാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. തെറ്റുവരാനുള്ള സാധ്യത കുറവ്, വേഗത, കൃത്യത, തൊഴിലാളികളുടെ എണ്ണക്കുറവ്, മാനുഷിക ആവശ്യങ്ങൾക്കായുള്ള ഭൗതിക സാഹചര്യം സൃഷ്ടിക്കൽ, തൊഴിൽ പ്രശ്നങ്ങൾ, സംഘർഷങ്ങൾ ഇല്ലാത്ത സാഹചര്യം – എന്നിവയെല്ലാം ഇതിന്റെ ഗുണങ്ങളാണ്. എന്നാൽ, ഉയർന്ന മുതൽമുടക്ക്, മനുഷ്യ ബുദ്ധിയോടുണ്ടാകുന്ന അവഗണന, സർഗാത്മകതയുടെ അഭാവം, തൊഴിലില്ലായ്മയുടെ വർദ്ധനവ് തുടങ്ങിയവ ഇവ മൂലമുണ്ടാകുന്ന പ്രശ്നങ്ങളാണ്. 2030 ആകുമ്പോഴേക്കും തൊഴിൽ മേഖലയിലെ ഇരുപത് ലക്ഷത്തിൽപരം അവസരങ്ങൾ റോബോട്ടുകൾ കൈയടക്കുമെന്നാണ് കണക്ക്.

9. ആർട്ടിഫിഷ്യൽ ഇന്റിലിജൻസും റോബോട്ടിക്സും തൊഴിൽ മേഖലയെ മാറ്റിമറിക്കുമ്പോൾ ഇന്നത്തെ സംഘടിത മേഖലയിൽ വൻവ്യതിയാനങ്ങൾ സംഭവിക്കും. പ്രസവാവധി വേണ്ടാത്ത, പെൻഷനും ഗ്രാറ്റ്യുവിറ്റിയും ഇൻഷുറൻസും വേണ്ടാത്ത, തൊഴിലാളി യൂണിയനുകളില്ലാത്ത അവധിയും വിശ്രമവുമില്ലാതെ പ്രവർത്തിക്കുന്ന റോബോട്ടുകളെ ഏതു തൊഴിൽ ദാതാവാണ് പ്രയോജനപ്പെടു

ത്താതിരിക്കുക? ഇന്ത്യപോലുള്ള രാജ്യത്ത് വിവേചനരഹിതമായ റോബോട്ടു വത്ക്കരണം വലിയ പ്രതിസന്ധികൾ ഉളവാക്കും.

10. ലോകത്തുണ്ടായ മാറ്റങ്ങളാണ് തൊഴിൽ മേഖലയെ മുന്നോട്ടു നയിച്ചത്. അവിടെയെല്ലാം മനുഷ്യന് പ്രാമുഖ്യം നല്കുന്ന സമീപന മാണ് തിരുസഭ സ്വീകരിച്ചിട്ടുള്ളത്. തൊഴിലാളിയെയും അയാളുടെ കുടുംബത്തെയും പൊതുസമൂഹത്തെയും തൊഴിൽദാതാവിനെയും ഒരേപോലെ പരിഗണിക്കുന്നതാണ് സഭയുടെ തൊഴിൽ ദർശനം. തൊഴിലാളിക്ക് ജീവനക്കൂലി മാത്രമല്ല, കുടുംബത്തെ സംരക്ഷി ക്കുന്നതിനുള്ള കൂലി കൂടി നല്കണമെന്നും തൊഴിൽ ദാതാവും തൊഴിലാളിയും തമ്മിൽ ഉഭയസമ്മതം നടത്തിയിട്ടുണ്ടെന്നിരുന്നാലും നിയമാനുസൃതമല്ലാത്തതായ കുറഞ്ഞ കൂലി നീതിയുക്തമാകില്ലെന്നും പഠിപ്പിക്കുന്ന സഭ, കൂലി നിശ്ചയിക്കുമ്പോൾ തൊഴിലാളിയുടെയും കുടുംബത്തിന്റെയും സുസ്ഥിതി, സ്ഥാപനത്തിന്റെ നിലനില്പ്, പൊതുനന്മയുടെ സൂക്ഷിപ്പ് എന്നിവ പരിഗണിക്കപ്പെടണമെന്നും ഊന്നിപ്പറയുന്നു.

11. അതിനാൽ, കേരളസഭയുടെ തൊഴിലാളി മേഖലയിലെ പ്രവർത്തന ങ്ങൾക്കായി രൂപീകൃതമായ ലേബർ കമ്മീഷന്റെയും അതിന്റെ ഔദ്യോഗിക പ്രസ്ഥാനമായ കേരള ലേബർ മൂവ്മെന്റിന്റെയും പ്രവർത്തനങ്ങൾ കരുത്തുറ്റതാക്കപ്പെടേണ്ടതുണ്ട്. നിലവിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി അവസരങ്ങളെ അനുകൂലമാക്കി അതിജീവനത്തിന് കരുത്തുപകരാൻ തൊഴിലാളികളെ സഹായിക്കാൻ കെ.എൽ.എം എല്ലാരൂപതകളിലും ഇടവകകളിലും രൂപീകരിക്ക പ്പെടണം. സർക്കാർ പദ്ധതികളുടെ പ്രയോജനപ്പെടുത്തൽ, സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് കരുത്താർജ്ജിക്കൽ, ലേബർ ബാങ്കുകൾക്ക് രൂപം നല്കി തൊഴിൽ ലഭ്യമാക്കൽ, ഫിനീഷിംഗ് സ്കൂളുകളിലൂടെ തൊഴിലാളിയുടെ നൈപുണ്യ വികസനം, ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിലൂടെയും ക്ഷേമനിധി അംഗത്വത്തിലൂടെയും സുരക്ഷ ഉറപ്പാക്കൽ, തൊഴിലാളി ഫോറങ്ങളിലൂടെ സംഘശക്തിയായി പ്രവർത്തിക്കാനുള്ള അവസരം സൃഷ്ടിക്കൽ തുടങ്ങിയ പ്രവർത്തന ങ്ങൾ കേരള ലേബർ മൂവ്മെന്റ് ഏറ്റെടുത്ത് നടത്തിവരുന്നു. കെ.എൽ.എം.ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനവും എല്ലായിടങ്ങളിലേക്കും വ്യാപിപ്പി ക്കണം. തൊഴിലാളികൾ സംഘടിതരായി നിലനിന്നെങ്കിൽ മാത്രമേ അവകാശങ്ങൾ സംരക്ഷിക്കാനാകൂ എന്ന കാര്യം എല്ലാ തൊഴി ലാളികളെയും ഓർമ്മപ്പെടുത്തുന്നു.

കേരളത്തിലെ രൂപതകളുടെയും വിവിധ സന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച്

ചിട്ടപ്പെടുത്തുന്നതിനുള്ള മാർഗനിർദേശക നയരേഖ (പീപ്പിൾ മാനേജ്മെന്റ് പോളിസി) കെ.സി.ബി.സി പുറത്തിറക്കിയിട്ടുണ്ട്. ഇവ നടപ്പിലാക്കാനുള്ള ചുമതല നമുക്കുണ്ട്. കെ.എൽ.എം.ന്റെ സേവനം ഫലപ്രദമായി ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വിവിധ സ്ഥാപനങ്ങളിൽ നിയമാനുസൃത ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് കെ.സി.ബി.സി പുറത്തിറക്കിയ രേഖ നിർദേശിക്കുന്ന സംവിധാനങ്ങൾ എല്ലാ സ്ഥാപനങ്ങളിലും രൂപപ്പെടുത്താൻ ശ്രദ്ധിക്കണം.

12. പുതിയ തൊഴിൽ മേഖലകൾ ഉരുത്തിരിഞ്ഞു വരുന്നതിനനുസരിച്ച് തൊഴിൽ പരിശീലനങ്ങൾ നല്കുന്ന സംവിധാനങ്ങൾ വികസിപ്പിക്കുക, മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ സാഹചര്യത്തെക്കുറിച്ച് തൊഴിലാളികളെ ബോധമുള്ളവരാക്കുക, നൂതന ഉപഭോക്തൃ തൊഴിൽ സംരംഭങ്ങൾക്ക് രൂപം നല്കുക, ആധുനിക കൃഷിരീതികളിൽ പരിശീലനം നേടി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, മത്സ്യമേഖലയിലെ തൊഴിൽ സാധ്യതകളെ ശാസ്ത്രീയമായി പരിവർത്തിതമാക്കുക തുടങ്ങി നവീന സാധ്യതകളെ മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിച്ച് തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ കേരള ലേബർ മൂവ്മെന്റ് നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ രൂപതകളുടെയും അഭിവന്ദ്യപിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും സഹകരണവും കുടുംബയൂണിറ്റുകൾ/ ബിസിസികൾ വഴി പ്രവർത്തനങ്ങൾ താഴെത്തട്ടിലേക്കെത്തിക്കാൻ എല്ലാ അല്മായ സഹോദരങ്ങളുടെയും സന്മനസ്സും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനേകായിരം അന്യസംസ്ഥാന തൊഴിലാളികളും നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നു. അവരുടെ അജപാലന ആവശ്യങ്ങൾ ,സാമൂഹിക സുരക്ഷ എന്നീ കാര്യങ്ങൾക്ക് നാം പ്രത്യേക മുൻഗണന നല്കണം. അതിനാൽ ഈ വർഷം നമ്മുടെ എല്ലാ ഇടവകകളിലും കെ.എൽ.എം യൂണിറ്റുകൾ രൂപീകരിക്കണമെന്നും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷനും കേരള ലേബർ മൂവ്മെന്റും മുന്നോട്ടു വയ്ക്കുന്ന പ്രവർത്തനങ്ങളോടു സഹകരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളുടെ സ്വർഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ സഹായത്താൽ ദൈവത്തിന്റെ കാരുണ്യവും കനിവും നമ്മിലുണ്ടാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

ബിഷപ്പ് അലക്സ് വടക്കുംതല
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Diocese of Vijayapuram
CIRCULAR LETTER
VOL. XIV • NO. 02 • 2020 • APRIL 2020

ലോകദൈവവിളി ദിനത്തെ സംബന്ധിച്ചു ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിക്കുന്ന സന്ദേശം

(2020 മേയ് 3)

ദൈവവിളിയുടെ വചനങ്ങൾ

പ്രിയ സഹോദരീസഹോദരന്മാരേ,

ആർസിലെ വികാരിയായ വിശുദ്ധ ജോൺ വിയാനിയുടെ 160-ാം ചരമ വാർഷികം കഴിഞ്ഞവർഷം ആഗസ്റ്റ് 4-ാം തീയതിയായിരുന്നല്ലോ. കർത്താവിന്റെ വിളിയോടുള്ള പ്രത്യുത്തരമായി ദൈവജനസേവനത്തിനുവേണ്ടി അനുദിനജീവിതം സമർപ്പിക്കുന്ന എല്ലാ പുരോഹിതന്മാർക്കും ഒരു കത്ത് എഴുതാൻ ഞാൻ നിശ്ചയിച്ചു.

വൈദികരോടു നന്ദിപറയുകയും അവരുടെ ശുശ്രൂഷയെ പിന്താങ്ങുകയും ചെയ്യാനുള്ള മാർഗമായി ഈ സന്ദർഭത്തിൽ വേദന, കൃതജ്ഞത, പ്രോത്സാഹനം, സ്തുതി എന്നീ നാലു സുപ്രധാന വാക്കുകൾ ഞാൻ തിരഞ്ഞെടുക്കുന്നു. യേശുവിനും പത്രോസിനും ഗലീലിക്കടലിൽ കൊടുങ്കാറ്റുള്ള രാത്രിയിൽ ഉണ്ടായ ശ്രദ്ധേയമായ അനുഭവം നമുക്കായി ആവർത്തിക്കുന്ന സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ദൈവവിളികൾക്കുവേണ്ടിയുള്ള 57-ാം ലോകദിനമായ ഇന്ന് മുഴുവൻ ദൈവജനത്തോടും ആ വാക്കുകൾ പറയാമെന്നു ഞാൻ വിശ്വസിക്കുന്നു (cf. മത്താ 14:22-33).

ജനക്കൂട്ടങ്ങളെ വിസ്മയിപ്പിച്ച അപ്പം വർധിപ്പിക്കലിനുശേഷം യേശു ജനങ്ങളോടു വിടപറയുകയും മറുകരയിലേക്കുപോകുന്നതിന് വഞ്ചിയിൽ കയറാൻ ശിഷ്യരോട് കല്പിക്കുകയും ചെയ്തു. കടൽ കടക്കുന്ന ശിഷ്യന്മാരുടെ പ്രതിരൂപം നമ്മുടെ ജീവിതയാത്രയെ ഉണർത്താൻ കഴിവുള്ളതാണ്. യഥാർത്ഥത്തിൽ നമ്മുടെ ജീവിതവഞ്ചി പതുക്കെ മുന്നോട്ടുപോകുന്നു. വിശ്രമമില്ലാതെ സുരക്ഷിതസ്വർഗത്തെ നോക്കി, കടലിലെ അപകടങ്ങളും വാഗ്ദാനങ്ങളും നേരിടാൻ സന്നദ്ധരായിക്കൊണ്ടും എന്നാൽ വഞ്ചി തുഴയുന്നവൻ ആത്യന്തികമായി നമ്മെ ശരിയായ വഴിക്കു നയിക്കു

മെന്നു വിശ്വസിച്ചുകൊണ്ടുമാണ് പോകുന്നത്. എന്നാലും ചിലപ്പോഴെല്ലാം വഞ്ചി വഴിമാറിപ്പോകും. ലക്ഷ്യസ്ഥാനത്തേക്കു നയിക്കുന്ന ലൈറ്റ് ഹൗസ ല്ല, മരീചികകളാണ് വഴിതെറ്റിക്കുന്നത്. അങ്ങനെ പ്രയാസങ്ങളുടെയും സംശയത്തിന്റെയും ഭയത്തിന്റെയും കൊടുങ്കാറ്റുകൾകൊണ്ടാണ് തെന്നി പ്പോകുന്നത്.

നസ്രത്തിലെ ഗുരുവിനെ പിന്തുടരാൻ വിളിക്കപ്പെട്ടവരുടെ ഹൃദയങ്ങ ളിൽ ഉണ്ടാകുന്നത് ഇതുപോലുള്ള ഒരു അനുഭവമാണ്. കർത്താവിന്റെ ശിഷ്യരാകാൻവേണ്ടി കടൽ കടക്കുകയും സ്വന്തം സുരക്ഷിതത്വം ഉപേ ക്ഷിക്കുകയും ചെയ്യേണ്ടവരാണവർ. ഇവിടെ അപകടസാധ്യത യഥാർത്ഥ ത്തിലുള്ളതാണ്: നേരം സന്ധ്യയാകുന്നു. പ്രതികൂലമായ കാറ്റുവീശുന്നു, വഞ്ചി തിരമാലകളാൽ ഇളക്കപ്പെടുന്നു, പരാജയപ്പെടുമെന്ന ഭയമുണ്ടാ കുന്നു, ദൈവവിളി അനുസരിക്കാനാവുകയില്ലെന്നു തോന്നുന്നു, തങ്ങൾ അടിപ്പെട്ടുപോകുമെന്ന് അവർക്കു തോന്നുന്നു.

എന്നാൽ, വെല്ലുവിളിയുടെ ഇടയിലുള്ള ഈ യാത്രയിൽ നമ്മൾ ഒറ്റ യ്ക്കല്ലെന്ന് സുവിശേഷം നമ്മോടു പറയുന്നുണ്ട്. ശിഷ്യരുടെ കൂടെയാ യിരിക്കാൻവേണ്ടി രാത്രിയുടെ ഹൃദയത്തിൽ പ്രഭാതത്തിന്റെ പ്രകാശരശ്മി പോലെ ഇളകിമറിയുന്ന ജലത്തിന്റെ മുകളിൽ യേശു നടന്നുവരുന്നു, തിര മാലയുടെ മുകളിലൂടെ തന്റെയടുത്തേക്കുവരാൻ അവിടന്ന് പത്രോസിനെ ക്ഷണിക്കുന്നു. പത്രോസ് വെള്ളത്തിൽ മുങ്ങുന്നതായി കാണുമ്പോൾ അവി ടന്ന് അദ്ദേഹത്തെ രക്ഷിക്കുന്നു. അവർ വഞ്ചിയിലായിരിക്കുമ്പോൾ കൊടു ങ്കാറ്റിനെ അവിടന്നു ശമിപ്പിക്കുന്നു.

അപ്പോൾ, വിളിയുടെ ഒന്നാമത്തെ വാക്ക് കൃതജ്ഞതയാണ്. ശരിയായ വഴിയേ പോകുകയെന്നത് നമ്മൾ സ്വന്തമായി ചെയ്യുന്നതല്ല; നമ്മൾ യാത്ര ചെയ്യാൻ തിരഞ്ഞെടുക്കുന്ന റോഡിനെ മാത്രം ആശ്രയിച്ചിരിക്കുന്നതുമ ല്ല. ഒറ്റപ്പെട്ട വ്യക്തികളെന്ന നിലയിൽ നാം ചെയ്യുന്ന ഒരു തീരുമാനത്തെ ക്കാൾ കൂടുതലായിട്ടുള്ള ഒന്നാണ് നാം ജീവിതത്തിൽ എങ്ങനെ സാഫല്യം കണ്ടെത്തുന്നു എന്നത്. എല്ലാറ്റിനും ഉപരിയായി അത് ഉന്നതത്തിൽ നിന്നു ണ്ടാകുന്ന ഒരു വിളിയോടുള്ള പ്രത്യുത്തരമാണ്. കർത്താവ് നമ്മുടെ ലക്ഷ്യത്തെ എതിർവശത്തുള്ള കടൽത്തീരത്തു ചൂണ്ടിക്കാട്ടുന്നു; അങ്ങോട്ടു വഞ്ചി കയറിപ്പോകാനുള്ള ധൈര്യം നല്കുകയും ചെയ്യുന്നു. നമ്മെ വിളിക്കുമ്പോൾ അവിടന്നു നമ്മുടെ വഞ്ചി തുഴയുന്നവനാകുന്നു. അവിടന്നു നമ്മോടൊപ്പം സഞ്ചരിക്കുകയും നമ്മെ നയിക്കുകയും ചെയ്യു ന്നു. തീരുമാനമില്ലായ്മയുടെ മണൽത്തിട്ടയിൽ ഓടിച്ചെന്ന് അടിഞ്ഞുകി ടക്കുന്നതിൽ നിന്ന് അവിടന്നു നമ്മെ തടയുന്നു; ഉയർന്നുവരുന്ന തിരമാ ലയിലൂടെ നടക്കാൻ നമ്മെ ശക്തരാക്കുകപോലും ചെയ്യുന്നു.

കർത്താവ് നമ്മെ കണ്ടുമുട്ടാൻ വരുമ്പോഴുള്ള സ്നേഹത്തിന്റെ നോട്ട ത്തിൽ നിന്നാണ് ഓരോ ദൈവവിളിയും ജനിക്കുന്നത്. കൊടുങ്കാറ്റുകൊണ്ട് നമ്മുടെ വഞ്ചി ഇളകിമറിയുമ്പോൾപോലും അങ്ങനെയാണു സംഭവിക്കു ന്നത്. "ദൈവവിളി, നമ്മുടെ തിരഞ്ഞെടുപ്പ് എന്നതിനെക്കാൾ നമുക്കു യോഗ്യതയില്ലാതിരിക്കേ കർത്താവ് നടത്തുന്ന വിളിയോടുള്ള പ്രത്യുത്ത രമാണ്" (വൈദികർക്കുള്ള എഴുത്ത് 4 ആഗസ്റ്റ് 2019). നാം നന്ദിയോടെ

നമ്മുടെ ഹൃദയം തുറക്കുകയും നമ്മുടെ ജീവിതത്തിന് ദൈവം നിശ്ചയിക്കുന്ന വഴി കാണുകയും ചെയ്യുമ്പോൾ നാം നമ്മുടെ ദൈവവിളിയെ കണ്ടെത്തുന്നതിലും അതിനെ സ്വീകരിക്കുന്നതിലും വിജയിക്കും.

യേശു തങ്ങളുടെയടുത്തേക്ക് കടലിലൂടെ നടന്നുവരുന്നതു കാണുമ്പോൾ അവിടന്ന് ഒരു ഭൂതമാണെന്നു ശിഷ്യന്മാർ വിചാരിക്കുകയും ഭയം കൊണ്ടു നിറയുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തോടും ദൈവവിളിപരമായ നമ്മുടെ യാത്രയോടും കൂടെ സ്ഥിരം ഉണ്ടായിരിക്കേണ്ട വാക്കുകൾകൊണ്ട് അവിടന്ന് പെട്ടെന്നു അവർക്ക് ഉറപ്പുനല്കുന്നു. "ധൈര്യമുള്ളവരായിരിക്കുവിൻ; ഞാനാണ്, ഭയപ്പെടേണ്ട" (മത്താ 14:27). അതുകൊണ്ട് നിങ്ങളോടു പറയാൻ ഞാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ വാക്ക് ഇതാണ്: പ്രോത്സാഹനം

നമ്മുടെ യാത്രയെയും വളർച്ചയെയും കർത്താവു നമുക്കായി നിശ്ചയിച്ച വഴി തിരഞ്ഞെടുക്കുന്നതിനെയും മിക്കപ്പോഴും തടയുന്നത് നമ്മുടെ ഹൃദയങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന ചില "ഭൂതങ്ങൾ" ആണ്. സുരക്ഷിതമായ കടൽത്തീരങ്ങളെ ഉപേക്ഷിച്ച്, വിവാഹം, ശുശ്രൂഷാപരമായ പൗരോഹിത്യം, സമർപ്പിതജീവിതം എന്നിവപോലുള്ള ഒരു ജീവിതാവസ്ഥ സ്വീകരിക്കാൻ നാം വിളിക്കപ്പെടുമ്പോൾ മിക്കപ്പോഴും നമ്മുടെ പ്രഥമ പ്രതികരണം "അവിശ്വാസത്തിന്റെ ഭൂത"ത്തിൽ നിന്നുണ്ടാകുന്നതാണ്: തീർച്ചയായും ഈ വിളി എനിക്കുള്ളതല്ല! ഇത് ശരിയായ മാർഗമായിരിക്കാൻ യഥാർത്ഥത്തിൽ സാധിക്കുമോ? ഇതുചെയ്യാൻ കർത്താവ് യഥാർത്ഥത്തിൽ എന്നോട് ആവശ്യപ്പെടുന്നുണ്ടോ?

ഇത്തരം ചിന്തകൾ വളർന്നുകൊണ്ടിരിക്കും; നമ്മുടെ തീരുമാനത്തെ പിഴിഞ്ഞുകുടിക്കുന്ന നീതിമത്കരണങ്ങളും കണക്കുകൂട്ടലുകളും വളർന്നുകൊണ്ടിരിക്കും. നാം തുടങ്ങുന്ന കടൽത്തീരത്ത് അവ നമ്മെ സംശയാലുക്കളും ശക്തിഹീനരും ആക്കിത്തീർക്കും. നമുക്കു തെറ്റുപറ്റിക്കാണുമെന്നു നാം വിചാരിക്കുന്നു. വെല്ലുവിളി ഏറ്റെടുക്കാൻ കഴിവില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ ഒഴിവാക്കിക്കളയേണ്ട ഒരു ഭൂതത്തെ കാണുന്നതാണെന്നു തോന്നുന്നു.

വിവാഹം, കർത്തൃസേവനത്തിനുള്ള സവിശേഷ സമർപ്പണം മുതലായവപോലുള്ള മൗലിക ജീവിത തിരഞ്ഞെടുപ്പ് ധീരത ആവശ്യമുള്ളതാണെന്നു കർത്താവിന് അറിയാം. നമ്മുടെ ഹൃദയ വഞ്ചിയെ ഇളക്കിക്കൊണ്ടിരിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും പ്രയാസങ്ങളും അവിടന്ന് അറിയുന്നുണ്ട്. അതുകൊണ്ട് അവിടന്നു നമ്മെ ധൈര്യപ്പെടുത്തുന്നു: "ധൈര്യമുള്ളവരായിരിക്കുക; ഞാനാണ്, ഭയപ്പെടേണ്ട." അവിടന്ന് സന്നിഹിതനാണെന്നും നമ്മെ കണ്ടുമുട്ടാൻ അവിടന്നു വരുന്നുവെന്നും നമുക്ക് വിശ്വാസത്തിൽ അറിയാം. അവിടന്ന് എപ്പോഴും, കൊടുങ്കാറ്റുള്ള കടലുകളിൽപ്പോലും, നമ്മുടെ സമീപത്തുണ്ടെന്ന് നമുക്കറിയാം. "മധുരമുള്ള ദുഃഖ"മെന്ന് ഞാൻ വിളിച്ച (വൈദികർക്കുള്ള കത്ത് 4 ആഗസ്റ്റ് 2019) ബോധം കെട്ടുള്ള ഉറക്കത്തിൽ നിന്ന് ഈ അറിവ് നമ്മെ സ്വതന്ത്രരാക്കുന്നു. നമുക്കുള്ള ദൈവവിളിയുടെ സൗന്ദര്യം അനുഭവിക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തി പിടിച്ചുമാറ്റുന്ന ഒന്നാണ് "മധുരമുള്ള ദുഃഖം."

വൈദികർക്കുള്ള എന്റെ എഴുത്തിൽ വേദനയെക്കുറിച്ചും ഞാൻ പറഞ്ഞു. എന്നാൽ ഇവിടെ ആ വാക്കിന് ക്ഷീണം എന്ന വ്യത്യസ്തമായ വിവർത്തനം നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ വിളിയും ഒരു ഉത്തരവാദിത്വം പേറുന്നതാണ്. പത്രോസിനെ "വെള്ളത്തിനു മീതെ നടക്കാൻ" ശക്തനാക്കിയതുപോലെ നമ്മെ ശക്തരാക്കാൻ ആഗ്രഹിക്കുന്നതു കൊണ്ടാണ് അവിടന്നു നമ്മെ വിളിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതിനെ സുവിശേഷസേവനത്തിനായി പ്രതിഷ്ഠിക്കുകയും ചെയ്യാൻ അവിടന്നു നമ്മെ വിളിക്കുന്നു. അവിടന്നു നമ്മെ കാണിക്കുന്ന വസ്തുനിഷ്ഠവും അനുദിനമുള്ളതുമായ വഴികളിലൂടെ – പ്രത്യേകിച്ച്, അല്മായരെയും വൈദികരെയും സമർപ്പിതരെയും സംബന്ധിച്ച ദൈവവിളികൾ അവിടന്നു കാണിച്ചുതരുന്ന വഴികളിലൂടെ – ആണ് ഇതു നാം ചെയ്യേണ്ടത്. എന്നാലും പത്രോസിനെപ്പോലെ നമ്മുടെ ആഗ്രഹവും ആവേശവും നമ്മുടെ പരാജയങ്ങളോടും ഭീതികളോടും കൂടെ നിലകൊള്ളുന്നു.

വിവാഹജീവിതത്തിലായാലും വൈദികജീവിതത്തിലായാലും, നമ്മെ കാത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ അല്ലെങ്കിൽ നമുക്കായി ശേഖരിക്കപ്പെട്ട കഷ്ടതകൾ നമ്മെ ധൈര്യമില്ലാത്തവരാക്കാൻ നാം അനുവദിച്ചാൽ നാം മുങ്ങിപ്പോകാൻ തുടങ്ങും. നേരേ മറിച്ച്, നമുക്കു ദുർബലതയും ദാരിദ്ര്യവുമുണ്ടെങ്കിലും ഉത്ഥിതനായ ക്രിസ്തുവിലേക്കു നടക്കാനും ഏതുകൊടുങ്കാറ്റിനെയും എതിർത്തുനില്ക്കാനും വിശ്വാസം നമ്മെ ശക്തരാക്കും. ക്ഷീണമോ ഭയമോ നമ്മെ മുക്കിക്കളയാൻ തുടങ്ങുമ്പോഴെല്ലാം യേശു തന്റെ കൈ നമ്മുടെ നേരേ നീട്ടുന്നു. നമ്മുടെ ദൈവവിളി സന്തോഷത്തോടും തീക്ഷ്ണതയോടും കൂടി ജീവിക്കാൻ ആവശ്യമായ ആവേശം അവിടന്നു നമുക്കു നല്കുന്നു.

അവസാനം യേശു വഞ്ചിയിൽ കയറുമ്പോൾ കാറ്റുവീശാതാകും, തിരമാലകൾ ശാന്തമാകും. നമ്മുടെ ജീവിതത്തിൽ പ്രക്ഷുബ്ധതയും കൊടുംകാറ്റും ഉണ്ടാകുമ്പോൾ കർത്താവിന് എന്തുചെയ്യാൻ കഴിയുമെന്നതിന്റെ മനോഹരമായ ഒരു പ്രതിരൂപം ഇവിടെ നമുക്കു ലഭിക്കുന്നു. ആ കാറ്റുകളെ അവിടന്നു ശമിപ്പിക്കുന്നു. അങ്ങനെ തിന്മയുടെ ശക്തികൾക്ക്, ഭയത്തിന്റെയും കീഴടക്കലിന്റെയും ശക്തികൾക്ക്, നമ്മുടെമേൽ അധികാരമില്ലാതാകും.

നമുക്കുള്ള സവിശേഷമായ വിളിയനുസരിച്ച് നാം ജീവിക്കുമ്പോൾ നമ്മെ ക്ഷീണിപ്പിച്ചു തളർത്താൻ ആ പ്രതികൂല വാതങ്ങൾക്കു സാധിക്കുകയില്ല. ഇവിടെ സിവിൾ സമൂഹത്തിലെ സുപ്രധാന ഉത്തരവാദിത്വങ്ങൾ ഉള്ള എല്ലാവരെയും, സകാരണം ഞാൻ പരമാർശിക്കാൻ ആഗ്രഹിക്കുന്ന വധൂവരന്മാരെയും പ്രത്യേകമായവിധത്തിൽ സമർപ്പിത ജീവിതമോ വൈദികവൃത്തിയോ സ്വീകരിച്ചവരെയും ധീരതയുള്ളവരായി ഞാൻ കരുതുന്നു. നിങ്ങളുടെ കഠിനാധ്വാനം, ചിലപ്പോൾ നിങ്ങളുടെ ഹൃദയങ്ങളെ ഭാരപ്പെടുത്തുന്ന ഏകാന്തതയുടെ അനുഭവം, നമുക്കുള്ള വിളിയുടെ തീജ്വാല ക്രമേണ കെട്ടുപോകാൻ ഇടയാക്കുന്ന സ്ഥിരമാർഗത്തിലേക്കു വീഴുകയെന്ന അപകടസാധ്യത, കാലഘട്ടത്തിന്റെ അനിശ്ചിതത്വത്തി

ന്റെയും സുരക്ഷിതത്വമില്ലായ്മയുടെയും ഭാരം, ഭാവിയെക്കുറിച്ചുള്ള ആകുലത എന്നിവയെപ്പറ്റി എനിക്കറിയാം. ധൈര്യം അവലംബിക്കുക, ഭയപ്പെടാതിരിക്കുക! യേശു നമ്മുടെ അരികേ ഉണ്ട്. നാം അവിടത്തെ നമ്മുടെ ജീവിതത്തിന്റെ ഏക കർത്താവായി അംഗീകരിക്കുന്നുവെങ്കിൽ അവിടന്നു കൈനീട്ടി നമ്മളെ പിടിച്ച് രക്ഷിക്കും.

അപ്പോൾ, കൊടുംകാറ്റുകൊണ്ട് ഇളകിമറിയുന്ന ജലത്തിലും നമ്മുടെ ജീവിതം സ്തുതിയിലേക്കു തുറന്നതായിത്തീരും. നമുക്കുള്ള വിളി സംബന്ധമായ അവസാനത്തെ വാക്കാണിത്. പരിശുദ്ധ കന്യകാമറിയത്തിന്റെ ആന്തരിക മാനസികാവസ്ഥ സ്വന്തമാക്കാനുള്ള ഒരു ക്ഷണമാണത്. ദൈവത്തിന്റെ കൃപാകടാക്ഷത്തോടു നന്ദിയുള്ളവളായി ഭയത്തിലും പ്രക്ഷുബ്ധതയിലും വിശ്വസ്തതയുള്ളവളായി, അവൾ തനിക്കുള്ള വിളിയെ ആശ്ലേഷിച്ചു, തന്റെ ജീവിതത്തെ കർത്താവിനോടുള്ള ശാശ്വത സ്തുതിഗീതമാക്കിത്തീർത്തു.

പ്രിയ സുഹൃത്തുക്കളേ, പ്രത്യേകിച്ച് ഈ ദിവസം, നമ്മുടെ സമൂഹങ്ങളുടെ സാധാരണ അജപാലന ജീവിതത്തിലും ദൈവവിളികളെ പ്രോത്സാഹിപ്പിക്കൽ തുടരാൻ സഭയോട് ഞാൻ കല്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം വിശ്വാസികളുടെ ഹൃദയങ്ങളെ സ്പർശിക്കട്ടെ. ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിലുള്ള ദൈവവിളിയെ കൃതജ്ഞതയോടെ കണ്ടെത്തട്ടെ. ദൈവത്തോട് "അതെ" എന്നു പറയാനുള്ള ധീരത കണ്ടെത്താൻ, ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ എല്ലാ ക്ഷീണിതാവസ്ഥയെയും കീഴടക്കാൻ, തങ്ങളുടെ ജീവിതത്തെ ദൈവസ്തുതിഗീതമാക്കി മാറ്റാൻ, സഹോദരീസഹോദരന്മാരും മുഴുവൻ ലോകത്തിനുംവേണ്ടി അങ്ങനെ ചെയ്യാൻ, സാധിക്കട്ടെ. കന്യകാമറിയം നമ്മോടുകൂടെ സഞ്ചരിക്കുകയും നമുക്കായി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യട്ടെ.

റോം, സെന്റ് ജോൺ ലാറ്ററൻ, 8 മാർച്ച് 2020
നോമ്പുകാലത്തെ രണ്ടാം ഞായർ
ഫ്രാൻസിസ് പാപ്പാ

■

പരേതരെ സ്മരിക്കാം - ജൂൺ

02. (1993)	**ഫാ. ലൂയിസ് മേരി ഒ.സി.ഡി**
03. (1995)	**ഫാ. ഫ്രാൻസിസ് കുരുതുകുളം**
17. (1982)	**ഫാ. പീറ്റർ കുട്ടംപറമ്പിൽ (സി.)**
17. (2000)	**ഫാ. സെബാസ്റ്റ്യൻ മുണ്ടഞ്ചേരി ഒ.സി.ഡി.**
17. (2000)	**ഫാ. ആന്റണി കൊടുവേലിപറമ്പിൽ ഒ.സി.ഡി.**
20. (1984)	**ഫാ. പയസ് മേരി ഒ.സി.ഡി.**
25. (1983)	**ഫാ. .യൂജിൻ ഒ.സി.ഡി.**

ഒഴിഞ്ഞ കല്ലറ സുവിശേഷമാകുമ്പോൾ

കോവിഡ് 19-നും ഈസ്റ്റർ ആഘോഷവും രൂപതയിലെ സന്യസ്തരുടെ ഈസ്റ്റർ ആശംസകൾ

സിസ്റ്റർ ജെനിൻ സി.എസ്.എസ്.ടി.

മരണത്തിന്മേലുള്ള യേശുവിന്റെ വിജയമാണല്ലോ ഈസ്റ്റർ. കോവിഡ് 19 എന്ന മഹാമാരി ലോകത്തെ മരണത്തിലേക്കും ഭീതിയിലേക്കും അനിശ്ചിതത്വത്തിലേക്കും നയിക്കുമ്പോൾ മരണത്തെ ജയിച്ചു നിത്യജീവനിലേക്കു ഉയർത്തെഴുന്നേറ്റ യേശു പ്രതീക്ഷയുടെ, സമാധാനത്തിന്റെ, പുതുജീവന്റെ പ്രത്യാശയായി ഒരോഹൃദയങ്ങളിലും ഉയിർത്തു. ബൈബിളിൽ നമുക്ക് സുപരിചിതമായ നമ്പർ ആണല്ലോ 40. രക്ഷാകരമായ പല അനുഭവങ്ങൾക്കും 40 ദിവസത്തെ ഒരുക്കങ്ങളും കാത്തിരുപ്പുകളും ഉണ്ടായിരുന്നു. ഇന്ത്യയിൽ പ്രഖ്യാപിക്കപ്പെട്ട 40 ദിവസം ലോക്ഡൗൺ ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ഒരു പുതുമയുള്ള ഈസ്റ്റർ അനുഭവമാണ് നല്കിയിട്ടുണ്ടാവുക. ജീവിതത്തിന്റെ നശ്വരതയെ നേർക്കുനേർ കണ്ട് ലൗകികനേട്ടങ്ങൾ വെറും മിഥ്യയാണെന്ന സത്യം ഉൾക്കൊണ്ടുകൊണ്ട് ക്രിസ്തുവിന്റെപീഡാനുഭവവും മരണവും ഉത്ഥാനവും അതിന്റെ അന്തഃസത്തയെ നിശബ്ദതയിൽ തിരക്കുകളും വ്യഗ്രതകളും ഇല്ലാതെ ധ്യാനിച്ചും പങ്കുവച്ചും ഈസ്റ്റർ ഓരോ ക്രൈസ്തവനും ഹൃദയത്തിൽതൊട്ട അനുഭവമായി. മാർപ്പാപ്പയും മെത്രാന്മാരും വൈദികരും എല്ലാം ഓരോ കുടുംബങ്ങളിലും ലൈവ് ആയി രൂപപ്പെട്ട ആ വലിയ കൂട്ടായ്മ എന്തുകൊണ്ടും വലിയ ഒരു ആത്മീയ അനുഭവവും ഐക്യവും പ്രദാനം ചെയ്തു.

വിജയപുരം രൂപതയിലെ സന്യസ്തരായ ഞങ്ങൾക്ക് പിതാവിനോടൊത്തു ചേർന്നു ഈസ്റ്റർ ആഘോഷിക്കാനായില്ലെങ്കിലും വിശുദ്ധവാരവും ഈസ്റ്ററുമായി ബന്ധപ്പെട്ടു പിതാവ് നിരന്തരമായി നൽകിയിരുന്ന നിർദ്ദേശങ്ങളും ഓർമപ്പെടുത്തലുകളും വിജയപുരം എന്ന നമ്മുടെ കുടുംബത്തെ ആത്മാവിൽ ഒന്നുചേർത്തു. ഓരോ നിർദ്ദേശങ്ങളും അഭിവന്ദ്യ പിതാവിനും രൂപതയ്ക്കും രൂപാതാമക്കളോടും പ്രത്യേകമായി സന്യസ്തരാടുമുള്ള വലിയ കരുതലും സ്നേഹവും വെളിവാക്കി.

രൂപതയിലെ സന്യസ്തർക്ക് പിതാവ് നൽകിയ ഈസ്റ്റർ സന്ദേശം വളരെ ഗഹനവും അർത്ഥപൂർണവും പ്രോത്സാഹനജനകവുമായിരുന്നു. അധികാരികളുടെ നിർദ്ദേശങ്ങളോട് ആദരവോടെ ക്രിയാത്മകമായി ഉടൻ പ്രതികരിക്കുക ഒരു നല്ല സന്യാസിയുടെ കടമയാണ്. പിതാവിന്റെ സന്ദേശം ലഭിച്ച അന്ന് തന്നെ അതിനു പ്രത്യുത്തരം നൽകിയ കുമരകം ഇൻകാർനേഷൻ കോൺവെന്റിലെ സിസ്റ്റർ ബീനയെ അഭിനന്ദിച്ചുകൊണ്ട് കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഈസ്റ്റർ ആഘോഷം എന്ന വിഷയം ആസ്പദമാക്കിയുള്ള വിവിധ കോൺവെന്റുകളുടെ ഈസ്റ്റർ സന്ദേശങ്ങളിലേക്കു കടക്കട്ടെ.

ഇൻകാർനേഷൻ കോൺവെന്റ്, കുമരകം

സ്വർഗ്ഗവും ഭൂമിയും ആഹ്ലാദിക്കുന്ന മഹത്വപൂർണ്ണമായ സുദിനമാണ് ഈസ്റ്റർ. യേശുവിന്റെ ഉയിർപ്പ് പുതുജീവന്റെയും പുതുശക്തിയുടെയും സ്രോതസ്സാണ്. ഈ കാലയളവിൽ യേശു നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത് ഉറച്ച വിശ്വാസമാണ്. മഗ്ദലേന മറിയത്തെപോലെ ശിഷ്യന്മാരെപോലെ നമുക്കും ലോകത്തിനു സ്നേഹത്തിന്റെ, സമാധാനത്തിന്റെ, സന്തോഷത്തിന്റെ വാഹകരാകാം കോവിഡ് ബാധിതർക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും ലോകം മുഴുവനും പുതുജീവൻ ലഭിക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

ഫാത്തിമ കോൺവെന്റ്, നാഗമ്പടം, കോട്ടയം

മനസ്സിൽ പടരുന്ന ഇരുളകറ്റാൻ ആഗതമായ ഉത്ഥാനതിരുന്നാളിന്റെ എല്ലാ ആശംസകളും നേരുന്നു. പേമാരിയും പ്രളയവും കോവിഡ് മഹാമാരിയുമെല്ലാം മാനവരാശിയെ തകർക്കുന്ന ഭയത്തിന്റെ നാളുകളിൽ നാം അതിജീവനത്തിനായി പൊരുതുന്നു. അടച്ചിട്ട വാതിലുകളും തുറക്കാത്ത ദേവാലയങ്ങളും മുഴങ്ങാത്ത പള്ളിമണികളും വിജനമായ തെരുവീഥികളും പഴയകാല വിപ്രവാസത്തെ ഓർമപ്പെടുത്തുന്നു. അഗാധമായ നിശബ്ദതയിൽ വീണ്ടും ജനിക്കണമെന്ന ക്രിസ്തുവചനം കാതുകളിൽ മാറ്റൊലികൊള്ളുന്നു. പ്രിയരുടെ അന്ത്യചുംബനം ഏൽക്കാനാവാതെ ഒരുപിടി മണ്ണുപോലും ശരീരത്തിൽ വീഴാനാവാതെ യന്ത്രങ്ങളുടെ സാങ്കേതിക വിദ്യയാൽ അറിയപ്പെടാതെ മാഞ്ഞുപോകുന്ന അനേകായിരങ്ങൾ ഹൃദയത്തെ മരവിപ്പിക്കുന്നു. തേങ്ങലുകൾ വിതുമ്പലായ് അന്തരീക്ഷത്തിൽ അലിയുമ്പോൾ, കുരിശിൽനിന്നൊഴുകുന്ന രക്തത്താൽ കഴുകപ്പെടണമെന്ന ബോധ്യത്താൽ മനം നിറയുന്നു. കർത്താവാണെന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല (സങ്കീ. 23) എന്ന വചനം നമുക്ക് ധൈര്യമേകട്ടെ. ദാരിദ്ര്യവും തൊഴിലില്ലായ്മയും അരക്ഷിതാവസ്ഥകളും നിറഞ്ഞ ലോകത്തിൽ അപ്പമാവുകയും മുറിക്കപ്പെടുകയും പങ്കുവയ്ക്കുകയും ചെയ്ത യേശുനാഥന്റെ സാന്നിധ്യമാകുവാൻ നമുക്കാകട്ടെ.

തിരുഹൃദയ കോൺവെന്റ്, കുട്ടിക്കാനം (DIH)

എല്ലാം അവസാനിച്ചെന്ന് മനുഷ്യൻ കരുതുന്നിടത്ത് ദൈവം എല്ലാം പുതുതായി ആരംഭിക്കുന്നു. പ്രത്യാശയുടെ തിരിനാളങ്ങളെല്ലാം കെട്ടടങ്ങുമ്പോൾ അന്ധകാരത്തിൽ ലോകത്തിന്റെ പ്രകാശമായി അവൻ ഉയർത്തെഴുന്നേൽക്കുന്നു. ലോകാവസാനം വരെ ഞാൻ നിങ്ങളോടു കൂടെയുണ്ടെന്ന വാഗ്ദാനവുമായി ഇമ്മാനുവേൽ നമ്മോടു കൂടെയുണ്ട്. കോവിഡ് 19-ന്റെ പശ്ചാത്തലം വേദനിപ്പിക്കുന്നെങ്കിലും വിഴുങ്ങികളയുന്ന തിരമാലകൾക്കു നടുവിൽനിന്നും ഇസ്രായേൽക്കാരെ തീരമണച്ച ദൈവം ഈ മഹാമാരിയെ അതിജീവിക്കാൻ ഉത്ഥിതനായി നമ്മോട് കൂടെയുണ്ട്. അവൻ സമാധാനമായി കുടെയുള്ളതിനാൽ നമ്മുടെ വിശ്വാസം നമുക്ക് ഉറക്കെ പ്രഘോഷിക്കാം വിശ്വാസത്തിന്റെ വെൺകൊടി ഉയരെ പറക്കട്ടെ.

അഗസ്റ്റീനിയൻ സിസ്റ്റേഴ്സ്, ഗീതാവില്ലേജ്, മൂലമറ്റം

എല്ലാം അവസാനിക്കുന്ന ഇടമാണ് കല്ലറ. എന്നാൽ യേശുവിന്റെ കല്ലറ

മൂന്നാം പക്കം അനശ്വരമായി, കാരണം അത് ശൂന്യമായിരുന്നു. ശൂന്യമായ കല്ലറ സുവിശേഷമായി. അഴുകിയ ശരീരം അഴകുള്ളതായി. ദുർഗന്ധം നിറയേണ്ട ഇടം മാലാഖമാരുടെ വിഹാരസ്ഥലമായി കാരണം അവൻ ക്രിസ്തുവായിരുന്നു. അവന്റെ മുറിവുകൾ സൗഖ്യമേകുന്നു അവന്റെ അപമാനം രക്ഷയിലേക്കുള്ള പാതയാകുന്നു മണ്ണിനവനെ ചേർക്കാനാവില്ല അവൻ മണ്ണിന്റെയും വിണ്ണിന്റെയും സ്രഷ്ടാവാണ്. ജീവിതത്തിൽ ഒരു പാട് മുറിവുകളും അപമാനങ്ങളും ഏറ്റുവാങ്ങുമ്പോൾ നാം അവയെ അടക്കം ചെയ്യുന്ന ഇടം ശൂന്യമാകുന്നുണ്ടോ? ക്രിസ്തുവിന്റെ മുറിവിനോട് ചേർത്തുവയ്ക്കുമ്പോൾ അത് മൂന്നാം പക്കം ശൂന്യമാകും. രക്ഷയുടെ സുഗന്ധം പരത്തുന്ന മാലാഖമാർ വിഹരിക്കുന്ന സുഗന്ധപൂരിതമായ ഹൃദയത്തിൽനിന്നും ഉയിപ്പിന്റെ കാഹളം ഉയരും. 2020 ഈസ്റ്ററിൽ ഇതാണെന്റെ സുവിശേഷം. ഈസ്റ്റർ ആശംസകൾ.

KSJ CONVENT, KURICHI

Wishing you a very Happy Easter. May the joy of Risen Christ stay with you always. Let us thank the lord.

സെൻറ് ജോസഫ്സ് കോൺവെന്റ്, കോട്ടയം

കർത്താവിന്റെ പീഡാസഹനത്തിന്റെ തീവ്രതയെ ഉൾക്കൊണ്ടുകൊണ്ട് ആഘോഷിച്ച ഒന്നായിരുന്നു 2020-ലെ ഈസ്റ്റർ. ലോകം വേദനയാൽ പിടയുമ്പോൾ അതിലേറെ വേദനിക്കുന്ന യേശുവിന്റെ ഹൃദയം അവിടെയാണ് നമ്മുടെ ആശ്രയം. ഈസയാസ് 30:18 പറയുന്നതുപോലെ അതിനാൽ നിന്നോട് കരുണകാണിക്കാൻ കർത്താവ് കാത്തിരിക്കുന്നു. ആ സന്നിധിയിലാണ് നമുക്ക് അഭയം എന്ന് ബോധ്യപ്പെടാൻ ഈ ദിനങ്ങൾ കൃപ നൽകി . വിശുദ്ധ കുർബാനയുടെ ശക്തിയും മഹത്വവും മനുഷ്യർ തീക്ഷ്ണമായി ആഗ്രഹിച്ച ഈ ദിവസങ്ങളിൽ അതിനുള്ള ഭാഗ്യം ഞങ്ങൾക്കൊരുക്കി തന്ന പിതാവിനോടുള്ള അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുകയും. ക്രിസ്തുവിന്റെ കരുണ ധാരാളമായ് അനുഭവിച്ചു നമുക്കും കരുണയുള്ളവരാകാം എന്നാശംസിക്കുകയും ചെയ്യുന്നു

പരിപാലനഭവൻ, വടവാതൂർ

മരണത്തെ ജയിച്ചവൻ കുടെയുണ്ടെന്ന പുത്തൻ പ്രതീക്ഷയാണ് 2020 ലെ ഈസ്റ്റർ നൽകുന്നത്. ദൈവം ശക്തനാണെന്നു കല്ലറക്കപ്പുറം തെളിയിക്കപ്പെട്ടപ്പോൾ, മനുഷ്യന്റെ സാധ്യതകളെ തകർത്തുകൊണ്ട് കോവിഡ് 19 എന്ന ചെറിയ വൈറസ് മരണം വിതച്ചു ആഞ്ഞടിക്കുമ്പോൾ ദൈവത്തിന്റെ സാധ്യതയുടെ വാതായനങ്ങൾ തുറക്കപ്പെടുന്നു. ദൈവത്തിന്റെ പദ്ധതി നിന്റെ നാശത്തിനല്ല ക്ഷേമത്തിനാണ് എന്ന വചനത്തിലേക്കും വിശ്വാസത്തിലേക്കും നമുക്ക് കടന്നു വരാം. ഉത്ഥിതനെ ഹൃദയത്തിൽ തിരിച്ചറിയുവാനുള്ള ഈ കാലത്തിന്റെ എല്ലാ ആശംസകളും നേരുന്നു.

ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സേക്രഡ് ഹാർട്ട്, ചെങ്ങളം

ഒരു മരത്തടിക്കു പൂക്കാലം ഭവിക്കുന്ന അനുഭവമാണ് ഈസ്റ്റർ. ഭയത്തിന്റെയും ആകുലതയുടെയും കാലഘട്ടത്തിലൂടെ ലോകം കടന്നു

പോകുമ്പോൾ ജീവനെയും മരണത്തെയും ജയിച്ച ക്രിസ്തു ലോകത്തിനു സാക്ഷ്യമാകുന്നു. വികസിതവും വികസ്വരങ്ങളുമായ എല്ലാ രാജ്യങ്ങളും കോവിഡ് 19 ഭീതിയിൽ കഴിയുമ്പോഴും ഇത് ദൈവത്തോടും മറ്റുള്ളവരോടും നമ്മോടും തന്നെ കൂടിയായിരിക്കാനും സ്നേഹിക്കാനും ബഹുമാനിക്കാ നുമുള്ള ഒരു അവസരമാണ്. നമ്മുടെ ജീവിതശൈലി കളിൽ മാറ്റം വരുത്തിക്കൊണ്ട് കൂടുതൽ കരുതലോടെ മറ്റുള്ളവരെ ക്കുറിച്ചുള്ള അവബോധത്തോടെ നമ്മിൽ മാറ്റങ്ങൾ വരുത്തുവാൻ ഈ ദിനങ്ങൾ വഴി ഒരുക്കുന്നു. തറച്ച ആണികളിൽനിന്നും അടിച്ച അടികളിൽ നിന്നും അടക്കപ്പെട്ട കല്ലറയിൽ നിന്നും ഉയിർത്ത യേശു നമ്മുടെ നിരാശകളെയും സങ്കടങ്ങളെയും കഷ്ടതകളെയും അതിജീവിക്കാൻ നമുക്ക് ശക്തിനൽകും.

ഹോളിക്രോസ്, തെള്ളകം

ആശ്ചര്യപ്പെടുത്തുന്നതും അപ്രതീക്ഷിതവും, നിരാശാജനകവും പ്രചോദിപ്പിക്കുന്നതുമായ സമ്മിശ്ര അനുഭവങ്ങളാലാണ് ജീവിതം കടന്നുപോകുന്നത് ലോകത്തിന്റെ ചുക്കാൻ മനുഷ്യകരങ്ങളിലല്ല എന്ന ഒരു അവബോധം നൽകിയ ഒരു അനുഭവമായിരുന്നു 2020-ലെ ഈസ്റ്റർ. ലോക്ക് ഡൗൺ നിശ്ശബ്ദതയിലേക്കും ഉള്ളിലേക്കുള്ള ഒരു യാത്രയ്ക്കും ജീവിത പരിവർത്തനത്തിനുമുള്ള ഒരു വിചിന്തനത്തിനു വേദിയൊരുക്കി. വിശാലമായ വീക്ഷണത്തോടെ തുറന്ന ഹൃദയത്തോടെ പ്രകൃതിയുടെ ദുരവസ്ഥയിൽ അതിനോട് ചേർന്ന് നിൽക്കാനൊരവസരം. ഭയപ്പെടേണ്ട ഞാൻ കൂടെയുണ്ട് എന്ന ഉത്ഥിതന്റെ വചനം പരസ്പരം ആശംസിക്കാം പ്രത്യാശയോടെ അവിടുത്തെ ആശ്ചര്യകരമായ ഇടപെടലിനായി കാത്തിരിക്കാം.

ജപമാല ഭവൻ, അമയന്നൂർ

ഭയത്തിന്റെയും വെറുപ്പിന്റെയും ഇരുളിന്റെയും മേൽ നന്മയ്ക്കുണ്ടായ വിജയമാണ് ഉയിർപ്പ്. രാജ്യത്തിന്റെ നിയമത്തിനു വിധേയപ്പെട്ട് നമ്മൾ ലോക്ക് ഡൗൺ ഏറ്റെടുത്തത് നമുക്കും സമൂഹത്തിനും ലോകത്തിനും നന്മയായി ഭവിച്ചു. ജീവിതത്തിന്റെ പ്രതിസന്ധികളിൽ കൈപിടിച്ചുനടത്തുന്ന നല്ല തമ്പുരാനിൽ നമുക്കാശ്രയിക്കാം. ലോകത്തിന്റെ അളവുകോലല്ല ക്രിസ്തു വിന്റേത്. സമൂഹം പുറംതള്ളിയ മഗ്ദലേനയ്ക്കാണ് അവിടുന്ന് ആദ്യം പ്രത്യ ക്ഷപ്പെട്ടത്. എന്തിനാണ് നീ കരയുന്നത് എന്നതായിരുന്നു അവളോടുള്ള ചോദ്യം. 2020-ലെ ഈസ്റ്റർ ദിനത്തിൽ ഇത് തന്നെയാണ് ഉത്ഥിതന് നമ്മോടു ചോദിക്കാനുള്ളത്. കണ്ണുനീരുകൾക്കും നിരാശകൾക്കുമപ്പുറം വലിയ ജീവിത മഹോത്സവമുണ്ട് അതാണു നമ്മുടെ പ്രത്യാശ.

വിമലഹൃദയ കോൺവെന്റ്, കോട്ടയം

ചരിത്രത്തിൽ ആദ്യമായ് ലോകം വളരെ ലളിതമായി ആരവങ്ങളും ആഘോഷങ്ങളുമില്ലാതെ ഈസ്റ്റർ ആചരിച്ചു. ആരാധനാക്രമങ്ങൾ ആത്മീയാഘോഷങ്ങളും പ്രാർത്ഥനാനുഭവങ്ങളുമായി സഭയുടെ ഏറ്റവും വലിയതിരുന്നാൾ ഹൃദ്യമായി ബോധ്യത്തോടെ അടുത്തറിഞ്ഞ ഒരു വർഷമായിരുന്നു ഇത്. ലോകത്തിനു മുഴുവനും വേണ്ടി പ്രാർത്ഥിക്കാനും

പരിശുദ്ധ പിതാവിനോട് ഹൃദയപൂർവം ഐക്യദാർഢ്യം പ്രഖ്യാപിക്കാനുമായി ലഭിച്ച ഈസ്റ്റർ നാളുകൾ.

ലിറ്റിൽ ഫ്ളവർ കോൺവെന്റ്, വാഴൂർ

ക്രിസ്തുവിന്റെ ഉയിർപ്പ് നമുക്കേവർക്കും സ്വർഗ്ഗദർശനമാണ്. ദേവാലയമാക്കിയ കുടുംബങ്ങളിലെ പ്രാർത്ഥനയും പരിത്യാഗവും പങ്കുവയ്പ്പും കുടുംബങ്ങളെ തിരുകുടുംബങ്ങളാക്കി. ദൈവകരുണയിൽ ആശ്രയിച്ചു ലോകത്തെ തകർക്കുന്ന മഹാമാരിയെ ചെറുക്കുവാൻ ദൈവസന്നിധിയിൽ കരഞ്ഞു പ്രാർഥിക്കാൻ ലഭിച്ച പുണ്യ അവസരമായിരുന്നു ഈ 40 ദിനങ്ങൾ. സഭയെ തകർക്കാൻ തക്കംപാർത്തിരിക്കുന്ന സാമൂഹ്യദ്രോഹികൾ രൂക്ഷമായ വിമർശനങ്ങളാലും പരിഹാസങ്ങളാലും കൂരമ്പുകൾ എയ്തപ്പോൾ അവർ അറിയുന്നില്ല രക്തസാക്ഷികളുടെ ചുടുനിണം എന്നും സഭയ്ക്ക് തഴച്ചു വളരാനുള്ള മണ്ണായിരുന്നു എന്ന സത്യം. ക്രിസ്തു മരണത്തെ ഇല്ലാതാക്കാൻ വന്നവനല്ല എന്നാൽ മരണത്തെ അതിജീവിച്ചവനാണ്. അതിജീവനം വിശ്വാസത്തിൽ അധിഷ്ഠിതമാണ്. അതാണ് ഉയിർപ്പിന്റെ സന്ദേശം.

വിമലാംബിക ഫോർമേഷൻ ഹൗസ്, കോട്ടയം

ആഘോഷത്തിൽനിന്നും അനുഭവത്തിലേക്കുള്ള ചുവടുമാറ്റമായിരുന്നു ഈ വർഷം ഈസ്റ്റർ. ആരവങ്ങളുടെയും ആഘോഷങ്ങളുടെയും ശബ്ദ കോലാഹലങ്ങളിൽനിന്നും മാറി ആടിയുലയുന്ന വഞ്ചിയിൽ ശാന്തനായി ഉറങ്ങുന്ന, ശിഷ്യർക്ക് ശാന്തത നൽകുന്ന ക്രിസ്തുവിനെ ഈ തിരുന്നാളിൽ കണ്ടുമുട്ടി. നിശബ്ദരായി പ്രാർത്ഥിക്കുന്ന നമ്മുടെ സഹോദരങ്ങളെ ആത്മനാദർശിച്ചു അവരുടെ ശബ്ദമാകാൻ ദൈവംനൽകിയ ദിനങ്ങളായിരുന്നു. മനുഷ്യന്റെ നിസ്സഹായാവസ്ഥയിലും രോഗത്തിലും ക്രിസ്തു ഉയിർക്കുന്നു ഇരുൾനിറഞ്ഞ മരണ ഭീതിയുടെ താഴ്വരയിൽ ജനഹൃദയങ്ങളിൽ ഉത്ഥിതന്റെ പ്രത്യാശ നാമ്പെടുക്കട്ടെയെന്നു ആശംസിക്കുന്നു.

നിർമ്മല സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം

കർത്താവിന്റെ ഉത്ഥാനം നമുക്ക് പ്രത്യാശ നൽകുന്നുണ്ട്. പുറത്ത് ആരാധനക്രമങ്ങളിൽ കണ്ടെത്തിയിരുന്ന ദൈവത്തെ അടച്ചിട്ട ഭവനങ്ങളിൽ ഉള്ളിൽ ദർശിക്കാനായത് പുതിയ അനുഭവം തന്നെ. അവിടുന്ന് തന്റെ കാരുണ്യാതിരേകത്താൽ യേശുക്രിസ്തുവിന്റെ, മരിച്ചവരിൽനിന്നുള്ള ഉത്ഥാനംവഴി സജീവമായ പ്രത്യാശയിലേക്കും നിങ്ങൾക്കായി സൂക്ഷിക്കപ്പെടുന്ന അക്ഷയവും കളങ്കരഹിതവും ഒളിമങ്ങാത്തതുമായ അവകാശത്തിലേക്ക് നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു (1 പത്രോസ് 1:4.) ഇതാണ് ഈ കോവിഡ് 19-ന്റെ പശ്ചാത്തലത്തിലെ ഈസ്റ്റർ അനുഭവം.

കൂട്ടായ്മയെ ഏറെ വിലമതിക്കുന്ന ഒരു സന്യാസവൈദികനായിട്ടാണ് കാരിസ്ഭവനിലെ അനീഷ് മുണ്ടിയാനിക്കൽ അച്ചന്റെ വാക്കുകളിൽ വായിച്ചെടുക്കാനായത്. അഭിവന്ദ്യ പിതാവിന്റെ ആഗ്രഹത്തിന് പ്രത്യുത്തരം നൽകി എളിമയുടെയും ആദരവിന്റെയും മാതൃകയായി ഈസ്റ്റർ സന്ദേശമയച്ച ഒരേയൊരു സന്യാസവൈദികനോട് ആദരവോടെ നന്ദി അറിയിക്കട്ടെ.

കാരിസ്ഭവൻ ധ്യാനകേന്ദ്രം, അതിരമ്പുഴ

ദൈവജനത്തിന്റെ സാന്നിധ്യമില്ലാതെ പാപസങ്കീർത്തനത്തിനായുള്ള ആൾക്കൂട്ടമില്ലാതെ ആശ്രമത്തിന്റെ നാലു ചുവരുകളിൽ നിർബന്ധിതരായി പൂട്ടിയിടപ്പെട്ട അവസ്ഥയെ വ്യസനത്തോടെയാണ് സ്വീകരിച്ചതെങ്കിലും, ലോകത്തിൽനിന്നും സമൂഹത്തിൽനിന്നും അകലം പാലിച്ചു കൈകൾ കഴുകുന്നതോടൊപ്പം ആത്മാവിനെയും മനസിനെയും ദൈവവചനത്താലും വിശുദ്ധചിന്തകളാലും കുദാശകളാലും കഴുകുവാനായി ദൈവം നൽകിയ ദിവസങ്ങളാണെന്ന ബോധ്യം അധികം വൈകാതെ മനസിലാക്കുവാനായി. മഹാമാരിയിൽ ഉഴലുന്നവർക്കുള്ള പ്രാർഥനയ്ക്കിടയിലും ദൈവാനുഭവത്തിന്റെ വേദിയൊരുക്കിയ വൈറസിനെ ഓർത്തു നന്ദി പറഞ്ഞു. അതിസൂക്ഷ്മ വൈറസിന് ഇത്ര ശക്തിയെങ്കിൽ സൃഷ്ടാവായ ദൈവം എത്രയോ മഹോന്നതൻ എന്നോർത്തുപോയി. എപ്പോഴും പ്രവർത്തിയിൽ ആയിരിക്കുന്ന മാർത്തയിൽനിന്നും കർത്താവിന്റെ കാൽചുവട്ടിലായിരിക്കുന്ന മറിയത്തിലേക്കുള്ള ഒരു മാറ്റത്തിന്റെ ദിനങ്ങൾ. നവമാധ്യമങ്ങളിലൂടെ ദൈവജനത്തിനു യുവതലമുറയ്ക്ക് വചനം നൽകുന്നതിനുള്ള സാധ്യതയും ഈ ദിനങ്ങൾ ബോധ്യമാക്കി. സമൂഹത്തിൽ ദൈവത്താൽ കൂട്ടിച്ചേർക്കപ്പെട്ട 12 സഹോദരന്മാരോടൊത്തു ഊണുമേശയിലും ജോലികളിലും ചർച്ചകളിലും ഏർപ്പെടാൻ കിട്ടിയ നല്ല ദിനങ്ങൾ. ആ കൂട്ടായ്മയുടെ ആസ്വാദ്യകരമായ ആഘോഷമായിരുന്നു 2020-ലെ ഈസ്റ്റർ.

സെന്റ് ജോസഫ്സ് കോൺവെന്റ്, ചിന്നക്കനാൽ

കോവിഡ് 19 എന്ന പീഡാനുഭവകാലം നമ്മുടെ കർത്താവിന്റെ പദ്ധതി തന്നെയാണ്. അതിൽ ഒളിഞ്ഞിരിക്കുന്ന നന്മയുടെ പൂർണ്ണത കാണാൻ നാം കാത്തിരിക്കേണ്ടിയിരിക്കുന്നു. ദുഃഖവെള്ളിക്കു ശേഷമുള്ള ഈസ്റ്റർ സന്തോഷം പോലെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും നല്ല നാളേക്കായി വിശ്വാസപൂർവ്വം പ്രത്യാശയോടെ നമുക്ക് കാത്തിരിക്കാം.

രണ്ടായിരത്തി ഇരുപതാം ആണ്ടിൽ ഒരു ധ്യാനാനുഭവത്തിനു അവസരം നൽകിയ 40 നാളത്തെ കോവിഡ് 19 ലോക്ക് ഡൗൺ സന്യസ്തർക്കും ലോകത്തിനു മുഴുവൻ നിശബ്ദതയുടെ ശാന്തതയുടെ ദൈവാനുഭവത്തിന്റെ അനുഗ്രഹദിനങ്ങളായിരുന്നു. സുന്ദരമായ പുഷ്പങ്ങൾ സുഗന്ധത്തോടെ രാത്രിയുടെ നിശബ്ദതയിൽ വിരിയുന്നു. തിരക്കുകളുടെ ലോകത്തിൽ മനുഷ്യൻ സ്വസ്ഥതയും കൂട്ടും ലാളിത്യവും ഹൃദയം കൊണ്ട് ആഗ്രഹിക്കുന്നു. ലോകം നെടുവീർപ്പുകളും വേദനകളുംകൊണ്ട് നിറയുമ്പോഴും അതിൽനിന്നും നന്മയും നല്ലപാഠങ്ങളും നമുക്ക് പഠിക്കാം . ശൂന്യമായ കല്ലറ സുവിശേഷമാകണമെങ്കിൽ ശൂന്യവൽക്കരണം നമ്മിൽ സംഭവിക്കണം. വരുംകാലം നാം നേരിടാനുള്ള സാമ്പത്തിക പ്രതിസന്ധികളിലും ഇല്ലായ്മകളിലും നമ്മുടെ ലോകത്തിനു നമുക്ക് ശൂന്യവൽക്കരണത്തിന്റെ സുവിശേഷമാകാൻ ഉത്ഥിതൻ നമ്മെ അനുഗ്രഹിക്കട്ടെ. കരുതലും പ്രോത്സാഹനവും ക്രിയാത്മകമായ നിർദ്ദേശങ്ങളും നൽകി ഞങ്ങൾക്ക് ആത്മീയ വിരുന്നൊരുക്കുന്ന അഭിവന്ദ്യ പിതാവിന് ഹൃദയം നിറഞ്ഞ നന്ദിയും ഈസ്റ്റർ ആശംസകളും നേരുന്നു. ■

2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ ലഭിച്ച കത്തേദ്രാത്തിക്കം

1. വൈശ്യഭാഗം 2016–17	12,164.00
2. ആണ്ടുർ 2015–16	7,365.00
3. നെടുങ്ങപ്ര 15–16, 16–17	8,000.00
4. ചങ്ങനാശ്ശേരി	45,000.00
5. പട്ടിത്താനം 17–18	30,000.00
6. പൊതി 16–17	27,697.00
7. ദേവികുളം 16–17, 17–18	13,000.00
8. തിരുവല്ല 17–18	38,957.00
9. ഗുഡാർളെ	8,000.00
10. അമയന്നൂർ 15–16, 16–17, 17–18	50,000.00
11. കഞ്ഞിക്കുഴി ഹോളിഫാമിലി 17–18	3,548.00
12. ചാത്തൻതറ 17–18	17,000.00
13. കവളങ്ങാട് 17–18	22,057.00
14. കുട്ടിക്കാനം 17–18	45,000.00
15. ചിന്നക്കനാൽ 16–17	23,596.00
16. മുണ്ടക്കയം 17–18	1,00,000.00
17. പാക്കിൽ 17–18	50,000.00
18. സൂര്യനെല്ലി 17–18	25,000.00
19. എല്ലപ്പെട്ടി 16–17, 17–18	18,000.00
20. വനവാതൂക്കര 17–18	16,000.00
21. പെരുമ്പാവൂർ 17–18	47,000.00
22. വണ്ടിപ്പെരിയാർ 17–18	60,000.00
23. ചെങ്ങളം 17–18	18,000.00
24. കുറിച്ചി 17–18	39,000.00
25. ഏലപ്പാറ 17–18	24,127.00
26. കട്ടപ്പന 17–18	12,664.00
27. കുമളി 17–18	45,000.00
28. കോഴിപ്പള്ളി 17–18	13,310.00
29. വൈശ്യംഭാഗം 17–18	19,000.00
30. തിരുവഞ്ചൂർ 17–18	11,000.00
31. പൊടിമറ്റം 17–18	30,000.00
32. കട്ടപ്പന 17–18	18,683.00
33. അരണക്കൽ 17–18	8,000.00
34. പൂവം 17–18	30,000.00
35. പെരുമ്പെട്ടി 17–18	5,130.00
36. കല്ലാർ 17–18	38,760.00
37. തെള്ളകം 17–18	21,873.00
38. വടവാതൂർ 17–18	16,000.00

39. നട്ടാശ്ശേരി 17–18	10,800.00
40. ദിണ്ഡികൊമ്പ് 17–18	11,020.00
41. വെള്ളിയാമറ്റം 17–18	6,446.00
42. വാഴൂർ 17–18	12,000.00
43. പെരുവ 17–18	13,700.00
44. കുന്നുംഭാഗം 15–16, 16–17, 17–18	17,500.00
45. വെട്ടിമുകൾ 17–18	12,000.00
46. എലിക്കുളം 17–18	6,400.00

2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ ലഭിച്ച കത്തേദ്രാത്തിക്കം

1. ചിത്തിരപുരം 15–16, 18–19	20,000.00
2. കോഴിപ്പള്ളി	9,454.00
3. വട്ടയാർ 17–18	5,000.00
4. പള്ളിവാസൽ 17–18	10,000.00
5. അടിമാലി 17–18	16,745.00
6. പൊടിമറ്റം 18–19	31,000.00
7. വാഴൂർ 15–16	8,000.00
8. തിരുവല്ല 18–19	50,000.00
9. വെട്ടിമുകൾ 18–19	12,000.00
10. മാരാമൺ 17–18	13,300.00
11. നെടുംങ്ങപ്ര 18–19	7,000.00
12. പ്രൊപ്പോസ് 17–18, 18–19	30,000.00
13. ചാത്തൻതറ 18–19	17,000.00
14. പെരുവ 18–19	12,950.00
15. പാക്കിൽ 18–19	55,072.00
16. വൈശ്യംഭാഗം 2018 സെപ് വരെ	12,000.00
17. പൂവം 18–19	25,000.00
18. ആണ്ടൂർ 16–17, 17–18, 18–19	12,000.00
19. പുല്ലരിക്കുന്ന് 17–18, 18–19	15,000.00
20. സൂര്യനെല്ലി 18–19	15,000.00
21. തലയാർ 18–19	7,000.00
22. കാന്തല്ലൂർ 18–19	7,660.00
23. വാഗമൺ 18–19	15,800.00
24. അടിമാലി 18–19	12,000.00
25. വൈശ്യംഭാഗം	20,000.00
26. കുറിച്ചി 18–19	27,517.00
27. കവളങ്ങാട് 17–18	19,000.00
28. കുറുമുള്ളൂർ 17–18, 18–19	40,000.00
29. തിരുവഞ്ചൂർ 18–19	19,000.00

30. മൂവാറ്റുപുഴ 17–18	12,479.00
31. മാരാമൺ 18–19	25,000.00
32. വനവാതൂക്കര 18–19	11,120.00
33. വടവാതൂർ 18–19	14,220.00
34. വണ്ടിപ്പെരിയാർ 18–19	35,000.00
35. അരണക്കൽ 18–19	8,000.00
36. ചിന്നക്കനാൽ 18–19	26,874.00
37. ശാന്തൻപാറ17–18, 18–19	18,000.00
38. പാല 18–19	9,000.00
39. മുണ്ടക്കയം 18–19	1,00,000.00
40. പാല 17–18, 18–19	7,000.00
41. പെരുമ്പാവൂർ 18–19	66,000.00
42. കവളങ്ങാട് 18–19	14,930.00
43. ചപ്പാത്ത്	27,036.00
44 കട്ടപ്പന 18–19	21,350.00
45. കോഴിമല 18–19	8,306.00
46. ഏലപ്പാറ 18–19	28,100.00
47. പാമ്പനാർ 17–18	54,000.00
48. ചെങ്ങളം	14,000.00
49. കുന്നന്താനം 18–19	10,000.00
50. എലിക്കുളം 18–19	7,800.00
51. തെള്ളകം 18–19	24,000.00
52. വാഴൂർ 18–19	6,225.00
53. പൊതി 17–18, 18–19	71,080.00
54. ചങ്ങനാശ്ശേരി 18–19	50,000.00
55. കുമളി 18–19	45,000.00
56 വെള്ളിയാമറ്റം 18–19	6,300.00
57 മറയൂർ 18–19	23560.00

അഭിവന്ദ്യ ബനവന്തുര അരാന പിതാവിന്റെ ചരമവാർഷികദിന പ്രാർത്ഥന

ഇടവക വാർത്തകൾ

വനിതാ ദിനാഘോഷം – വനവാതുക്കര

കെ.എൽ.സി.ഡബ്ല്യു.എ. യുടെയും വിജയ് അയൽക്കൂട്ടങ്ങളുടെയും സംയുക്താഭിമുഖത്തിൽവനിതാദിന പരിപാടികൾ നടത്തി.രക്ഷാധികാരി റവ.ഫാ. മാത്യു വെങ്ങാലൂർ വനിതാദിന സന്ദേശം നൽകി. കെ.എൽ.സി. ഡബ്ല്യു.എ. യിലെ മുതിർന്ന വനിത ശ്രീമതി. മോളി ജോണിനെ പൊന്നാട അണിയിച്ച് ആദരിച്ചു. സംയോജിത പ്രസിഡൻറ് ശ്രീമതി ഷീബ കെ. എൽ.സി.ഡബ്ല്യു.എ. സെക്രട്ടറി ശ്രീമതി സിനു സജി, പി.ഡി.സി. സെക്രട്ടറി ശ്രീമതി ജൂലിയറ്റ് ടോമി, ആനിമേറ്റർ ശ്രീമതി അന്നമ്മ പീറ്റർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

തിരുബാലസഖ്യദിനത്തിൽ പൊതി യൂണിറ്റിലെ കുട്ടികൾ വികാരി ഫാ.ഔസേഫ് പുത്തൻപറമ്പിലിനോടൊപ്പം

സെന്റ് സെബാസ്റ്റ്യൻ കല്ലൂപ്പാറ ദേവാലയത്തിൽ തിരുബാല സഖ്യ ദിനം ആചരിച്ചു

തിരുബാല സഖ്യദിനം ദിവ്യബലിക്കു തിരുബാല സഖ്യം അംഗങ്ങൾ നേതൃത്വം നൽകി. ബഹുമാനപ്പെട്ട വികാരിയച്ചൻ ആന്റണി കനകമംഗലം കുട്ടികളെ പ്രത്യേകമായി അനുമോദിക്കുകയും കുട്ടികൾക്കുവേണ്ടി ദിവ്യബലിയിൽ പ്രാർത്ഥിക്കുകയും ചെയ്തു. കുട്ടികളുടെ പരിശ്രമത്തിൽ അവർ ശേഖരിച്ച വിശുദ്ധരുടെ ലഘു ജീവചരിത്രം 'സാങ്തൊരും ' എന്ന കയ്യെഴുത്തുമാസിക വികാരിയച്ചൻ പ്രകാശനം ചെയ്യുകയും. കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

മറയൂർ മേഖലയിൽ കുടുംബ കൂട്ടായ്മ സംഗമം നടത്തി

തലയാർ, മറയൂർ, ദിണ്ടുകൊമ്പ്, പയസ്നഗർ, കാന്തല്ലൂർ എന്നീ ഇടവകകളിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി മേഖലാതല സംഗമം 2020 ഫെബ്രു. 23, ഞായറാഴ്ച മറയൂർ സെന്റ് മേരീസ് കോൺവെന്റ് ഹാളിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30ന് പൊതുസമ്മേളനത്തെ തുടർന്ന് രൂപതാ ചാൻസലർ ബഹു. മോൺ ജോസ് നവസ് സെമിനാർ നയിച്ചു. രൂപതാ വികാരി ജനറൽ ബഹു. മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ സന്നിഹിതനായിരുന്നു. 170 പേർ മേഖലയിൽ നിന്ന് കൂട്ടായ്മ സംഗമത്തിന് പങ്കെടുത്തു. വൈകിട്ട് 3 മണിക്ക് മറയൂർ സെന്റ് മേരീസ് ദൈവാലയ

ത്തിൽവച്ച് ആഘോഷമായ ദിവ്യബലി വികാരി ജനറൽ അച്ചന്റെ മുഖ്യകാർമികത്തിൽ അർപ്പിക്കപ്പെട്ടു. മേഖലയിലെ വൈദീകരായ ബഹു. ഫൊറോന വികാരി ജോസ് കൈതക്കുഴി അച്ചൻ, സേവ്യർ പാപ്പാളിയിലച്ചൻ, ജോയി കൊളുത്താടി അച്ചൻ, ലീനോസ് ബിവേര അച്ചൻ, ബ്രിട്ടോ വില്ലുകുളം അച്ചൻ എന്നിവരും സന്നിഹിതരായിരുന്നു.

മറയൂർ മേഖലയിൽ തിരുബാലസഖ്യസംഗമം നടത്തി



തലയാർ, മറയൂർ, ദിണ്ടുകൊമ്പ്, പയസ്നഗർ, കാന്തല്ലൂർ എന്നീ ഇടവകകളിലെ തിരുബാലസഖ്യ കുട്ടികൾക്കായി മേഖലാതല സംഗമം 2020 ഫെബ്രു. 23, ഞായറാഴ്ച മറയൂർ സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. രാവിലെ 10.00 ന് രൂപതാ വികാരി ജനറൽ ബഹു മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് രൂപതാ കോൺഗ്രിഗേഷൻ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പാട്ടിലൂടെയും ആക്ഷൻ സോംഗിലൂടെയും ക്ലാസുകൾ നടത്തി. 96 കുട്ടികൾ മേഖലയിൽ നിന്ന് പങ്കെടുത്തു. വൈകുന്നേരം 3 മണിക്ക് ആഘോഷമായ ദിവ്യബലി വികാരി ജനറൽ അച്ചന്റെ മുഖ്യകാർമികത്തിൽ അർപ്പിക്കപ്പെട്ടു. രൂപതാ ചാൻസിലർ ബഹു. മോൺ. ജോസ് നവസും മേഖലയിലെ ബഹു വൈദീകരും സന്നിഹിതരായിരുന്നു.

അഭിനന്ദനങ്ങൾ

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് ഇക്കണോമിക്സിൽ പി.എച്ച്.ഡി ലഭിച്ച ചങ്ങനാശേരി, പൂവം സെന്റ് ജോസഫ് ഇടവകാംഗമായ **ബിപിൻ ബാബു.** നടുവിലപ്പറമ്പിൽ ബാബു ജോസഫിന്റെയും പുഷ്പമ്മ ബാബുവിന്റെയും മകനാണ്.

തിരുബാലസഖ്യദിനാഘോഷം – എലിക്കുളം

2020 ഫെബ്രുവരി 9-ാം തീയതി തിരുബാലസഖ്യദിനം സമുചിതമായി ആഘോഷിച്ചു. കുട്ടികൾ ദിവ്യബലിക്കു നേതൃത്വം നൽകി. സുവിശേഷ പ്രസംഗത്തിനുശേഷം വികാരി റവ. ഫാ. ഗ്രിഗരി കൂട്ടുമ്മേൽ കുട്ടികൾക്കു ബാഡ്ജ് നല്കുകയുണ്ടായി. കുട്ടികൾ ഉണ്ണീശോയുടെ സന്നിധിയിലായിരിക്കുവാൻ സുകൃത ജപങ്ങളടങ്ങിയ ചെറു പുസ്തകങ്ങളും കൊടുക്കുകയുണ്ടായി. മാത്രമല്ല വിവിധ കലാ പരിപാടികളും കളികളും നടത്തി. തിരുബാലസഖ്യദിനം കുട്ടികളുടെ ദിനമായി ആചരിച്ചു.

കൊറോണ

കവിത

റെയ്ച്ചൽ പീറ്റർ
കുറ്റിക്കാട്ടിൽ

കൊറോണയെന്ന മഹാമാരിയെ
നമ്മിൽ നിന്നും അകറ്റിടുവാനായ്
ആരോഗ്യസംഘം മുഴുവനും സർക്കാരും
പൊലീസ് ഡിപ്പാർട്ടുമെന്റും കൂടെയുണ്ട്.
എന്നാലും സർവ്വേശൻ നമ്മോടുരുൾ ചെയ്തു
ഭയപ്പെടേണ്ട ഞാൻ കൂടെയുണ്ട്.
യാക്കോബിൻ വാത്സല്യമകനാകും ജോസഫും
ലോക് ഡൗൺകാലം തരണം ചെയ്തു
സഹോദരങ്ങളും ഫറവോ രാജാവും
ജോസഫിനെ ലോക് ഡൗണിലാക്കി
കർത്താവിൻ കൃപയാൽ ജോസഫിനെ
നീതിയിൽ മന്ത്രിയായ് വാഴ്ത്തിടുന്നു
ദാനിയേൽ എന്ന പ്രവാചകനും
ഷദ്രക് മെഷാക് അബേദ്ഗോവിനും
വന്നല്ലോ ദുരിതത്തിൽ ലോക് ഡൗൺകാലം
വന്നല്ലോ ദുരിതത്തിൽ ലോക് ഡൗൺകാലം
കർത്താവിൻ ആശ്രയം വെച്ചതിനാൽ
തീച്ചൂളയിൽ നിന്നും വീണ്ടെടുത്തു
ഇങ്ങനെ സഹനത്തിൽ കാലങ്ങൾക്ക് ശേഷം
മഹത്വത്തിൻ നാൾ വരും നമ്മൾക്കായ്
വിനാശത്തിൻ കൊടുങ്കാറ്റും പോകുംവരെ
അങ്ങയുടെ ചിറകടിയിൽ വസിച്ചിടും ഞാൻ

മതബോധനരംഗം

പ്രിയമതാധ്യാപകരേ,

ലോക്ഡൗൺകാലത്തെ ബൈബിൾ വായനയുടെയും പഠനങ്ങളുടേയും വെളിച്ചത്തിൽ രണ്ട് ടാസ്കുകൾ നൽകുന്നു.

1. സമ്പൂർണ്ണ ബൈബിളിൽ നിന്നും 75 ചോദ്യങ്ങളും 25 പൊതു ചോദ്യങ്ങളുമടങ്ങിയ ക്വിസ് ചോദ്യങ്ങൾ മേഖല വാട്സാപ്പിൽ ഇടുന്നതായിരക്കും. ഉത്തരങ്ങൾ നൽകേണ്ട വാട്സാപ്പ് നമ്പർ: **9447388571, 9633643181. ആദ്യം ശരിയുത്തരം നൽകുന്ന 10 പേർക്ക് സമ്മാനം നൽകുന്നതായിരിക്കും.**
2. 2019-20 വർഷത്തിൽ നിങ്ങൾ പഠിപ്പിച്ചിരുന്ന ടെക്സ്റ്റ് ബുക്കിന്റെ ഒരു അവലോകനം (5 പേജിൽ കവിയാതെ) എഴുതി എല്ലാ അധ്യാപകരും ജൂലൈ അവസാനത്തെ ആഴ്ച ഓഫീസിലേക്ക് അയയ്ക്കുക.
പേര്, ഫോൺനമ്പർ, ഇടവക എന്നിവ രേഖപ്പെടുത്തിയിരിക്കണം.

മതബോധന വിദ്യാർത്ഥികൾക്ക് - 4 മുതൽ ഡിഗ്രി ക്ലാസ് വരെ

1. സമ്പൂർണ്ണ ബൈബിളിൽ നിന്ന് 75 ചോദ്യങ്ങൾ ഉൾപ്പെടുന്ന ക്വിസ് മത്സരം വാട്സപ്പിൽ ഉത്തരം നൽകുക. പേര്, ക്ലാസ്, ഇടവക എഴുതിയിരിക്കണം. ഓരോമേഖലയിൽ നിന്നും ആദ്യം മൂന്നുപേർക്ക് സമ്മാനം നൽകുന്നതായിരിക്കും. അയയ്ക്കേണ്ട നമ്പർ : 9447388571, 9633643181
2. കഴിഞ്ഞ വർഷം പഠിച്ച പാഠങ്ങളിൽ നിന്നും എന്തു ബോധ്യം ലഭിച്ചു എന്ന് 2 പേജിൽ കവിയാതെ എഴുതി നൽകുക. പേര്, ക്ലാസ്, ഇടവക എന്നിവ എഴുതി ജൂലൈ അവസാനത്തെ ഓഫീസിൽ എത്തിക്കുക.



ജൂൺ

ജന്മദിനാശംസകൾ

03	ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട്
04	ഫാ. പീറ്റർ പാലയ്ക്കൽ
05	ഫാ. വർഗീസ് മറ്റപ്പിള്ളിൽ
06	ഫാ. ജോസഫ് പൂവത്തുകാട്
07	ഫാ. ജോൺ മറ്റുപ്പിള്ളിൽ
10	ഫാ. പീറ്റർ നെൽസൺ
14.	ഫാ. അൽഫോൻസ് ചക്കാലയ്ക്കൽ
16	ഫാ. അഗസ്റ്റിൻ കല്ലറയ്ക്കൽ
17	ഫാ. വിക്ടർ ജോജ്ജറ്റ് മേജർ
19	ഫാ. ജസ്റ്റിൻ പിൻഹീരോ
21	ഫാ. ഇമ്മാനുവൽ ചെമ്പാറയിൽ
25	ഫാ. ജോർജ് പുത്തൻപറമ്പിൽ
25	ഫാ. ജോസഫ് കാനപ്പിള്ളി
28	ഫാ. തോമസ് പഴവക്കാട്ടിൽ
30	ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ

വി.എസ്.എസ്.എസ്. വാർത്തകൾ

കോവിഡ് – 19 ദുരിതാശ്വാസ പ്രതിരോധ പ്രവർത്തനങ്ങൾ

വിജയപുരം സേഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ലോക്ഡൗൺ കാലത്ത് സാനിറ്റൈസർ, മാസ്ക് എന്നിവ നിർമ്മിച്ചു വിതരണം ചെയ്തു. പ്രവർത്തനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. 1000 രൂപായുടെ ഭക്ഷ്യവസ്തുക്കളടങ്ങിയ 1600 കിറ്റുകൾ അർഹരായവർക്ക് വിവിധ ഇടവകകൾ കേന്ദ്രീകരിച്ചു നൽകി. ഇവയ്ക്കു പുറമേ ഓഫീസിൽ സഹായമഭ്യർത്ഥിച്ചുവന്ന ഏതാനും കുടുംബങ്ങൾക്കും ഭക്ഷ്യക്കിറ്റുകൾ നൽകുകയുണ്ടായി. ജനപ്രതിനിധികൾ വഴിയും സഹായമെത്തിച്ചുനൽകി.

ആനിമേറ്റർമാർ സ്വയം സഹായാംഗങ്ങൾ, ആശാകിരണം വോളണ്ടിയർമാർ, ബാലവേദി അംഗങ്ങൾ എന്നിവർ ജൈവ പച്ചക്കറികൾ നട്ടു പിടിക്കുകയും അയൽവാസികൾക്കു പങ്കുവയ്ക്കുകയും ചെയ്തുകൊണ്ടു മാതൃകയായി. കോവിഡ് പ്രതിരോധത്തിലേർപ്പെട്ടിരിക്കുന്ന ആരോഗ്യ പ്രവർത്തകർ, പോലീസ്, അഗ്നിശമസേനാംഗങ്ങൾ, ശുചീകരണത്തൊഴിലാളികൾ തുടങ്ങിയവർക്ക് വ്യക്തിഗതമായി ആദരമർപ്പിച്ച് ബാലവേദി അംഗങ്ങൾ കത്തുകൾ ജലച്ചായാചിത്രങ്ങൾ മുതലായ രചനകൾ കോട്ടയം പോസ്റ്റൽ സർക്കിളിന്റെ സഹായത്തോടുകൂടി എത്തിച്ചത് അഭിമാനകരമായ വേറിട്ടൊരു പ്രവർത്തനമാണ്.

പൊൻകുന്നം സ്പെഷ്യൽ ജയിലിലെ തടവുകാർക്ക് മാസ്ക് നിർമ്മിക്കുവാനുള്ള തയ്യൽ മിഷൻ ലഭ്യമാക്കി. കടുത്തുരുത്തി, പാണ്ടനാട് എന്നിവിടങ്ങളിലെ സമൂഹ അടുക്കള പ്രവർത്തനങ്ങളിൽ സ്വയം സഹായാംഗങ്ങളും സേവനം ചെയ്തുവരുന്നു.



പൊൻകുന്നം സ്പെഷ്യൽ സബ്ജയിലിൽ മാസ്ക് നിർമ്മിക്കുന്നതിനുള്ള തയ്യൽ മെഷിൻ സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ അസി. ജയിൽ ഓഫീസർ അഭിരാജിനു കൈമാറുന്നു.

ബാലവേദിയംഗങ്ങളുടെ ജലച്ചായ ചിത്രങ്ങൾ

വീ ഷെയർ ഗുണഭോക്താക്കളായ റോസമ്മ ഫ്രാൻസിസ്, പുഷ്പഷാജി എന്നിവർ പച്ചക്കറിത്തോട്ടത്തിൽ

വീ. ഷെയർ വരുമാന വർദ്ധക സംരംഭം വസ്ത്ര വ്യാപാരം എൽസി ബെന്നി പട്ടിത്താനം

വിവിധ അടുക്കളത്തോട്ടങ്ങളിൽ നിന്ന്

കോട്ടയം നിർമ്മല സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ
മാസ്ക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അഭ്യുദയകാംക്ഷികളും ചേർന്ന് കോട്ടയം നഗരസഭയിലെ 14-ാം വാർഡിലെ 225 നിർദ്ധന കുടുംബങ്ങൾക്ക് നൽകിയ ഭക്ഷ്യകിറ്റുകളുടെ വിതരണ ഉദ്ഘാടനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. നിർവ്വഹിക്കുന്നു.

ഏറ്റുമാനൂർ ഉപജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് തയ്യൽ പരിശീലനം നൽകുന്നതിനായി വി.എസ്.എസ്.എസ്. നൽകിയ തയ്യൽ മെഷീനുകൾ ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഏറ്റുമാനൂർ ബ്ലോക്ക് പ്രോഗാം ഓഫീസർക്ക് കൈമാറുന്നു.

ഗ്രാമീണ സ്വാശ്രയനിധി

ജനകീയ വികസന സമിതികളുടെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് രൂപീകരിക്കപ്പെട്ട ധനവിനിമയ സംവിധാനമായ ഗ്രാമീണ സ്വാശ്രയനിധിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി കോട്ടയം മേഖലയ്ക്കായി സംഘടിപ്പിക്കപ്പെട്ട പരിശീലനശില്പശാല വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്രകാര്യാലയമായ അമലനിലയത്തിൽ സൊസൈറ്റി അസി. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിലും, പട്ടിത്താനം മേഖലയ്ക്കായി നടന്ന പരിശീലന പരിപാടി പട്ടിത്താനത്ത് ഫാ. സ്റ്റീഫൻ പുത്തൻപറമ്പിലും ഉദ്ഘാടനം ചെയ്തു. പ്രോജക്ട് ഓഫീസർ കെ.പി.ജോൺ, കോ.ഓർഡിനേറ്റർ രാജു റ്റി.കെ. എന്നിവർ ക്ലാസുകൾ നയിച്ചു. എഴുപതുപേർ പങ്കെടുത്തു.

ആശാകിരണം പദ്ധതിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ചു നൽകിയ തുക

പൂവം 5260/-, എലിക്കുളം 850/-, നട്ടാശ്ശേരി -680/-,
പൊടിമറ്റം 2140/-, നെടുമുടി - 700/-, ഇടമൺ- 1000/-,
ആണ്ടൂർ- 1390/-, കാഞ്ഞിരപ്പാറ- 1000/-,
വെച്ചൂച്ചിറ- 3632/-, വേളൂർ - 10183/-

2019 – ൽ കൂരിയായിൽ സമർപ്പിച്ച സ്പെഷ്യൽ കളക്ഷനുകൾ

		പ്രത്യക്ഷീകരണം	തിരുബാല സഖ്യം	വിശപ്പിനും രോഗത്തിനും എതിരെ	വൈദികദിനം	വിശുദ്ധനാട്	ദൈവവിളി	പത്രോസിന്റെ കാശ്	യുവജനം	നീതി ഞായർ	ബൈബിൾ ഞായർ	മിഷൻ ഞായർ	മാധ്യമം	കെആർഎൽസിസി	കുടുംബ പ്രേഷിതം
1	അടിമാലി	1200	1500	4000	1500	1200	1300	500	500	500	500	30,000	500	500	500
2	അമയന്നൂർ	600	800	800	1500	1000	450	450	450	500	500	25,000	450	450	450
3	ആണ്ടൂർ	850	780	1500	1000	1500	850	820	650	3320	2158	35,417	3454	1908	2288
4	അരണക്കൽ	800	850	2000	4500	4000	1000	1000	1000	1000	1200	80,000	1000	1200	1200
5	ബിയൽറാവ്	1500	1500		3000	2780	1860	1550	1380	1350					
6	ചങ്ങനാശേരി	3500	3250	25,000	8000	5000	3250	3350	3000	3370	4100	60,000	3900	4300	3700
7	ചപ്പാത്ത്	1000	1000	3000	4000	6000	1000	1000	2075	2075	2075	40,000	2075	2075	2075
8	ചാത്തൻതറ	1700	1815	2785	2000	2500	1000	1100	1000	1100	1200	15,500			
9	ചീന്തലാർ	1000	1000	5000		5000	1500	1000	1500	1500	1000	50000	1000	1500	1500
10	ചെങ്ങളം	1000	1000	3000	4000	5000	1000	1000	1000	1000	1000	28,000	1000	1000	1000
11	ചിന്നക്കനാൽ	2300	2250	6130	4650	5200	2900	5200	2700	2500	2060	88,080	2050	2950	2900
12	ചിത്തിരപുരം	3000	2900	4000	8460	5930	4275	2120	2430	2510		108,000	3470	3240	2360
13	ദേവികുളം	3000	3000	3000	3000	3000	3000	3000							
14	ഡിണ്ടിക്കൊമ്പ്	1000	1200	1970	1500	2000	1200	1500	1500	1750	1600	77,777	1800		

15	ഇടമൺ	240	300	250	350	400	250	200	200	300		3800	250	200	200
16	ഇലക്കാട്	700	750	1,700	1600	1400	700	650	700	750	800	8,750	850	700	800
17	ഏലപ്പാറ	3050	3550	7600	4030	5200	3150	3580	2900	3600		200,000	3100		
18	എലിക്കുളം	500	500	1200	2100	2000	500	500	500	500	500	22,000	500	500	500
19	എരുമേലി	1500	2000	1000	2000	2000	1250	2000							
20	ഗുഡാർലേ	1400	910	900	1100	1300	1000	850	1050	850	1050	31,250	1100		
21	ഇടുക്കി	975	1150	1510	6000	2100	1800	920	1100	980	1000	19,200	950	1200	1020
22	കല്ലാർ (വട്ടിയാർ)	400	400	1000	1000	1000	500	500	400	400		35,000			
23	കല്ലാർ (മേരിഗിരി)	1000	1000	15000	15000	10750	500	1250	1000	1250	1000	161,300	1000	1000	1000
24	കാഞ്ഞിരപ്പാറ														
25	കാന്തല്ലൂർ	800	800	1600	800	800	800	800	800	1000	1000	35,000	1000	1000	1000
26	കാട്ടാമ്പാക്ക്														
27	കട്ടപ്പന	4345	3760	6550	4095	4540	4415	3700	4410	3500		26,570	4115	3682	3343
28	കവളങ്ങാട്	2525	2340	9600	3065	4450	3965	3045	2210	2685	2345	30,500	2510	2355	2100
29	കോട്ടയം	4300	4000	6000	4000	12500	2500	3000	2800	3000	3200	409,200	2400	3000	3200
30	കോഴിപ്പിള്ളി			10000	3000	2500						30,000			
31	കുമരകം	1000	1500	2000	2500	2000	1500	1500	1200	1500	1500	22,000	800	800	800
32	കുമളി	4000	4000	7000	11000	10000	3500	3500	4000	3000	3000	300,333	3000	3000	3000
33	കുന്നന്താനം			3500	1700	1500						60,290			
34	കുന്നുംഭാഗം	2000	2300	3000		2000	1015	1050	1000	1300	1025	20,000	1030	1100	1150

35	കുറിച്ചി	4000	4000	15000	9500	10000	4000	4000	4000	4000	4000	64,680	2000	2000	2000
36	കുറുമുള്ളൂർ	2600	2100	4600	3800	3100	3010	1500	750			50,000			
37	കുട്ടിക്കാനം	1500	1500	2300	1600	1400	1200	1500	2000	2000	2000	102,000	2000	2000	2000
38	മടത്തുംഭാഗം			1000	2900	4775						24,340			
39	മധുരവേലി	650	600	600	700	650	600	550	550	600	600				
40	മണ്ണയ്ക്കനാട്			2220	2020	2670	1500	1500	1000	2000	2000				
41	മാരാമൺ	1000	1500	5000	1500	1200	1500	1000	1000	1000	1000	70,000	1000	1000	1000
42	മണർകാട്	550	700	1200	1000	1000	700	650	700	800	750	10,000	700	750	800
43	മറയൂർ			8500		4500	4700	4500	4100	4500		110,500	4200		
44	മുക്കയം	5697	17924	32225	14315	15252	7069	5644	5676	5995	5592	321,000	6098	5569	6303
45	മൂന്നാർ	12640	4500	25000	23340	15000	5000	8070	15780	11710	9600	604,600	14490	12880	10830
46	മുവാറ്റുപുഴ	1000	1000	5000	3500	4100	1000	1000	1000	1000	1000	30,000	1000	1000	
47	നടയ്ക്കൽ	1508	1142	2335	1900	3960	2100	1800	1500	2010	1200	62,050	2000	2090	2300
48	നെടുങ്ങപ്ര	300	250	500	1800	1000	300	300	400	400	300	17,000			
49	നെടുമുടി	1400	1250	3500	2500	2500	1150	1350	1200	1100	1200		1150	1250	1300
50	പാക്കിൽ	3000	3000	14,000	15000	10000	3000	2500	3500	3500	3500	242,950	3000	3000	3000
51	പാലാ	1000	1000	4000	5000	1500	1000	1000	1000	1000	500	40,000	700		
52	പള്ളിവാസൽ					7430	2410	2155	1805	2580		40,000	2100		
53	പാമ്പനാർ	3000	4000	7000	14000	14000	3500	3500	4000	3500	3000	616,000	3000	5000	3500
54	പട്ടിത്താനം	1000	2500	4000	5880	6410	1000	1000	1000	1000	1000	120,000	1000	1000	1000
55	പെരുമ്പാവൂർ	5400	7030	17000	12000	8000	4760	6030	6410	5850	3400	282,200	3080	4200	3620

56	പെരുമ്പെട്ടി	250	250		1050	1150	1000	1000	1000	1000	250	6,850	1000	250	250
57	പെരുവ	1447	1610	3280	2345	2505	2353	1930	1500	1800	1500	15,000	1500	1800	1800
58	പയസ്നഗർ			2000	1100	2500						20,000			
59	പൊടിമറ്റം	2000	2000	6000	5000	4000	3000	2500	2500	3000	2500	25,000	2500	2750	2500
60	പൂവം	2500	2100	11500	7000	3200	2700	2048	4435	4160		125,005	5830	5459	6180
61	പൊതി	1780	1600	5000	5340	13900	2500	2400	1800	3000	2700	41,500		2350	3000
62	പുല്ലരിക്കുന്നു	1000	2000	1500	2000	1500	1500	1500	2605	2705	2300	30,250	2450	2555	2610
63	റാന്നി	470	625	1200	1700	1380									
64	ശാന്തൻപാറ	2895	2794	5615	2518	3115	2439	3000	2031	1990		50,500			
65	സൂര്യനെല്ലി	3000	3000	6000	12000	6000	2500	2000	3000	2500	3000	150,000	2500	2000	2000
66	തലയാർ	800	800	1500	1500	1500	1000	750	750			51,000			
67	തെള്ളകം				4200	4230				3200		72,290			
68	തിരുവല്ല	3800	3528	13055	8084	9090	4600	3980	2000	2000	2000	100,000	2000	2000	2000
69	തിരുവഞ്ചൂർ	2000	2000	4000	7600	4400	2000	2000	2000	2000	2000	54,000	2000	2000	2000
70	തൊടുപുഴ	500	500	4000	2500	2000						50,000			
71	തോപ്രാംകുടി	1250	1800	1000	1000	1500	1000	1000	750	750	750	17,000	750	750	750
72	വടവാതൂർ	1000	750	2000	1500	2000	1000	750	750	750	750	65,000	1000	1000	1000
73	വാഗമൺ	500	500	5000	2000	2000	1000					20,000			
74	വൈശ്യംഭാഗം	1250	1550	17315	15000	3300	2350	2360	1050	3860		51,582			
75	വനവാതുക്കര	2115	2700		4000	6000	2750	2500	2000	1300	1260	44,020	1520	2010	1800

76	വണ്ടിപ്പെരിയാർ	2500	2500	10000	15000	13000	2500	2500	2500	2750	3500	606,060	3000	3000	4000
77	വാഴൂർ	1115	1800	4000	1200	1400	1300	1250	1320			51,500			
78	വെച്ചൂച്ചിറ	500	600	2000	2500	2000	500	550	550	750	550	20,000	400	550	500
79	വെള്ളിയാമറ്റം	2010	2398	2000	2559	3708	800	700	770	800	500	25,855	700	670	860
80	വേളൂർ	1100	1200	1400	7000	5000	1800	1500	1400	1600	1100	10000	1200	1100	1300
81	വെട്ടിമുകൾ	1480	1565	3850	2860	3445	1300								
82	വിശ്വനാഥപുരം	2019	2166	3860	4010	3445	2815	2620	2129	2713	2326	155,551	3057	2963	3123
83	എല്ലുപ്പെട്ടി	1800	2200	2500	2500	3500	2000	1900	2000	2100	2000	66,000	1800	1800	2000
84	ഏന്തയാർ	450	500	1250	4000	1500	550	450	500	500	600	22,200	490	720	620

ഫാ. ജേക്കബ് പുതുപ്പറമ്പിലിന്റെ സംസ്കാര ശുശ്രൂഷയിൽ സഹോദരൻ ഫാ. സക്കറിയാസ് പുതുപ്പറമ്പിലും അഭി.പിതാവും

കുരുത്തോല ഞായർ ദിവ്യബലി

തൈലപരികർമ്മ പൂജ

ആദരാഞ്ജലികൾ

ഫാ. ജേക്കബ് പുതുപ്പറമ്പിൽ(89)
മരണം: 3-5-2020

ദുഃഖവെള്ളിയാചരണം

APRIL, MAY 2020
Vol. 13 • Issue 4,5
Published on
25th May 2020

vijayapuradhuthu

(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2020-22
LIC. No. KL/CR/KTM/WPP-03/2020-22
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

MARIAN LADIES HOSTEL
NEAR ST. MARYS CHURCH , MANARCADU, KOTTAYAM,TEL: 9446481514

GREEN DROPS
ALL TYPES OF RO PLANTS & VESSELS
DOMESTIC | COMMERCIAL | INDUSTRIAL-SPARES | SALES& SERVICE
8281676993 | 6282691559 | 9562399736
Cement Jn: Nattakom,Kottayam

ഓരോ വീട്ടിലും ശുദ്ധജലം
ഓരോ കുടുംബത്തിലും സംരക്ഷണം

നിങ്ങളുടെ കുടിവെള്ളത്തിൽ കാണപ്പെടുന്ന മണം, നിറം, കോളീഫോം ബാക്ടീരിയ, ഇരുമ്പിന്റെ അംശങ്ങൾ എന്നിവ കളഞ്ഞു ശുദ്ധീകരിച്ചു നൽകുന്നു.

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180